79

# സാഹിത്യകുശലൻ ശേഷഗിരിപ്രഭു

ആർ. മാധവപ്പൈ

SREE NARASIMHA VILASAM BOOK DEPOT
THURAVOOR - T. C. S.

RE. 1-0-0

# സാഹിത്യകുശലൻ

# ശേഷഗിരിപ്രഭു

NATIONAL BOOK STALL * KOTTAYAM * SPCS LTD.

# SAHITHIA KUSALAN SESHAGIRI PRABHU

BY

R. Madhava Pai

THURAVOOR

FIRST PUBLISHED APRIL 1943

RE-PRINTED JANUARY 1956

SECOND IMPRESSION

1000 COPIES

SREE NARASIMHA VILASAM BOOK DEPOT

THURAVOOR-T. C. S.

# സാഹിത്യകുശലൻ
# ശേഷഗിരിപ്രഭു

ആർ. മാധവപ്പൈ

തുറവൂർ

ശ്രീനരസിംഹവിലാസം ബുക്കുഡിപ്പോ

തുറവൂർ - T. C. S.

ഒരുറുപ്പിക

# മാധവപ്പൈയുടെ കൃതികൾ

| | |
|---|---|
| ദ്രോണർ | * |
| അമ്മായി അമ്മ | * * * |
| സഹകരണ ദീപിക | * |
| വാല്ലുസഹായി | * * |
| നമ്മുടെ സഹകരണസംഘങ്ങൾ | * |
| സഹകരണപ്രവേശിക | * |
| ജാലവിദ്യകൾ | * * |
| അപരാധിനി | * * |
| കളികൾ | * |
| സാഹിത്യകുശലൻ ശേഷഗിരിപ്രഭു | * * |
| ബാലാരാമം | * |
| ചരിത്രപാഠങ്ങൾ | * * * |
| എക്സ്റേ | * * |
| സ്വധർമ്മസുധ | * |
| ലൈബ്രേറിയൻ | * * |
| വയോജനവിദ്യാഭ്യാസം | * |
| ശ്രീമത് സുകൃതീന്ദ്രതീർത്ഥസ്വാമികൾ | * |
| ഫൗണ്ടൻപേന | * |

* ഈ അടയാളം എത്ര പതിപ്പെന്നു കാണിക്കുന്നു.

THE SAHODARAN PRESS, ERNAKULAM

# വിഷയവിവരം


i. അവതാരിക — മഹാകവി ഉള്ളൂർ

ii. An Appreciation

Dr. V, Nagoji Rao, M. B. & C. M.

iii. Foreword

N. G. Narayana Rao, B. A., B. L.

iv. അഭിനന്ദനം

എൻ. കൃഷ്ണക്കമ്മത്ത് B. A., B. L.

v. ആമുഖം

ഏ. രാമപ്പൈ M. A., B. L.

| | | |
|---|---|---|
| | | വശം |
| 1. | ഉപോദ്ഘാതം | 25 |
| 2. | ജീവിതകാലം | 30 |
| 3. | ഗ്രന്ഥകാരൻ | 37 |
| | വത്സരാജചരിതം | 38 |
| | ശ്രീഹർഷചരിതവും നാഗാനന്ദവും | 45 |
| | വേദവ്യാസൻ | 47 |
| | സീത, സാവിത്രി, ഉമ | 50 |
| 4. | വൈയാകരണൻ i. കേരളപാണിനിയവിമർശം | 55 |
| 5. | വൈയാകരണൻ ii. വ്യാകരണഗ്രന്ഥങ്ങൾ | 62 |
| | ബാലവ്യാകരണം | 63 |
| | വ്യാകരണമിത്രം | 65 |
| | വ്യാകരണാദർശം | 69 |
| | ശിശുമോദകം | 70 |
| | ബാലാമൃതം | 71 |

| | | |
|---|---|---|
| 6. | സമുദായോത്തേജകൻ | 73 |
| | സമുദായചരിത്രം | 75 |
| | മതപ്രസംഗങ്ങൾ | 76 |
| | ഋഗ്വേദിവിവാഹപ്രയോഗം | 77 |
| | വേദവേദാംഗശാല | 82 |
| | സന്ധ്യാവന്ദനഭാഷ്യം | 86 |
| 7. | മാതൃഭാഷാപ്രണയി | 88 |
| 8. | ലേഖകൻ | 92 |
| 9. | സ്മാരകങ്ങൾ | 101 |
| 10. | പൊതുജനാഭിപ്രായങ്ങൾ | 107 |
| 11. | സന്താനസമ്പത്ത് | 115 |
| 12. | ഉപസംഹാരം | 116 |

# അവതാരിക

ശ്രീമാൻ തുറവൂർ ആർ. മാധവപ്പൈ രചിച്ച "സാഹിത്യകുശലൻ ശേഷഗിരിപ്രഭു" എന്ന ജീവിതചരിത്രഗ്രന്ഥത്തെ സഹൃദയസമക്ഷം അവതരിപ്പിക്കുന്നതിൽ എനിക്കുള്ള ആനന്ദം അവാങ്മനസഗോചരമാകുന്നു.

ശ്രീ: മാധവപ്പൈ എന്റെ ആത്മാർത്ഥമായ വാത്സല്യത്തിനു പണ്ടുതന്നെ പാത്രീഭവിച്ചിട്ടുള്ള ഒരു യുവാവായ സാഹിതീഭക്തനാണ്. തന്റെ സമുദായത്തേയും, നാട്ടിനേയും, മലയാളഭാഷയേയും വിനയസമ്പന്നനും വിജ്ഞാനേച്ഛുവുമായ അദ്ദേഹം യഥാശക്തി നിരന്തരമായും നിസ്തന്ദ്രമായും സേവിക്കുന്നുണ്ടു്. എളിയനിലയിൽ ഇരുന്നുകൊണ്ടു് വലിയകാര്യങ്ങൾ ചെയ്യുവാൻ ആ ഉത്തിഷ്ഠമാനൻ എല്ലായ്പോഴും അഭിനന്ദനീയമായ കൃത്യബോധത്തോടും ക്ലേശസഹിഷ്ണുതയോടുംകൂടി പ്രയത്നിക്കുകയും ആ പ്രയത്നങ്ങളിൽ പലതും ഫലവത്തുകളാക്കുകയും ചെയ്തിട്ടുള്ളതായി എനിക്കറിയാം. യഥാർത്ഥമായ സമുദായാഭിമാനം അദ്ദേഹത്തിന്റെ നൈസർഗ്ഗികങ്ങളായ സിദ്ധിവിശേഷങ്ങളിൽ പശ്ചിമമല്ല. അതിന്റെ ഫലമായിമാത്രമാണ് യശശ്ശരീരനായ ശേഷഗിരിപ്രഭു അവർകളുടെ ഈ ജീവചരിത്രം അദ്ദേഹം നിർമ്മിച്ചതെന്നു് എനിക്കു വിവക്ഷയുണ്ടെന്നു് ആരും തെറ്റിദ്ധരിക്കരുതു്. ഭാഷാസാഹിത്യത്തിന്റെ നേ

ക്കുള്ള പരിപൂൎണ്ണമായ ഭക്തിപാരവശ്യവും വീരാരാധനവിഷയത്തിലുള്ള അത്യുൽക്കടമായ ഔൽസുക്യവിജൃംഭണവുംകൂടി അതിൻെറ കാരണാന്തരങ്ങളാണെന്നു് ഞാൻ കരുതുന്നു.

വളരെക്കാലം എൻെറ ഒരു വന്ദ്യസുഹൃത്തായിരുന്ന സാഹിത്യകുശലൻ ശേഷഗിരിപ്രഭു അവർകളെപ്പററിവക്തവ്യമായി എനിക്കു തോന്നീട്ടുള്ളതുമിക്കവാറും ഞാൻ അദ്ദേഹത്തിൻെറ വ്യാകരണമിത്രത്തിനു് ആംഗലേയഭാഷയിൽ എഴുതീട്ടുള്ള അവതാരികയിലും അദ്ദേഹത്തെപ്പററി സാഹിത്യപരിഷത്ത്രൈമാസികത്തിൽ മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഉപന്യാസത്തിലും പ്രസ്താവിച്ചിട്ടുണ്ടു്. ആ പ്രസ്താവനകൾ ഇവിടെ ആവൎത്തിക്കേണ്ട ആവശ്യമില്ലെന്നു മാത്രമല്ല, അവയിൽനിന്നു് അനേകം ഭാഗങ്ങൾ ഈ ജീവിതചരിത്രത്തിൽതന്നെ ഉദ്ധൃതങ്ങളായിട്ടും ഉണ്ടു്. കേരളത്തിൽ ഏററവും താണനിലയിൽനിന്നു സ്വപ്രയത്നം ഒന്നിൻെറ അവലംബംകൊണ്ടുമാത്രം പ്രതികൂലങ്ങളായ എല്ലാ പരിതഃസ്ഥിതികളേയും പടേപടേ തട്ടിനീക്കി ഓരോ നിമിഷവും ഒന്നിനൊന്നുയൎന്നുയൎന്നു വിജയത്തിൻെറ അത്യുച്ചമായ ശൃംഗാഗ്രത്തിൽ എത്തിച്ചേരുവാൻ സാധിച്ച മഹാന്മാരിൽ—നിശ്ചയമായും സരസ്വതീദാസന്മാരായ സാഹിത്യവീരന്മാരിൽ—അദ്ദേഹം അഗ്രഗണ്യമായ ഒരു സ്ഥാനത്തെ ഏതുകാലത്തും അലങ്കരിക്കുമെന്നുള്ളതിൽ പക്ഷാന്തരത്തിനു് അവകാ

ശമില്ല. കേരളീയരായ ഗൌഡസാരസ്വതബ്രാഹ്മണരുടെ ഇടയിൽ അദ്ദേഹത്തെക്കാൾ മികച്ച ഒരു ഭാഷാപോഷണവ്യഗ്രനായ പണ്ഡിതവരേണ്യനെ ഞാൻ അറിയുന്നില്ല. അദ്ദേഹത്തിൽനിന്നും കൈരളീദേവിക്കു അനാഘ്രങ്ങളായ പല വാങ്മയോപഹാരങ്ങൾ ലഭിച്ചിട്ടുണ്ടു്; അവയെ കൃതജ്ഞരായ കേരളീയർ ഒരുകാലത്തും വിസ്മരിക്കുന്നതുമല്ല.

ശേഷഗിരിപ്രഭു അവർകളെപ്പററി ഒരു വൈയാകരണൻ, ഗദ്യകാരൻ, ഉപന്യാസകർത്താവു്, മതാഭിമാനി, സമുദായസേവകൻ തുടങ്ങി പല നിലകളിൽ അവശ്യമായി കേരളീയർ പൊതുവേയും ഗൌഡസാരസ്വതബ്രാഹ്മണർ പ്രത്യേകമായും അറിഞ്ഞിരിക്കേണ്ട എല്ലാ വിഷയങ്ങളെപ്പററിയും ശ്രീ: മാധവപ്പൈ ഈ പുസ്തകത്തിൽ പ്രസന്നകോമളമായ ഭാഷയിൽ നാതിവിസ്തരമായി പ്രതിപാദിച്ചിട്ടുണ്ടു്. അധ്യായങ്ങളുടെ വിഭജനവും പ്രതിപാദ്യങ്ങളുടെ സംവിധാനവും എനിക്കു വളരെ ബോധിച്ചു. ശേഷഗിരിപ്രഭു അവർകളുടെ യശസ്സിൻെറ സമഗ്രവും സർവ്വതോമുഖവുമായ പ്രസരണത്തിനു പ്രസ്തുത ഗ്രന്ഥത്തിൻെറ പ്രകാശനം സഹായകമാകുമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. ഈ ജീവിത ചരിത്രത്തിൻെറനിർമ്മിതിയിൽ ഞാൻ അദ്ദേഹത്തെ ഹൃദയപൂർവ്വമായി അനുമോദിക്കുകയും ഇതുപോലെയുള്ള സൽഗ്രന്ഥങ്ങൾ രചിക്കുവാൻ അദ്ദേഹത്തിനു മേലും യോഗമുണ്ടാകട്ടെ എന്നു പരാശക്തിയോടു ഭക്തിപുരസ്സരം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രഭു അവർകളുടെ ജീവിതചരിത്രത്തിനു ഞാൻ ഒരവതാരിക എഴുതുവാൻ ഇടവന്നതു് ഞങ്ങൾതമ്മിൽ ചിരകാലമായി സമുല്ലസിച്ചിരുന്ന അത്യന്തം ഗാഢമായ മൈത്രീബന്ധത്തെപ്പററി പര്യാലോചിക്കുമ്പോൾ കാകതാലീയമാണെന്നു പറവാൻ നിർവാഹമില്ല. അങ്ങനെയും സ്വർഗ്ഗതനായ അദ്ദേഹത്തിനു് ഒരു സൗഹാർദ്ദകൈങ്കര്യം ചെയ്യുവാൻ സാധിച്ച ഞാൻ എൻെറ താദൃശമായ ഭാഗധേയത്തിൽ ആനന്ദവിവശനാകുന്നു എന്നു കൂടിപ്പറയാഞ്ഞാൽ എൻെറ ആത്മഗതത്തിൻെറ ആവിഷ്കരണം അപൂർണ്ണമായേ ഇരിക്കുകയുള്ളൂ.

ശ്രീമാൻ പൈക്കും അദ്ദേഹത്തിൻെറ ഈ ഗദ്യപ്രബന്ധത്തിനും സർവ്വസിദ്ധികളും ഒന്നുകൂടി ആശംസിച്ചുകൊണ്ടു വിരമിക്കുന്നു.

തിരുവനന്തപുരം
8–1–'43.

ഉള്ളൂർ

## AN APPRECIATION

One's reminiscences as such of a great Soul like the late Madhav Seshagiri Prabhu usually cannot find a place in a book which deals mainly with his literary activities. And when one happens to be a very close relation, he feels peculiarly incompetent to give his thoughts to the press for publication.

But as repeatedly desired by Mr. Pai, I am just penning down a few things which struck me all along as they would strike any ordinary man who knew that Mahatma.

His sturdy independance and courage of conviction were remarkable. While on the one hand this made him a hero admired by one and all, he had, on the other, to endure repeated set backs in his official career. He had even to appear for his M. A. Degree Examination in Sanskrit more than once to get a "Pass"! Why? He had to retire on a comparativily small job! Again why?

His intelligence, studious habits and scholarship were by-word all over Malabar and South Kanara. Even while his wife (first) was ailing from a chronic disease patiently borne to which that revered lady ultimately succumbed he would, after nursing her and looking after his four young children, snatch a few moments now and then at night to apply himself to his books, having the young ones around him and lulling them to sleep.

He was deeply religious, performing his daily pooja regularly. But not at all superstitious. He once literally caught hold of a "Dancing Oracle" very common in those days, in front of the temple Diety at Tellicherry and prevented him from performing his antics to the awe and consternation of the credulous folk who had assembled in large numbers. He risked his very life by the act, but the moral effect on the intelligent youngsters was very great.

An intellectual giant, and in all respects a true *Grihasta* of the type mentioned in our Puranas, his biography ought to have been published long ago. Mr. Madhava Pai in whose hands the work has fallen is fortunate. By writing this book, he not only honours the departed Sahitya-Kusala, but he also does a real service, in more ways than one to the Saraswat residents of the West Coast.

**Dr. V. Nagoji Rao, M. B. & C. M.**
Principal Medical Officer,
Travancore State Forces.

Trivandrum,
19-8-1118

# FOREWORD

When Mr. R. Madhava Pai asked me to write a foreword to his biography of the late lamented Mr. M. Seshagiri Prabhu I readily agreed on account of my genuine respect for the memory of the departed leader with whom I had been long acquainted and for whom I had high admiration and sincere regard. But when I came to know that so high an authority as my esteemed friend, Rao Sahib Mahakavi Ulloor S. Parameswara Iyer had already favoured the author with a foreword I told him that it would be quite superfluous on my part to add another foreword. But Mr. Madhava Pai persisted that I should do so and I had to yield. It is mainly to express my appreciation for the arduous task of Mr. Madhava Pai that I add the following brief preface.

The late Mr. Seshagiri Prabhu was a self-made man in the real sense of the term. He belonged to a respectable but poor family. With much pecuniary difficulty he managed to pass the Matriculation and F. A. Examinations with great credit. He was obliged owing to poverty to stop his collegiate course after he passed the F. A. Examination. He started his career as a Malayalam Munshi on a meagre salary of Rs. 15 per mensum. Subsequently he passed by private study the B. A. and M. A. Degree examinations with distinction. He

gradually rose in his career and at the time of his retirement he occupied one of the highest posts in the Madras Educational Department to which an Indian could then aspire. Even after retirement from Government Service Mr. Prabhu continued his literary activities with great zest. The books he published and the contributions he made to the press bear ample testimony to his undoubted proficiency in English, Malayalam and Sanskrit. The well-known Orientalist, Dr. Ramakrishna Gopal Bhandarkar of international fame had high opinion about Mr. Prabhu's scholarship in Sanskrit literature and grammar. Mr. Prabhu was an ardent student throughout his life. He was a notable example of plain living and high thinking. To see him was to love and respect him. Mr. Prabhu was a great leader of his community and had worked whole-heartedly for its uplift. The gap created in the community by his demise still remains unfilled though it occurred nearly two decades ago. When the death of Mr. Prabhu was announced at the meeting of the Goud Saraswat Brahmin Parishad held at Alleppey in May 1924 under the distinguished Presidency of Swami Suvicharanand (formerly Mr. D. Ganapath Rao of Calicut), the whole audience was plunged into extreme sorrow and excitement. I was present at the meeting and shall never forget this melancholy incident. One of the prominent members of the Parishad — a

devoted admirer of the departed leader-lay down in the Parishad pandel almost unconscious and cried aloud. A condolence resolution was at once passed and a decent contribution in money was voluntarily made by the audience for the purchase of Mr. Prabhu's library. Such was the deep affection and high regard in which the departed leader and scholar was held by his community. In spite of the fact that Mr. Prabhu was an ornament to his community no permanent memorial to his memory has yet come into existence. Many writings of importance left by Mr. Prabhu still remain unpublished. I trust that the Goud Saraswath Brahmin Mahasabha, (the successor of the Parishad) whose main object is the uplift of the community will take steps to remove these defects without further delay.

The task of collecting the manuscripts and arranging and publishing them may be safely entrusted to Mr. Madhava Pai, the author of this brochure. Rao Sahib Mahakavi Parameswara Iyer has in his characteristic and inimitable style expressed his high appreciation of the arduous task of Mr. Madhava Pai in writing this excellent biography of the Scholar and grammarian of Malabar. He begins the book by narrating briefly the life-history of Mr. Prabhu. The various published books of Mr. Prabhu and his contributions to the Malayalam Press are then taken into

consideration and the author's comments on them are very instructive and interesting. The book is written in easy, elegant and attractive style and language. The author has laid his community under deep obligation by producing an interesting life-sketch of an outstanding leader of the community. I have great pleasure in congratulating the author on the success of his task and I trust that the Malayalam knowing Public will extend to him their unstinted help and encouragement.

Trivandrum,
4-7-1118.

N. G. Narayana Rao B. A., B. L.
Retired High Court Judge,

# അഭിനന്ദനം

ദിവംഗതനായ സാഹിത്യകുശലൻ എം. ശേഷഗിരിപ്രഭു അവർകളുടെ പേരു് കേട്ടിട്ടില്ലാത്തവരായി കേരളത്തിൽ ആരുംതന്നെ ഉണ്ടായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. മഹത്തായ ആദർശങ്ങളോടുകൂടി ജീവിതം നയിച്ച ദിവ്യപുരുഷന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. ആ മഹാൻ നമ്മുടെ ഇടയിൽനിന്നും മറഞ്ഞുപോയിട്ടു് ഇപ്പോൾ രണ്ടു ദശാബ്ദങ്ങൾ കഴിഞ്ഞിട്ടും അദ്ദേഹത്തിൻെറ ജീവചരിത്രം പൂൎണ്ണമായി അറിയുന്നതിനു സാമാന്യജനങ്ങൾക്കു സാധിക്കാതെയിരുന്നതു പരിതാപകരമായിരുന്നു. കേരളീയരുടെയും പ്രത്യേകിച്ചു സാരസ്വതബ്രാഹ്മണരുടെയും അഭിമാനസമ്പത്തായിരുന്ന അദ്ദേഹത്തിൻെറ ജീവചരിത്രം ഒരു പുസ്തകരൂപത്തിൽ പ്രസിദ്ധംചെയ്യുന്നതിനു തുനിഞ്ഞതിലും ആയതു് സാമൎത്ഥ്യത്തോടുകൂടിയും ഭംഗിയായും നിൎവ്വഹിച്ചതിലും ശ്രീയുത് ആർ. മാധവപ്പൈ അവർകളെ ഞാൻ ഹാൎദ്ദമായി അഭിനന്ദിച്ചുകൊള്ളുന്നു.

സഹകരണസംബന്ധമായും സാഹിത്യസംബന്ധമായും പല പുസ്തകങ്ങൾ രചിച്ചും പ്രസിദ്ധപ്പെടുത്തിയും, പ്രധാനപത്രങ്ങളിൽ വിജ്ഞേയങ്ങളായ പല ഉപന്യാസങ്ങൾ എഴുതിയും മെഡലുകൾ സമ്പാദിച്ചും മലയാളികൾക്കു സുപരിചിതനായ ശ്രീയുത് ആർ. മാധവപ്പൈ അവർകൾ ശേഷഗിരിപ്രഭു അവർകൾ എഴുതിയതും പ്രസിദ്ധീകൃതമായിട്ടില്ലാത്തതുമായ ഗ്രന്ഥങ്ങൾ ശേഖരിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനു് ഇനിയും ഉദ്യമിക്കുമെന്നും ഈ മാതിരിയുള്ള ശ്രമങ്ങളിൽ മലയാളികൾ പൊതുവേയും സ്വസമുദായാംഗങ്ങൾ പ്രത്യേകിച്ചും അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുമെന്നും ഞാൻ പൂൎണ്ണമായി വിശ്വസിക്കുന്നു. ഈ ഗ്രന്ഥത്തിനും ഗ്രന്ഥകാരനും സൎവ്വമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

എൻ. കൃഷ്ണക്കമ്മെത്തി, ബി. എ., ബി. എൽ.

സെക്രട്ടറി, ശേഷഗിരിസ്മാരകഫണ്ടു്.

# ആമുഖം

മഹാകവി ഉള്ളൂരിൻെറ അവതാരികയാൽ അലംകൃതമായ ഈ ചെറുപുസ്തകത്തിനു് എൻെറ ഒരു ആമുഖത്തിൻെറ ആവശ്യം കൂടി ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ നിർബ്ബന്ധശാലിയായ ഗ്രന്ഥകാരൻ പറയുന്നതു് അവതാരിക സാഹിത്യലോകത്തെ ഉദ്ദേശിച്ചും ആമുഖം സാരസ്വതബ്രാഹ്മണസമുദായത്തെ ഉദ്ദേശിച്ചും ആണെന്നാകുന്നു. അവതാരികയിൽ സ്വയ്യപുരുഷൻെറ സമുദായത്തോടു് ഉപദേശരൂപമായി വേണ്ടതെല്ലാം പ്രസ്താവിച്ചിട്ടുള്ളതിനാൽ ഏതുകൊണ്ടും ഈ ആമുഖം അസ്ഥാനത്തിലാകുന്നു എങ്കിലും ഞാൻ മിത്രധർമ്മം നിർവ്വഹിക്കട്ടെ.

കൊങ്ങിണിമലയാളം പണ്ടേ അസ്സൽ മലയാളികളുടെ പരിഹാസത്തിനു പാത്രമായിട്ടുള്ള സ്ഥിതിക്കു് ഈ സമുദായത്തിൽ ഒരു തികഞ്ഞ മലയാള പണ്ഡിതൻ-കേരളപാണിനീയത്തെ വിമർശിക്കുന്നതിനും, ഇന്നും ഉത്തരകേരളത്തിൽ സർവ്വോൽകർഷേണ വർത്തിക്കുന്ന് വ്യാകരണമിത്രം എന്ന സ്വതന്ത്രവ്യാകരണഗ്രന്ഥത്തെ രചിക്കുന്നതിനും, മദ്രാസ്സു് സർവ്വകലാശാലയിൽ മലയാള ഭാഷാവിഷയത്തിൽ ഒരു മുഖ്യപരീക്ഷകനായിരിക്കുന്നതിനും, കൊച്ചി മഹാരാജാവുതിരുമനസ്സിൽനിന്നും സാഹിത്യകുശലൻ എന്ന ബിരുദം സ്വീകരിക്കുന്നതിനും പ്രാപ്തനായ ഒരു പണ്ഡിതൻ-ജനിച്ചതു ചാരിതാർത്ഥ്യജനകം തന്നെയാണു്.

സാഹചര്യങ്ങളുടെ യാതൊരു സഹായവും ഇല്ലാതെ കേവലം വിദ്യാവ്യസനിത്വംകൊണ്ടുമാത്രം പാണ്ഡിത്യത്തിൻെറ ഉച്ചനിലയെ പ്രാപിച്ച ഈ മഹാൻെറ കാലടികഠം നമ്മുടെ യുവാക്കന്മാൎക്കു് മാൎഗ്ഗദൎശകങ്ങളായിരിക്കേണ്ടതാണു്. നാടകം, കഥകളിപ്പാട്ടു്, കേവലഗായകത്വം മുതലായി ശബ്ദശുദ്ധി ആവശ്യമായിട്ടുള്ള കലകളിൽ വിദഗ്ദ്ധന്മാരായിരുന്ന വ്യക്തികഠം നമ്മുടെ സമുദായത്തിൽ ഈ ഇടക്കാലംവരെയുണ്ടായിരുന്നു. എന്നാൽ ശേഷഗിരിപ്രഭു അവൎകളുടെ ആവിൎഭാവത്തിനുശേഷം മാത്രമാണു് മലയാളികഠം കൊങ്ങിണിമാരെ തങ്ങളുടെ പരിഹാസത്തിനു ലക്ഷ്യമാക്കാൻ മടിച്ചുതുടങ്ങിയതു്. ഇപ്പോഴാകട്ടെ ശമ്മാസഹോദരന്മാർ മുതലായ പല ചെറുപ്പക്കാരായ നല്ല എഴുത്തുകാരും നമ്മുടെ ഇടയിൽ കാണുന്നുണ്ടെങ്കിൽ പ്രഭു അവൎകളുടെ ഉൽകൃഷ്ടമായ ദൃഷ്ടാന്തംകൂടി അതിനു് ഉത്തേജകമായിരുന്നിട്ടുണ്ടു്. മലയാളഭാഷ എടുത്തു എം. ഏ. പരീക്ഷ ജയിക്കാൻ ഒരു യുവസ്സേഹിതൻ സന്നദ്ധനായതിനുള്ള പ്രേരണയും വേറെ ഒരു സ്ഥാനത്തു നിന്നായിരിക്കാൻ ഇടയില്ല.

ശേഷഗിരിപ്രഭു അവൎകളുടെ പാണ്ഡിത്യം അദ്ദേഹത്തിൻെറ ലേഖനങ്ങളിലാണു് തെളിഞ്ഞുകാണുന്നതു്. കേവലം സാഹിത്യസംബന്ധമായ ലേഖനങ്ങളെഴുതി തൃപ്തനായിരിക്കാതെ, പ്രാചീനശാസ്ത്രസംബന്ധമായും ചരിത്ര സംബന്ധമായും അമൂല്യങ്ങളായ പ്രബന്ധങ്ങളെഴുതി വായനക്കാരുടെ വിജ്ഞാനം വൎദ്ധിപ്പിക്കുന്ന വിഷയത്തിലായിരുന്നു അദ്ദേഹം

വ്യാപരിച്ചിരുന്നതു്. ജീവിതത്തെ ഒരു വിനോദരംഗമായിട്ടു വീക്ഷിക്കാതെ ജന്മസാഫല്യം വരുത്താനുള്ള വഴികൾ തേടുന്നതിനുപയോഗിക്കേണ്ടതായ ഒരു വിലയേറിയ വസ്തുവായിട്ടായിരുന്നു അദ്ദേഹം വിചാരിച്ചിരുന്നതു്. അദ്ദേഹത്തിൻെറ ലേഖനങ്ങളുടെയും ഗ്രന്ഥങ്ങളുടെയും അന്തസ്സാരത്തെ ശ്രദ്ധിച്ചു നോക്കുന്ന പക്ഷം ഈ സംഗതി തെളിഞ്ഞുകാണാം. പുരുഷാൎത്ഥങ്ങളെപ്പററിയുള്ള പ്രാചീനഹിന്ദുക്കളുടെ അഭിപ്രായം എന്ന വിഷയത്തെ സംബന്ധിച്ചു പ്രഭു അവർകൾ എഴുതിയ ലേഖനം അദ്ദേഹത്തിൻെറ പക്വമായ പാണ്ഡിത്യത്തിനും ഗൌരവയുക്തമായ മനോഗതിക്കും ഒരുപോലെ സാക്ഷ്യം വഹിക്കുന്നു. ചെറുമക്കളുടെ ഭാഷ, മലയാളത്തിനും പ്രാകൃതത്തിനും തമ്മിലുള്ള സംബന്ധം, കൊങ്ങിണിമാരുടെ ചരിത്രം മുതലായ ലേഖനങ്ങൾ കഥാനായകൻെറ പാണ്ഡിത്യത്തിൻെറ ബഹുമുഖത്വത്തെ വിശദീകരിക്കുന്നുണ്ടു്.

ഇംഗ്ലീഷിലും സംസ്കൃതത്തിലും ഒരുപോലെയുള്ള പാണ്ഡിത്യമാണു് ശാസ്ത്രരംഗങ്ങളിൽ നിർഭയം സഞ്ചരിക്കുന്നതിനു പ്രഭു അവർകളെ പ്രാപ്തനാക്കിത്തീർത്തതു്. അദ്ദേഹം സംസ്കൃതത്തിൽ എം. ഏ. ബിരുദം നേടിയിരുന്നു എങ്കിലും സാധാരണ ബിരുദധാരികളുടെ രീതിയിലുള്ളതല്ലായിരുന്നു അദ്ദേഹത്തിൻെറ വിജ്ഞാനം. അങ്ങനെയായിരുന്നു എങ്കിൽ ഈ ലേഖനങ്ങളെല്ലാം എഴുതുന്നതിനോ കേരളപാണിനീയത്തെ വിമർശിക്കുന്നതിനോ അദ്ദേഹം സന്നദ്ധ

നാവുകയില്ലായിരുന്നു. ഗുരുകുലക്ലിഷ്ടന്മാരായ പ്രാചീനപണ്ഡിതന്മാരുടെ കൂട്ടത്തിലാണു് അദ്ദേഹത്തെ ഗണിക്കേണ്ടതു്.

വിശിഷ്ടന്മാരായ സംസ്കൃതപണ്ഡിതന്മാർ നമ്മുടെ ഇടയിൽ ധാരാളം ഉണ്ടായിട്ടുണ്ടു്. പ്രാചീനന്മാരെപ്പററി ഇവിടെ പരാമർശിക്കണമെന്നു വിചാരിക്കുന്നില്ല. അപ്പ്രാചീനന്മാരുടെകൂട്ടത്തിൽ പ്രായോഗികപാണിനീയം എന്നു പറയാവുന്നതായ സിദ്ധാന്തകൌമുദി എന്ന പ്രസിദ്ധവ്യാകരണഗ്രന്ഥത്തിൻെറ രചയിതാവായ ഭട്ടോജിദീക്ഷിതർ ഇതിനു മൂർദ്ധാഭിഷിക്തമായ ഉദാഹരണമാകുന്നു. ദീക്ഷിതർ കർണ്ണാടകദേശത്തിൽനിന്നും പുറപ്പെട്ടു കാശിയിൽചെന്നു വിദ്യാഭ്യാസംചെയ്തു അവിടെ സ്ഥിരവാസമാക്കിയ ഒരു സാരസ്വത ബ്രാഹ്മണനായിരുന്നു എന്നു ബോംബെയിൽ നിന്നു പ്രസിദ്ധംചെയ്യുന്ന All India Saraswat എന്ന ത്രൈമാസികഗ്രന്ഥത്തിൽ അദ്ദേഹത്തെപ്പററി എഴുതീട്ടുള്ള ഒരു ലേഖനത്തിൽനിന്നു കാണാം. കുറേക്കൂടി അടുത്തകാലത്തേക്കു കടക്കുകയാണെങ്കിൽ ബോംബെ ഹൈക്കോർട്ടിൽ ജഡ്ജിയായിരിക്കുകയും തൻെറ കൃത്യാന്തരങ്ങൾക്കിടയിൽ മാക്സ്മുള്ളരുടെ പൌരസ്ത്യധർമ്മഗ്രന്ഥാവലിയിൽ പ്രസിദ്ധപ്പെടുത്തുന്നതിനു ഭഗവദ്ഗീതയെ ഇംഗ്ലീഷ് പദ്യരൂപത്തിൽ ഭാഷാന്തരം ചെയ്യുന്നതിനും മുദ്രാരാക്ഷസം നാടകത്തിനു ഇംഗ്ലീഷിൽ വിപുലമായ വ്യാഖ്യാനം എഴുതുന്നതിനും സമയം ലഭിച്ച കാശിനാഥത്ര്യംബകതേലംഗിൻെറ നാമധേയം സ്മരണീയമാകുന്നു. ഇൻഡ്യയിലും പുറ

മേയും സംസ്കൃതഭാഷാഭ്യസനം പ്രചരിക്കുന്നതിന് അത്യന്തം ഉപകരിച്ചിട്ടുള്ള ഗ്രന്ഥാവലി രചിച്ചും പ്രാചീനഭാരതീയചരിത്രം സംബന്ധിച്ചും സംസ്കൃത സാഹിത്യം സംബന്ധിച്ചും വിശിഷ്ടമായ പ്രബന്ധങ്ങൾ എഴുതിയും അക്ഷയ്യകീർത്തി സമ്പാദിച്ചിട്ടുള്ള രാമകൃഷ്ണഗോപാലഭണ്ഡാർകർ ലോകത്തിലെ സംസ്കൃത മഹാപണ്ഡിതന്മാരുടെ കൂട്ടത്തിൽ ഗണനീയനാകുന്നു. ഇദ്ദേഹത്തിൻെറ സ്മാരകമായിട്ടാകുന്നു അനേകലക്ഷം രൂപാ ചെലവുചെയ്തു പൂനായിൽ സ്ഥാപിതമായിട്ടുള്ള പൗരസ്ത്യഗവേഷണമന്ദിരം (The Oriental Research Institute) നമ്മുടെ പ്രസ്തുതനായ സ്മൎയ്യപുരുഷൻ കേരളത്തിൽ ജനിച്ചുവളരുകയും തൻെറ ശക്തികളിൽ പ്രധാനഭാഗത്തെ കേരളത്തിൽ വിദ്യാപ്രചരണത്തിനായും കേരളഭാഷയുടെ ആരാധനത്തിനായും വിനിയോഗിക്കേണ്ടിവരികയും ചെയ്തതിനാൽ അദ്ദേഹത്തിനു മററുള്ളവരെപ്പോലെ അഖിലഭാരതപ്രശസ്തി സമ്പാദിക്കാൻ പക്ഷെ, സാധിച്ചില്ലെങ്കിലും അദ്ദേഹത്തിൻെറ സംസ്കൃതപാണ്ഡിത്യം അദ്വിതീയമായിരുന്നു എന്നുള്ളതിൽ സംശയമില്ല.

മതനിഷ്ഠ, സ്വഭാവനൈൎമ്മല്യം, സമുദായക്ഷേമകാംക്ഷ മുതലായ പ്രബല അവർകളുടെ ഗുണങ്ങളെപ്പററി ഗ്രന്ഥശരീരത്തിൽ പ്രതിപാദിച്ചിട്ടുള്ളതിനാൽ അവയെപ്പററി ഇവിടെ യാതൊന്നും ആവൎത്തിക്കേണ്ടതായ ആവശ്യമില്ല. ചുരുക്കിപ്പറഞ്ഞാൽ വിദ്യാവൃദ്ധനും വയോവൃദ്ധനും തപോവൃദ്ധനുമായി കൃതാർത്ഥത പ്രാപിച്ച് ഐഹികവാസം വെടിയാൻ ഭാഗ്യംസിദ്ധിച്ച

ശ്രീ ശേഷഗിരിപ്രഭു അവർകളുടെ ജീവചരിത്രം നമുക്ക് ഒരു ഉത്തമമായ മാർഗ്ഗദർശനമാകുന്നു. പ്രഭു അവർകൾക്കു ജീവിതത്തിൽ നേരിടേണ്ടിവന്നിട്ടുള്ള വിഷമഘട്ടങ്ങളെന്തെല്ലാമാണു്, അവയെ അദ്ദേഹം എങ്ങനെ തരണംചെയ്തു, അദ്ദേഹത്തിൻെറ സ്നേഹിതന്മാരാരായിരുന്നു, അദ്ദേഹത്തിൻെറ ശ്രദ്ധയെ ആകർഷിച്ച സംഗതികൾ എന്തെല്ലാമായിരുന്നു, മനുഷ്യജീവിതത്തിൻെറ ഉദ്ദേശത്തെപ്പററി അദ്ദേഹത്തിൻെറ ആശയങ്ങളെന്തെല്ലാമായിരുന്നു, ഏതെല്ലാം ഉപാധികളാണു് അദ്ദേഹത്തിൻെറ മനഃസ്ഥിതിയെ രൂപീകരിക്കുകയും നിയന്ത്രിക്കുകയും ചെയ്തിട്ടുള്ളതു്, എന്നും മററുമുള്ള വിഷയങ്ങളെ വിശദമായി പ്രതിപാദിക്കുന്ന ഒരു ജീവചരിത്രഗ്രന്ഥം ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. പ്രോത്സാഹനം ലഭിക്കുന്നപക്ഷം ശ്രീ. മാധവപ്പൈതന്നെ അപ്രകാരമുള്ള ഒരു വിശിഷ്ടഗ്രന്ഥം നമുക്കു് പ്രദാനംചെയ്വാൻ പ്രാപ്തനായിത്തീരുമെന്നാശിക്കുന്നതു് അസംഗതമല്ല.

എന്നാൽ ഈ രൂപത്തിലുള്ള ഈ ചെറിയഗ്രന്ഥത്തിനുവേണ്ടിത്തന്നെയും നാം പൈ അവർകളോടു കൃതജ്ഞരായിരിക്കേണ്ടതാണു്. പ്രഭു അവർകളുടെ നിര്യാണത്തിനുശേഷം 19 കൊല്ലം കഴിഞ്ഞിട്ടും അദ്ദേഹത്തോടുള്ള കടപ്പാടിനെ ഈ വിധമെങ്കിലും തീർക്കുന്നതിനു ശ്രീ. മാധവപ്പൈക്കു മാത്രമല്ലേ കഴിഞ്ഞുള്ളു. ആ കൃതാർത്ഥതയ്ക്കു് അദ്ദേഹത്തിനു തീർച്ചയായും അവകാശമുണ്ടു്.

മിസ്റ്റർ മാധവപ്പിള്ള സാഹിത്യലോകത്തിന് അപരിചിതനല്ല. പല നല്ല പുസ്തകങ്ങളും അദ്ദേഹം പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. സഹകരണസംബന്ധമായി ഉപന്യാസമെഴുതി സ്വവർണ്ണകീർത്തിമുദ്ര സമ്പാദിച്ചിട്ടുണ്ട്. ശ്രീ നരസിംഹവിലാസം വായനശാലയെ നല്ലനിലയിലാക്കിത്തീർക്കുന്നതിനുള്ള പ്രധാനപങ്ക് വഹിച്ചിട്ടുണ്ട്. സമുദായസംബന്ധമായ സകല സംരംഭങ്ങളിലും മുന്നിട്ടുനിന്നും വേണ്ടസന്ദർഭങ്ങളിൽ നായകന്മാരുടെ നിർദ്ദേശമനുസരിച്ചും സ്വാർത്ഥം വെടിഞ്ഞു പ്രവർത്തിച്ചുവരുന്നുണ്ട്. ഇപ്പോഴിതാ കടലാസ്സിന്റെ അമിതമായ വിലക്കൂടുതലിനേയും മററു പ്രതികൂലസ്ഥിതികളേയും ഗണ്യമാക്കാതെ വളരെ വിഷമിച്ച സമുദായത്തിന്റെ ഒരു കർത്തവ്യകർമ്മത്തെ നിർവ്വഹിക്കുകയും ചെയ്തിരിക്കുന്നു. കേവലം കർത്തവ്യകർമ്മാനുഷ്ഠാനബുദ്ധിയാൽ പ്രേരിതനായിട്ടാണ് ശ്രീ മാധവപ്പിള്ള ഇതെല്ലാം ചെയ്യുന്നതെങ്കിലും അദ്ദേഹത്തോടു സമുദായത്തിനു കടപ്പാടുണ്ട്. നാം എങ്ങനെയാണ് അതു തീർക്കുന്നത്?

എ. രാമപ്പിള്ള, എം. ഏ., ബി. എൽ.

# സാഹിത്യകുശലൻ ശേഷഗിരിപ്രഭു

## അദ്ധ്യായം 1

## ഉപോദ്ഘാതം

"സബഹുമാനത്ഥവജ്ജജന്മാ
യസ്യനാമ്നി പുരസ്ഥിതേ
നാന്യാമംഗുലിമഭ്യേതി
സംഖ്യായാമുദ്യതാംഗുലിഃ"

എന്നു മഹാകവി ഭാരവി വൎണ്ണിക്കുന്ന മാതിരിയിലുള്ള ഒരു തേജഃപുഞ്ജമായിരുന്നു കേരളീയരായ ഗൌഡസാരസ്വതബ്രാഹ്മണരെ സംബന്ധിച്ചിടത്തോളം നിശ്ചയമായും ആ പണ്ഡിതശ്രേഷ്ഠൻ. അദ്ദേഹത്തിന്റെ മസ്തിഷ്കവും ഹൃദയവും സിദ്ധിവിഷയത്തിൽ അഹമഹമികയാ മത്സരിച്ചിരുന്നു. ഒരു നിമിഷമെങ്കിലും വ്യൎത്ഥമാക്കാതെ അതെല്ലാം ജ്ഞാനസമ്പാദനത്തിനും ജ്ഞാനവിതരണത്തിനുമായി വിനിയോഗിച്ച്, അധീതിബോധാചരണപ്രചാരങ്ങളെക്കൊണ്ടു തന്റെ ജന്മം ചരിതാൎത്ഥമാക്കി ശാസ്ത്രജ്ഞന്മാരിലും സദാചാരനിരതന്മാരിലും അഗ്രഗണ്യനായി, തന്റെ പാവനമായ ജീവിതം സഫലീഭവിപ്പിച്ചു ജീവിതം നയിച്ച ഒരു പുണ്യശാലിയാണ് പ്രഭു."

പണ്ഡിതവരേണ്യനും സാഹിതീഭക്തന്മാരിൽ അഗ്രേസരനുമായ മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകൾ സാഹിത്യപരിഷത്ത് ത്രൈമാസികത്തിൻെറ 1116 കർക്കടകമാസത്തേലക്കത്തിൽ "ശേഷഗിരിപ്രഭു" എന്ന തലക്കെട്ടിൽ എഴുതിയിട്ടുള്ള സുദീർഘമായ ലേഖനത്തിലെ ഒരു ഭാഗമാണിതു്. പണ്ഡിതന്മാരും കവികളും വിദ്വാന്മാരും മററും ജാതിമതാദിസങ്കുചിതഭാവങ്ങൾക്കതീതരായി ലോകത്തിൻെറ തന്നെ പൊതുസ്വത്തായിത്തീരുന്നു എന്നുള്ളതു് സമ്മതിക്കാതെ കഴികയില്ല. എങ്കിലും, മഹാകവി വള്ളത്തോൾ സി. വി. രാമൻപിള്ള തുടങ്ങിയുള്ളവരെപ്പററി ചിന്തിക്കുമ്പോൾ നായർസമുദായത്തിനും, മഹാകവി കുമാരനാശാനെപ്പററി അനുസ്മരിക്കുമ്പോൾ ഈഴവസമുദായത്തിനും, കണ്ടത്തിൽ വറുഗീസു്മാപ്പിള, കട്ടക്കയത്തിൽ ചെറിയാൻമാപ്പിള മുതലായവരെപ്പററി ഓർക്കുമ്പോൾ ക്രൈസ്തവസമുദായത്തിനും ഉണ്ടാവുന്നതുപോലെയുള്ള ഒരു അഭിമാനാവേശം സാഹിത്യകുശലൻ എം. ശേഷഗിരിപ്രഭു എം. ഏ. എന്നുള്ള നാമശ്രവണമാത്രയിൽ സാരസ്വതബ്രാഹ്മണരിലും ഉണ്ടാകുകതന്നെചെയ്യും. സാരസ്വതബ്രാഹ്മണസമുദായത്തിൻെറ കണ്ണും കരളും തന്നെയായിരുന്നു അദ്ദേഹം. നിസ്സാരമായ ഒരു ന്യൂനപക്ഷമായിട്ടെങ്കിലും ഇങ്ങനെ ഒരു സമുദായംകൂടി കേരളക്കരയിൽ നിവസിക്കുന്നുണ്ടെന്നു് കേരളീയർ സാമാന്യമായി മനസ്സിലാക്കിയതു് അദ്ദേഹത്തിൻെറ കാലത്തായിരുന്നു ഈ സമുദായത്തെപ്പററി ഇതരസമുദായങ്ങൾക്കുണ്ടായിരുന്ന വിവിധങ്ങളായ തെററിദ്ധാരണകൾ ദൂരീകരിക്കപ്പെടാൻ ഇടയായതും അദ്ദേഹത്തിൻെറ പരിശ്രമങ്ങളുടെ ഫലമായിട്ടായിരുന്നു. അദ്ദേഹത്തിൻെറ അസാമാന്യമായ പാണ്ഡിത്യം കുടിൽതൊട്ടു കൊട്ടാരംവരെ ഏകകണ്ഠമായി അംഗീകരിക്കപ്പെടുകയും ചെയ്തിരുന്നു.

ശേഷഗിരിപ്രഭു അവർകളെ സ്വസമുദായവും അത്യന്തം ഭക്ത്യാദരങ്ങളോടുകൂടി സ്വീകരിച്ചിരുന്നു. തിരുവിതാംകൂർ ഗൌഡസാരസ്വതബ്രാഹ്മണപരിഷത്തിൻെറ ദ്വിതീയസമ്മേളനം ആലപ്പുഴ അനന്തനാരായണപുരം ക്ഷേത്രസന്നിധിയിൽ നടനുകൊ

ണ്ടിരുന്ന അവസരത്തിൽ തലശ്ശേരിയിൽനിന്നു ലഭിച്ച ചരമവൃത്താന്തം ആ മഹാസമ്മേളനത്തിൽ ഉണ്ടാക്കിത്തീൎത്ത കോളിളക്കങ്ങൾ ഇതിലേയ്ക്കു് ഉത്തമദൃഷ്ടാന്തങ്ങളാണു്. സമ്മേളനത്തിൽ ഇരുന്നിരുന്ന പലരും കണ്ണീർപൊഴിക്കുകയല്ല പൊട്ടിക്കരയുകതന്നെയാണു് ചെയ്തതു്. ലൌകികചിന്തകളിൽനിന്നു വിരക്തനായി ചതുൎത്ഥാശ്രമപ്രവേശംസാധിച്ച ശ്രീമത് സുവിചാരാനന്ദസ്വാമികളല്ല അന്നു് ആ സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചിരുന്നതെങ്കിൽ ആ ശോകരംഗത്തിന് എളുപ്പത്തിലൊന്നും ഒരവസാനം ഉണ്ടാകുമായിരുന്നില്ല. പരേതന്റെ പരിപാവനമായ നാമധേയത്തിൽ ഒരു സ്മാരകം ഏൎപ്പെടുത്തണമെന്നുള്ള നിർദ്ദേശമുണ്ടായപ്പോൾ, സ്മാരകഫണ്ടിലേക്കു സംഭാവനകൾ നല്കുവാൻ പണ്ഡിത പാമരഭേദമെന്യേ ആബാലവൃദ്ധം ജനങ്ങൾ യാതൊരു പ്രേരണയും കൂടാതെ പ്രദർശിപ്പിച്ച ഔൽസുക്യവും ഹൃദയസ്പർശകമായിരുന്നു സമുദായാംഗങ്ങളുടെ ഹൃദയങ്ങൾ ആ പുണ്യാത്മാവിന്റെ നേൎക്കുള്ള ബഹുമാനാതിരേകത്താൽ പരിപൂൎണ്ണങ്ങളാക്കിച്ചെയ്യപ്പെട്ടവയായിരുന്നു എന്നു അന്നത്തെ നടപടികൾ ഏററവും വ്യക്തമായി തെളിയിക്കുകതന്നെചെയ്തു.

ക്ഷേത്രസ്ഥാപകന്മാരുടെ വിഗ്രഹങ്ങൾകൂടി പ്രതിഷ്ഠിച്ചു് പ്രതിദിനം പൂജിക്കുവാൻ സന്നദ്ധതയുള്ള സാരസ്വതബ്രാഹ്മണർ വീരാരാധനയിൽ അലസതയുള്ളവരാണെന്നു പറഞ്ഞാൽ അതു് ശരിയായിരിക്കുകയില്ല. പക്ഷേ, കേരളീയരുടെ ഒരു പ്രത്യേക സ്വത്തായിരിക്കുന്ന ആരംഭശൂരത്വത്തിൽ തങ്ങൾക്കുള്ള പങ്കു് കരസ്ഥമാക്കുവാൻ അക്കൂട്ടരും മടിച്ചില്ലെന്നു സമ്മതിക്കുകതന്നെവേണം. അല്ലെങ്കിൽ, 1924 മെ മാസം 20–ാംനു അന്തരിച്ച ആ സമുദായാഭിമാനിയുടെ ജീവിതചരിത്രമടങ്ങിയ ഒരു ഗ്രന്ഥം ലഘുവായ രൂപത്തിലെങ്കിലും കൈരളിക്കു് ഇന്നേവരെ ലഭിക്കാതിരിക്കുവാൻ എന്താണു കാരണം? പ്രസിദ്ധീകരണാർഹങ്ങളായ ഒട്ടേറെ കൈയെഴുത്തു ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ വകയായി ഉണ്ടെന്നു കേട്ടിരുന്നു അതിൽ ഒരൊററയെണ്ണംപോലും ഇതേവരെ പ്രസിദ്ധീകൃതമാകാതിരിക്കാനുള്ള ഹേതുവെന്താണു്? അന്തസ്സാരവി

ഹീനങ്ങളായ ഉപന്യാസങ്ങൾപോലും പുസ്തകരൂപത്തിൽ പുനർമുദ്രണംചെയ്യപ്പെടുന്ന ഇക്കാലത്തു് പ്രഭു അവർകളുടെ, വിജ്ഞാനഭണ്ഡാഗാരങ്ങളായ വിശിഷ്ടലേഖനങ്ങൾക്ക് പുനഃപ്രസിദ്ധീകരണഭാഗ്യം ലഭിക്കാതെപോയതെന്തുകൊണ്ടാണ്?

"അദ്ദേഹത്തെ സമുദായം മറക്കുകയില്ലെന്നു് എനിക്കറിയാം." എന്നു് ഉൽബോധിപ്പിക്കുന്ന മഹാകവി ഉള്ളൂർ തൻെറ ലേഖനം ഉപസംഹരിക്കുന്നതിനു മുൻപായി ഇപ്രകാരംകൂടി രേഖപ്പെടുത്തിയിരിക്കുന്നു:—

"എൻെറ മാന്യസുഹൃത്തായ ആ മഹാപുരുഷനെപ്പററി ചില വിഷയങ്ങൾ ഞാൻ ഇവിടെ ഉപന്യസിച്ചു. ഇതു അവസാനിപ്പിക്കുന്നതിനുമുൻപിൽ കേരളീയരെ പൊതുവേയും ഗൌഡസാരസ്വതബ്രാഹ്മണരെ പ്രത്യേകിച്ചും അറിയിക്കേണ്ട ഒരുകാര്യം അവശേഷിക്കുന്നുണ്ടു്. അതു് ആ മഹാത്മാവിൻെറ ഉപന്യാസങ്ങളെല്ലാം തിരക്കി സമാഹരിച്ചു പുസ്തകാകൃതിയിൽ പ്രസിദ്ധീകരിക്കണമെന്നുള്ള എൻെറ വിനയപൂർവ്വമായ അഭ്യർത്ഥനയാണ്. മൂന്നു ഭാഗങ്ങളായി ആ പുസ്തകം പ്രസിദ്ധപ്പെടുത്തേണ്ടിവരും. ആ ഉപന്യാസങ്ങൾ വായിച്ചാലേ ശേഷഗിരിപ്രഭുവിൻെറ വരിഷ്ഠതയും വൈശിഷ്ട്യവും അതിൻെറ തികഞ്ഞതും തെളിഞ്ഞതുമുള്ള രൂപത്തിൽ കേരളീയർക്കു് ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു. ആ സദ്വ്യവസായം ഭാഷയ്ക്കു് ഒരു മഹോപകാരവും ഇന്നു വിപ്രകീർണ്ണങ്ങളായിക്കാണുന്ന ആ സുരഭിലസൂമങ്ങൾ കോർത്തുതീർക്കുന്ന ഹാരം അദ്ദേഹത്തിൻെറ സ്മരണയ്ക്കു് ഒരു സമുചിതോപഹാരവുമായി പരിണമിക്കുന്നതാണ്. ആ കൃത്യം അനുഷ്ഠിക്കുവാൻ അദ്ദേഹത്തിൻെറ സമുദായം എന്തിനു മടിക്കുന്നു? എന്തുദ്ദേശിച്ചു വിളംബം വരുത്തുന്നു? അതിനു സമ്പത്തില്ലേ? സൗകര്യമില്ലേ? ധർമ്മബോധമില്ലേ? സ്വാഭിമാനമില്ലേ? എല്ലാം പരിപൂർണ്ണമായുണ്ടു്. പിന്നെയും എന്താണ് ഈ അനാസ്ഥയ്ക്കും ആലസ്യത്തിനും കാരണമെന്നു ഞാൻ വീണ്ടും വീണ്ടും ചോദിക്കുന്നു. അതുപോരാ; അതല്ല, ഈ ലോകം പ്രബുദ്ധമായ ആ സമുദായത്തിൽനിന്നു പ്രതീക്ഷിക്കുന്നതു്."

മഹാകവിയുടെ ഈ ചോദ്യങ്ങൾ സ്ഥാനസ്ഥിതങ്ങളല്ലേ? അല്ലെന്നാരും പറയുമെന്നു തോന്നുന്നില്ല. ഈ അഭ്യർത്ഥന ഓരോ സാരസ്വതൻെറയും ഗാഢമായ ശ്രദ്ധയെ അർഹിക്കുന്നതാണെന്നുള്ളതിനും സംശയമില്ല. പ്രഭു അവർകളുടെ ഉപന്യാസങ്ങൾ സമാഹരിച്ച പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്ന വിഷയത്തിൽ മാത്രമല്ല, അദ്ദേഹത്തിൻെറ ഒരു ജീവചരിത്രമെഴുതി പ്രസിദ്ധം ചെയ്യുന്ന കാര്യത്തിൽ പോലും സമുദായത്തിൽ നിന്നാരും ഇതേവരെ ഉദ്യമിക്കുകയുണ്ടായില്ലെന്നുള്ളത് ഏററവും ലജ്ജാകരമല്ലയോ? സ്വസ്യപുരുഷനുമായി നേരിട്ടു നല്ല പരിചയമുള്ളവരും, ധാരാളമായി കത്തിടപാടുകൾ നടത്തിയിട്ടുള്ളവരും ഒട്ടേറെയുണ്ടായിരുന്നിട്ടും, അവരിൽ പലരും സാഹിത്യരംഗത്തിൽ സ്വച്ഛന്ദം വിഹരിക്കുന്നവരായിരുന്നിട്ടും ഏതാണ്ടു രണ്ടു ദശാബ്ദങ്ങൾക്കു മുമ്പായി അന്തരിച്ച ആ മഹാൻെറ ഒരു ജീവചരിത്രം ചുരുങ്ങിയ രൂപത്തിൽ പോലും ഇതേവരെ കൈരളിക്കു ലഭിക്കുവാനിടയായില്ലെന്നുള്ളതു ഏററവും പരിതാപകരമായിരിക്കുന്നു.

ഒരു ജീവചരിത്രരചനയ്ക്കുള്ള യാതൊരുവിധമായ കഴിവുകളും ഇതെഴുതുന്നയാൾക്കില്ല. ഇതൊരു ജീവചരിത്ര ഗ്രന്ഥമായി വിവക്ഷിക്കപ്പെടണമെന്നും ഉദ്ദേശമില്ല. മാത്രമല്ല, ചരിത്രപുരുഷനുമായി ഒരിക്കലെങ്കിലും നേരിട്ടു പരിചയപ്പെടുവാനുള്ള ഭാഗ്യവും ഈ എഴുത്തുകാരന് ഉണ്ടായിട്ടില്ല. എങ്കിലും, സമുദായത്തിൻെറ അഭിമാനസമ്പത്തായിരുന്ന ആ മഹാനെപ്പററി അങ്ങിങ്ങായി ചിതറിക്കിടക്കുന്ന ചില വിവരങ്ങൾ ഒരുമിച്ചുചേർത്തു ക്രമപ്പെടുത്തിയാൽ കൊള്ളാമെന്നൊരാശ ജനിച്ചു. അതിൻെറ ഫലമായിട്ടാണ് ഈ ലഘുഗ്രന്ഥം തയാറാക്കപ്പെട്ടിരിക്കുന്നത്. പ്രഭു അവർകളെപ്പററി ചിലതൊക്കെയെങ്കിലും സ്മരണയിൽ വച്ചുകൊണ്ടിരിക്കുവാൻ ഇതു കുറേപ്പേർക്കെങ്കിലും ഉപകാരപ്പെട്ടേക്കുമെന്നാശിക്കുന്നു.

## അദ്ധ്യായം 2

# ജീവിതകാലം

തലശ്ശേരിയിലെ ഒരു കുലീന കുടുംബത്തിൽ 1855-ാംമാണ്ട് ആഗസ്റ്റ് മാസം 3-ാംനു- ഈ ചരിത്രത്തിനു വിഷയമായ ശേഷഗിരിപ്രഭു ഭൂജാതംചെയ്തു. പിന്നീട് ഔന്നത്യത്തെ പ്രാപിച്ചിട്ടുള്ള മാഹാന്മാരിൽ ഭൂരിപക്ഷവും ഏററവും ദരിദ്രകുടുംബങ്ങളിലാണ് ജനിക്കുകയുണ്ടായിട്ടുള്ളതെന്ന് ചരിത്രം വെളിപ്പെടുത്തുന്നു. ലക്ഷ്മീവിലാസം കുറവായിരിക്കുന്നിടത്താണ് സരസ്വതീപ്രസാദം അധികമുണ്ടാകുന്നതു്. സ്മര്യപുരുഷൻെറ കുടുംബവും ഈ സാമാന്യന്യായത്തിൽ നിന്ന് ഒട്ടും വ്യത്യാസപ്പെട്ടതായിരുന്നില്ല. കുലീനതയിൽ മുന്തിയതായിരുന്നെങ്കിലും ആ കുടുംബം ധനശക്തിയിൽ ഏററവും പിന്നണിയിലാണ് സ്ഥിതിചെയ്തിരുന്നതു്. ഏഴുപുത്രന്മാരും രണ്ടു പുത്രിമാരും ഒരു പത്നിയും ഉൾപ്പെട്ട സാമാന്യം വലിയ ഒരു കുടുംബത്തെ പുലർത്തേണ്ട ഭാരം വളരെ വളരെ ക്ലേശിച്ചുകൊണ്ടാണ് പിതാവായ മാധവപ്രഭു അവർകൾ ഒരുവിധത്തിൽ വഹിച്ചുപോന്നതു്. മനുഷ്യരുടെ മാററുരച്ചുനോക്കുവാൻ ഉതകുന്ന ചാണക്കല്ലുകളാണല്ലോ ജീവിതക്ലേശങ്ങൾ. തീക്ഷ്ണമായ മതനിഷ്ഠയും നിഷ്കളങ്കമായ ഈശ്വരഭക്തിയും ഒത്തുചേർന്ന് ഉടലെടുത്തതുപോലെ ജീവിച്ച മാധവപ്രഭു അവർകൾ സൽഗുണസമ്പന്നന്മാരിൽ അഗ്രഗണ്യനായിരുന്നു. അദ്ദേഹത്തിൻെറ ആറാമത്തെ പുത്രനായിട്ടാണ് സ്മര്യപുരുഷൻ ജനിച്ചതു്. ഉത്തമനായ പിതാവു് പുത്രന് നല്ല മാതൃകയായിത്തീർന്നു. വിദ്യാപ്രണയവും മതനിഷ്ഠയും ഈശ്വര വിചാരവും പുത്രൻെറ ഹൃദയത്തിൽ വേരൂന്നുന്നതിനും കാലാന്തരത്തിൽ ശാഖോപശാഖമായി

പരിപുഷ്ടിയെ പ്രാപിക്കുന്നതിനും പിതാവിൻെറ പരിശുദ്ധ ജീവിതം ഹേതുവായി ഭവിച്ചു.

സർവ്വസാധാരണമായ ബാല്യവിദ്യാഭ്യാസാനന്തരം ഒരു വിഷമഘട്ടം ആവിർഭവിക്കയുണ്ടായി. കേരളത്തിൽ ഇംഗ്ലീഷ് ഭാഷ വളരെ സാവധാനഗതിയിൽ പ്രചരിച്ചു തുടങ്ങിയ കാലമായിരുന്നു അതു്. പുത്രന് ഇംഗ്ലീഷ് അഭ്യസിക്കണമെന്ന് ആശ ജനിച്ചു. പിതാവിന്ന് അതത്ര സമ്മതമായിരുന്നില്ല. പ്രതിഭാശാലിയായ പുത്രൻെറ അഭ്യുന്നതിയിൽ ആകാംക്ഷയില്ലാത്തതുകൊണ്ടല്ല പിതാവു് അക്കാര്യത്തിൽ ഉദാസീനനായതു്. ഇംഗ്ലീഷ് ഭാഷാഭ്യസനം കൊണ്ടു് മതാചാരാനുഷ്ഠാനങ്ങൾക്ക് ലോപം സംഭവിച്ചുപോയെങ്കിലോ എന്നായിരുന്നു അദ്ദേഹത്തിൻെറ ഭയം. ഈശ്വരവിചാരത്തേയും മതനിഷ്ഠയേയും പരിത്യജിച്ച് പുത്രൻ ഒരു ബിരുദധാരിയായിത്തീർന്നു കാണുവാൻ ആസ്തികനായ ആ പിതാവിന്ന് ഒട്ടും ആഗ്രഹമില്ലായിരുന്നു. ഇംഗ്ലീഷ് അഭ്യസിക്കണമെന്നുള്ള തൻെറ ആശ നിശ്ശേഷം ഉപേക്ഷിക്കുവാൻ പുത്രനും സന്നദ്ധനായിരുന്നില്ല. ഇംഗ്ലീഷ് പഠിക്കുകയോ മറെറന്തുതന്നെ സംഭവിക്കുകയോ ചെയ്താലും താൻ പൂർവ്വാചാരങ്ങൾക്ക വിരുദ്ധമായി യാതൊന്നും പ്രവർത്തിക്കുകയില്ലെന്നു് പുത്രൻ പിതാവിനെ ബോദ്ധ്യപ്പെടുത്തേണ്ടതായി വന്നു; മാത്രമല്ല, അക്കാര്യത്തിൽ പുത്രനിൽനിന്നു് ഒരു പ്രതിജ്ഞകൂടി വാങ്ങിയശേഷമേ പിതാവിനു സമാധാനമായുള്ളു. ബ്രാഹ്മണർ അവശ്യംഅനുഷ്ഠിക്കേണ്ട നിത്യനൈമിത്തികകർമ്മങ്ങളിൽ സ്വയ്ഷപുരുഷനു് ആജീവനാന്തം അനാദരവു തോന്നാതിരിക്കുവാൻ ഈ പ്രതിജ്ഞയുംകൂടി ഒരു പക്ഷേ കാരണമായിത്തീർന്നിട്ടുണ്ടാവാം. മഹാകവി ഉള്ളൂർ പറയുകയാണു്:—

"ഈ ആചാരശ്ലക്ഷ്ണത ശേഷഗിരിപ്രഭു ആയുരന്തംവരെ രേഖാമാത്രംപോലും വ്യത്യാസംവരുത്താതെ പരിപാലിച്ചിരുന്നു. ഞാൻ ഒരവസരത്തിൽ മദിരാശിയിൽ അദ്ദേഹം താമസിച്ചിരുന്ന അഡ്വൊക്കെററ് കെ പി. മാധവരാവുവിൻെറ ഗൃഹത്തിൽ അദ്ദേഹത്തെ സന്ദർശിക്കുവാൻപോയി; നിത്യകർമ്മാനുഷ്ഠാനം കഴിഞ്ഞു് എന്നെ സ്വീകരിക്കുവാൻ അന്നു് അദ്ദേഹത്തിന്നു് മുക്കാൽ മണിക്കൂറോളം വേണ്ടിവന്നു."

പത്താമത്തെ വയസ്സിൽ–1865-ൽ സ്മയ്യപുരുഷൻ ഇംഗ്ലീഷ് സ്കൂളിൽചേൎന്നു. കോഴിക്കോട്ടെ പ്രൊവിൻഷ്യൽ സ്കൂളിലാണ് ഇംഗ്ലീഷ് അഭ്യസിച്ചുതുടങ്ങിയതു്. ഒരു ദരിദ്രബാലൻെറ ഇംഗ്ലീഷ്സ്കൂളിലെ അഭ്യസനം എത്രമേൽ ക്ലേശകരമായിരിക്കുമെന്നു് ആൎക്കും അനുമാനിക്കാവുന്നതാണല്ലോ. ഇരുന്നു വായിക്കുവാൻ ഒരു മുറിയൊ സ്വന്തമായി പുസ്തകങ്ങളൊ ഉണ്ടായിരുന്നില്ല. പല പുസ്തകങ്ങളും ആദ്യവസാനം പകൎത്തിയെടുത്തുപയോഗിക്കുകയായിരുന്നു. മിക്കപ്പോഴും രാവിലെ ആഹാരമൊന്നും കഴിക്കാതെയാണ് പാഠശാലയിൽ പൊയ്ക്കൊണ്ടിരുന്നതു്. ചുരുക്കിപ്പറഞ്ഞാൽ ദാരിദ്ര്യത്തിൻെറ കഠോരശക്തിക്ക് ബാല്യത്തിൽതന്നെ സ്മയ്യപുരുഷൻ അടിമപ്പെടേണ്ടതായിവന്നു

പ്രൊവിൻഷ്യൽ സ്കൂളിൽ അഭ്യസനം തുടങ്ങി മൂന്നുകൊല്ലം കഴിഞ്ഞപ്പോഠം പിതാവായ മാധവപ്രഭു അവർകഠം കാലധൎമ്മം പ്രാപിച്ചു. "പണ്ടേ ദുർബല; അതിലും ഗർഭിണി" എന്നു പറയുന്ന തരത്തിലായിത്തീൎന്നു ആ സാധുകുടുംബത്തിൻെറ അവസ്ഥ. വിദ്യാൎത്ഥിയായ ബാലനെ പരിപാലിക്കേണ്ട ഭാരം സഹോദരന്മാരുടെ ചുമലിൽ ചേൎന്നു. ക്ലേശങ്ങഠം മുന്നേതിലധികമായി. എങ്കിലും ഒട്ടും നിരുന്മേഷനാകാതെ ശേഷഗിരിപ്രഭു ഉത്സാഹസമേതം പഠിച്ചുകൊണ്ടിരുന്നു. പരിശ്രമശീലവും അനവരതമായ അദ്ധ്വാനവും കൊണ്ടുമാത്രമേ ഈ ക്ലേശങ്ങളെ തരണംചെയ്യാൻ സാധിക്കുകയുള്ളു എന്നു് വിദ്യാൎത്ഥിക്കു ബോദ്ധ്യമായി. "പ്രയത്നികഠം വിജയിക്കും" എന്നുള്ള മഹദ്വചനത്തെ ആധാരമാക്കി തൻെറ വിദ്യാൎത്ഥിജീവിതം ഏററവും വിജയകരമാക്കിത്തീൎക്കുവാൻ ഉത്സാഹിക്കുകയും ചെയ്തു.

അനന്യസാധാരണമായ ബുദ്ധിശക്തിയും, വിവിധ വിഷയങ്ങളിൽ ഉള്ള വാസനാബലവുംമൂലം ചരിത്രനായകൻ സതീൎത്ഥ്യന്മാരുടെ സ്നേഹബഹുമാനങ്ങഠംക്കു പാത്രീഭവിച്ചു. എല്ലാ അധ്യാപകന്മാരും അദ്ദേഹത്തിൽ പിതൃനിൎവ്വിശേഷം വാത്സല്യമുള്ളവരായിത്തീൎന്നു. "ഈ വിദ്യാൎത്ഥി ഭാവിയിൽ അത്യുൽകൃഷ്ടമായ ഒരു സ്ഥാനത്തെ പ്രാപിക്കും." എന്നഭിപ്രായപ്പെടുവാൻ അവ

ഗീലാക്ഷംതന്നെ ഒട്ടും സന്ദേഹമുണ്ടായിരുന്നില്ല. അവരുടെ ദീഘ ദർശനങ്ങറം ശരിയായിത്തന്നെ പരിണമിക്കുകയും ചെയ്തു. ഇങ്ങ നെയുള്ള ഒരു വിദ്യാത്ഥിയെ ലഭിക്കുവാൻ ഇടയായതു് ഒരു ഭാഗ്യ മായിട്ടാണു് ആ വിദ്യാലയം കരുതുന്നതു്. പിന്നീട്ടു് ടെയിനി ഗ് സ്കൂളുമായിത്തീന്ന അന്നത്തെ പ്രൊവിൻഷ്യൽ സ്കൂളിൽ, ചുവ രിൽ പതിച്ചിട്ടുള്ള ഒരു മാർബിറംശിലയിൽ ചരിത്രപുരുഷൻെറ നാമധേയം സുവണ്ണലിപികളിൽ രേഖപ്പെടുത്തിവെച്ചിട്ടുണ്ടത്രെ!

സ്വഷ്യപുരുഷൻ 1875-ാംമാണ്ടിൽ മെടിക്കുലേഷൻ പരീക്ഷ യിൽ ഒന്നാമനായി പാസായി പ്രതികൂലപരിത:സ്ഥിതികളി ലും കാളേജിൽചേന്നു് വിദ്യാഭ്യാസം തുടരുകയും, മലയാളം ഉപ ഭാഷയായെടുത്തു് 1877-ാംമാണ്ടിൽ എഫ്. എ. പരീക്ഷയിൽ വി ജയംനേടുകയുംചെയ്തു. പിന്നെയും പഠിത്തം തുടരുവാൻ അതി യായ ആഗ്രഹമുണ്ടായിരുന്നെങ്കിലും അതു സാധിക്കുന്നതിനു യാ തൊരു മാർഗ്ഗവും ഉണ്ടായിരുന്നില്ല. തന്മൂലം അതോടുകൂടി കാ ളേജ് അഭ്യസനം മതിയാക്കേണ്ടതായിട്ടാണു് വന്നുകൂടിയതു്. കാ ളേജിൽചേന്നുള്ള പഠിത്തം മതിയാക്കി എന്നല്ലാതെ വിദ്യാഭ്യാസ ത്തിൽനിന്നു ചരിത്രപുരുഷൻ പിന്മാറി എന്നിതിനത്ഥമില്ല "ഒരു മനുഷ്യൻ ആജീവനാന്തം ഒരു വിദ്യാത്ഥിതന്നെയാകുന്നു." എന്ന അഭിപ്രായത്തെ സ്വജീവിതംകൊണ്ടു് അദ്ദേഹം പരിപൂണ്ണമായി സമത്ഥിക്കുകയാണു് ചെയ്തതു്.

ചരിത്രനായകൻെറ ഉദ്യോഗജീവിതംആരംഭിച്ചതു് 1879-ാം വഷം ജൂൺമാസത്തിലാണു്. 15 രൂപാ ശമ്പളത്തിൽ ഒരു മല യാളപണ്ഡിതരുടെ ഉദ്യോഗമാണു് ആദ്യമായി അദ്ദേഹത്തിനു ല ഭിച്ചതു്. തുച്ഛമായ ആ ശമ്പളത്തിൽ വളരെനാറം കഴിക്കേണ്ടിവ ന്നില്ല. അടുത്ത ഏപ്രിൽ മാസത്തിൽത്തന്നെ 30 രൂപാ ശമ്പള ത്തിൽ വടകര ഇംഗ്ലീഷ് ഹൈസ്കൂളിൽ ഒന്നാം അസിസ്റ്റൻറായി നിയമിക്കപ്പെട്ടു. നവംബർമാസത്തിൽ 35 രൂപാ ശമ്പളത്തിൽ തലശ്ശേരി ബ്രന്നൻ ഹൈസ്കൂളിൽ നിയമിതനായി എങ്കിലും ആ കയററം അധികകാലത്തേയ്ക്കു നിലനിന്നില്ല. 1881 മേ മാസ ത്തിൽ വീണ്ടും ബ്രന്നൻ ഹൈസ്കൂളിലേക്കു കയററംകിട്ടി. ശമ്പളം

40 രൂപയായി വർദ്ധിക്കുകയുംചെയ്തു. അവിടെ ആ ജോലിയിൽ ഏർപ്പെട്ടുകൊണ്ടിരിക്കവേതന്നെ ഉയൎന്ന പരീക്ഷകൾക്ക് പ്രൈവെററായി പഠിക്കുവാനും ചരിത്രനായകൻ ശ്രമിച്ചുകൊണ്ടിരുന്നു. അതിൻെറ ഫലമായി 1888-ൽ ചരിത്രത്തിലും 1891-ൽ സംസ്കൃതത്തിലും പ്രൈവെററായിചേൎന്ന് ബി എ. ബിരുദുസമ്പാദിച്ചു. 1891 ജൂലൈമാസത്തിൽ ഇരുപതുരൂപാ ശമ്പളക്കൂടുതൽ ലഭിച്ചു. 1892 ആഗസ്റ്റ് മാസത്തിൽ 70 രൂപാ ശമ്പളത്തോടുകൂടി ഒരു ഡപ്യൂട്ടിസ്കൂൾ ഇൻസ്പെക്റ്ററായി കയററംകിട്ടി. 1899-ാംവർഷത്തിൽ മംഗലാപുരം കാളേജിൽ 2-ാം അസിസ്റ്റൻററായിത്തീൎന്നു. 1903-ൽ എം. എ. ഡിഗ്രി സമ്പാദിച്ചു. അതിൻെറ ഫലമായി 125 മുതൽ 175 വരെയുള്ള ശമ്പളസ്റ്റേയിൽ അനുവദിച്ചുകിട്ടുകയുംചെയ്തു. 1909-ൽ അവിടത്തെ പ്രിൻസിപ്പാളായിത്തീർന്നു. കുറേകഴിഞ്ഞു് ചരിത്രനായകനെ രാജമഹേന്ദ്രിയിലെ ട്രെയിനിംഗ്കാളേജിലേയ്ക്കുമാററി. അവിടെ വൈസ്പ്രിൻസിപ്പാളായിരുന്നു് 1914-ൽ ഗവൎമ്മെൻറസൎവ്വീസിൽനിന്നു വിരമിച്ചു.

സൎക്കാർസൎവ്വീസിൽനിന്നു വിരമിച്ചതിനുശേഷവുംഅദ്ദേഹം വിശ്രമജീവിതത്തിൽ ഏർപ്പെട്ടുകയല്ല ചെയ്തതു്. വിദ്യാവിതരണത്തിനും സമുദായസേവനത്തിനും ഉള്ള സൗകൎയ്യത്തെ പരിഗണിച്ചുകൊണ്ടു്1916-ൽ അദ്ദേഹം കൊച്ചി ടി. ഡി. ഹൈസ്കൂളിലെ ഹെഡ്മാസ്റ്റർ ഉദ്യോഗം സ്വീകരിക്കുകയും ഏകദേശം മൂന്നുകൊല്ലക്കാലം ആ ഉദ്യോഗം വഹിക്കുകയും ഉണ്ടായി.

വിദ്യാഭ്യാസവിഷയകമായി മദ്രാസ് സൎവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ വേറെയും അനേകം ചുമതലകൾ അദ്ദേഹം വഹിക്കുകയുണ്ടായിട്ടുണ്ടു്. മലയാളം, സംസ്കൃതം തുടങ്ങിയുള്ള ഭാഷകളെ സംബന്ധിച്ച പാഠ്യനിർദ്ദേശസംഘങ്ങളിൽ അദ്ദേഹം വളരെക്കാലം അംഗമായിരുന്നു. മദ്രാസ് പ്രസിഡൻസിയിലെ കാളേജുകൾ സന്ദൎശിക്കുവാൻ സൎവ്വകലാശാലയിൽനിന്നും നിയമിക്കപ്പെട്ട കമ്മീഷനിലും അദ്ദേഹം ഉൾപ്പെട്ടിരുന്നു. കൊച്ചി സംസ്ഥാനത്തിലെ വിദ്യാഭ്യാസകോഡ് പരിഷ്ക്കരിക്കുന്ന അവസ

രത്തിൽ മലയാളത്തിൻെറ പാഠപദ്ധതി തയാറാക്കുന്ന വിഷയത്തിൽ അദ്ദേഹത്തിൻെറ സാഹായ്യം ആവശ്യപ്പെടുകയുണ്ടായി. പലപ്പോഴും പാഠ്യപുസ്തകക്കമ്മെററിയിൽ അംഗമായിരിക്കുകയും കൊച്ചി ഗവമ്മെൻറവകയും മദ്രാസ് സർവ്വകലാശാലവകയും ആയുള്ള പല പരീക്ഷകളിലും പ്രധാന പരീക്ഷകനായിരിക്കുകയും ചെയ്തു. ഭാഷാവിഷയകമായി അദ്ദേഹം ചെയ്തിട്ടുള്ള പരിശ്രമങ്ങൾ അളവററവയാണ്. അതിനെപ്പററി അന്യത്ര പ്രതിപാദിക്കും. കൊച്ചി ടി. ഡി. ഹൈസ്കൂളിലെ ഉദ്യോഗത്തിൽനിന്നും വിരമിച്ചതിനുശേഷവും ഭാഷാപോഷണത്തേയും സമുദായഭ്യുന്നതിയേയും മതാഭിവൃദ്ധിയേയും ലാക്കാക്കി അനവരതം അദ്ധ്വാനിച്ചുകൊണ്ടുതന്നെയാണ് അദ്ദേഹം സമയം വിനിയോഗിച്ചിരുന്നത്. വിശ്രമം എന്നൊന്ന് അദ്ദേഹത്തിൻെറ ജീവിതത്തിൽ ഉണ്ടായിട്ടില്ലെന്നുതന്നെ പറയാം.

1924 ഏപ്രിൽമാസത്തിൽ ചരിത്രനായകൻ പ്രമേഹരോഗബാധിതനായി കിടപ്പായി. അതിനടുത്ത മേ മാസത്തിലാണ് ആലപ്പുഴവച്ച് തിരുവിതാംകൂർ ഗൌഡസാരസ്വത ബ്രാഹ്മണ പരിഷത്തിൻെറ ദ്വിതീയസമ്മേളനം നടക്കുവാനിരുന്നത്. ആ സമ്മേളനത്തിൽ സന്നിഹിതനാകണമെന്ന് അദ്ദേഹത്തിന് അതിയായ ആഗ്രഹമുണ്ടായിരുന്നു. 1924 മേ മാസം 6-ാംനു- ചരിത്രപുരുഷൻ എഴുതിയ ഒരു എഴുത്തിൽ ഇപ്രകാരം രേഖപ്പെടുത്തിക്കാണുന്നു:—

"എനിക്കു നല്ല ദേഹസൗഖ്യമില്ല. എൻെറ മുഖത്ത് പല സ്ഥലത്തും പരുക്കളുണ്ടായിരിക്കുന്നതിനാൽ നിദ്രയില്ലാതിരിക്കുന്നു. വളരെ അസൌഖ്യം സഹിച്ചുകൊണ്ടാണ് ഞാൻ ഈ ലേഖനം * കുത്തിക്കുറിച്ചിട്ടുള്ളത്......................ആലപ്പുഴവന്നു നിങ്ങളുടെ സഹവാസസുഖമനുഭവിക്കുന്നതിന് ഈ അസ്വാസ്ഥ്യം പ്രതിബന്ധമായി ഭവിക്കുമോ എന്നു സംശയമുണ്ട്. എന്നാൽ പരിഷത്തിലെ ആലോചനകളിൽ പങ്കുകൊള്ളണമെന്നു വിചാരിച്ച് എ

---

* "പരിഷത്ത് ഉപനിഷത്ത് എന്നീ ശബ്ദങ്ങളുടെ അർത്ഥം"

ൻെറ പ്രകൃത്യാ ഉള്ള ആരോഗ്യം വീണ്ടെടുക്കുന്നതിന്നു് ഞാൻ കഴിയുന്ന ശ്രമങ്ങളെല്ലാം ചെയ്യുന്നുണ്ടു്........ആലപ്പുഴയുള്ള സഹോദരന്മാൎക്കുവേണ്ടി വേലചെയ്യുന്നതിന്നു് ഈശ്വരൻ എന്നെ ശക്തനാക്കിത്തീൎക്കുമെന്നു വിശ്വസിക്കുന്നു.''

അദ്ദേഹത്തിൻെറ ഈ വിശ്വാസം അസ്ഥാനത്തായിത്തീൎന്നതായിരിക്കാം. അഥവാ, സ്ഥൂലശരീരിയായി പരിഷത്സമ്മേളനത്തിൽ എത്തിച്ചേരുക അശക്യമാണെന്നു കണ്ടപ്പോൾ സൂക്ഷ്മദേഹത്തോടുകൂടിയെങ്കിലും അവിടെ എത്തുകതന്നെ വേണമെന്നുദ്ദേശിച്ചു് അദ്ദേഹം സ്ഥൂലശരീരത്തെ സ്വയം ഉപേക്ഷിച്ചതായിരിക്കാം. ഏതായാലും 1924 മേ 24-ാംനു- പകൽ മൂന്നുമണിക്കു് കോഴിക്കോട്ടെ വസതിയിൽവച്ചു് അറുപത്തൊൻപതാമത്തെ വയസ്സിൽ അദ്ദേഹം ചരമഗതിയെ പ്രാപിച്ചു. ജീൎണ്ണവസ്ത്രങ്ങളെ പരിത്യജിച്ചു് പുതിയവസ്ത്രങ്ങൾ കൈക്കൊള്ളുന്നതുപോലെയാണു് ജീവാത്മാവു് ശരീരംവിട്ടുമാറുന്നതെന്നാണല്ലോ പുനൎജ്ജന്മസിദ്ധാന്തികൾ വാദിക്കുന്നതു്. ശേഷഗിരിപ്രഭു അവർകളും ജരാനരബാധിച്ച തൻെറ ജീൎണ്ണശരീരത്തെ ത്യജിച്ചു് അനശ്വരമായ ഒരു യശഃശരീരത്തെ കൈക്കൊണ്ടതായിരിക്കണം. എന്തായാലും ഒരുകാൎയ്യം തീൎച്ചയാണു്. മലയാളഭാഷ നിലനില്ക്കുന്നിടത്തോളംകാലം ശേഷഗിരിപ്രഭു അവർകളുടെ കീൎത്തിയും ഒന്നിനൊന്നു വൎദ്ധിച്ചു നിലനില്ക്കുകതന്നെ ചെയ്യും. നിത്യശാന്തിയിൽ വിലയംപ്രാപിച്ചിരിക്കുന്ന അദ്ദേഹത്തിൻെറ ആത്മാവു് കൈരളിയേയും സാരസ്വതസമുദായത്തേയും എന്നെന്നും അനുഗ്രഹിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

അദ്ധ്യായം 3

# ഗ്രന്ഥകാരൻ

ശേഷഗിരിപ്രഭു അവർകളുടെ നാമത്തിൽ പ്രസിദ്ധീകൃതങ്ങളായിക്കണ്ടിട്ടുള്ള ഗ്രന്ഥങ്ങൾ താഴെ പറയുന്നവയാണ്.

1. വത്സരാജചരിതം.
2. ശ്രീഹർഷചരിതവും നാഗാനന്ദവും.
3. വേദവ്യാസൻ.
4. സീത, സാവിത്രി, ഉമ.
5. വ്യാകരണമിത്രം.
6. വ്യാകരണാദർശം.
7. ബാലവ്യാകരണം.
8. ബാലാമൃതം.
9. ശിശുബോധകം.
10. ഋഗ്വേദിവിവാഹപ്രയോഗം.

ഇവയിൽ അവസാനത്തേതുമാത്രം കണ്ണാടകഭാഷയിലും ബാക്കിയുള്ളതെല്ലാം മലയാളഭാഷയിലും ആണ് രചിക്കപ്പെട്ടിട്ടുള്ളത്. ഈ പുസ്തകങ്ങളെ മൂന്നിനമായി തരംതിരിക്കാവുന്നതാണ്. ഒന്നാമത് ഗദ്യഗ്രന്ഥങ്ങൾ; രണ്ടാമത് വ്യാകരണഗ്രന്ഥങ്ങൾ; മൂന്നാമത് മതഗ്രന്ഥങ്ങൾ. ആദ്യത്തേതു നാലും ഒന്നാമത്തെ ഇനത്തിലും അടുത്ത അഞ്ചും രണ്ടാമത്തെ ഇനത്തിലും അവസാനത്തേത് മൂന്നാമത്തെ ഇനത്തിലും ഉൾപ്പെടുന്നു. വ്യാകരണഗ്രന്ഥങ്ങളെപ്പററിയും മതഗ്രന്ഥത്തെപ്പററിയും ഇതിനുപരി പ്രത്യേകം പ്രത്യേകം ചർച്ചചെയ്യേണ്ടതായുള്ളതിനാൽ ഒന്നാമത്തെ

ഇനത്തിൽപ്പെട്ട നാലു ഗ്രന്ഥങ്ങളെപ്പററിമാത്രമേ ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നുള്ളു.

## വത്സരാജചരിതം.

"ഭാരതീയകഥാമഞ്ജരി" എന്നപേരിൽ ഒരു ഗ്രന്ഥപരമ്പര പ്രസിദ്ധീകരിക്കുവാൻ നിശ്ചയിച്ചുകൊണ്ട് അതിലെ ആദ്യത്തെ ഗ്രന്ഥമായി തയാറാക്കിയതാണ് വത്സരാജചരിതം. 1921 ഡിസംബർമാസത്തിൽ അതു് ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടു. അടുത്ത ജൂലൈമാസത്തിൽതന്നെ അതിനൊരു പുതിയ പതിപ്പ് ആവശ്യമായി വന്നതിൽനിന്നു കേരളീയർ എത്ര ഹൃദയംഗമമായ സ്വീകരണമാണു് പ്രസ്തുത ഗ്രന്ഥത്തിനു നല്കിയതെന്നു സ്പഷ്ടമാകുന്നുണ്ട്.

പ്രസ്തുത ഗ്രന്ഥം നിർമ്മിക്കുന്നതിൽ തനിക്കുണ്ടായിരുന്ന ഉദ്ദേശത്തെപ്പററി ഗ്രന്ഥകാരൻ പുസ്തകത്തിൻെറ * മുഖവുരയിൽ ഏതാണ്ട് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:–

"മലയാളഗദ്യരചന അഭ്യസിപ്പിക്കുന്നതിനു സഹായകമായിരിക്കത്തക്കവിധത്തിൽ ഒരു മലയാളഗ്രന്ഥപരമ്പര തയാറാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. സർവ്വകലാശാലയും എസ്. എസ്. എൽ. സി. ബോർഡും നാട്ടുഭാഷാഗദ്യരചനയ്ക്കു് വളരെ പ്രാധാന്യം കല്പിച്ചുപോരുന്നു. വ്യാകരണമിത്രത്തിൽ പ്രതിപാദിച്ചിട്ടുള്ള ഗദ്യരചനസംബന്ധിച്ച പൊതുതത്വങ്ങളെ ദൃഷ്ടാന്തീകരിക്കത്തക്കവിധത്തിലാണ് പ്രസ്തുത ഗ്രന്ഥപരമ്പര തയാറാക്കപ്പെട്ടുന്നതു്. ശരിയായവിധത്തിൽ അഭ്യസിപ്പിക്കപ്പെടുമ്പോഴും, തങ്ങളുടെ വിചാരങ്ങളെ ഋജുവായും സുഗമമായും വ്യക്തമായും മാതൃഭാഷയിൽ പ്രകാശിപ്പിക്കുന്നതിന് അദ്ധ്യേതാക്കളെ ഈ നാട്ടുഭാഷാവാക്യരചനാഭ്യാസം ശക്തരാക്കിത്തീർക്കുകയും, ഇംഗ്ലീഷ് വാക്യരചനതന്നെയും ഹൃദയംഗമമായവിധത്തിൽ നിർവ്വഹിക്കുന്നതിന് അതു് സഹായകമായിത്തീരുകയും ചെയ്യും."

---

* മൂലം ഇംഗ്ലീഷിൽ

ഗ്രന്ഥകാരൻ ഈ ഗ്രന്ഥത്തെ മൂന്നു ഖണ്ഡങ്ങളായി തിരിച്ചിരിക്കുന്നു. ഉദയനമഹാരാജാവാണ് ഇതിലെ പ്രതിപാദ്യപുരുഷൻ. "ഉജ്ജയിനീരാജാവായ ചണ്ഡമഹാസേനന്റെ പുത്രിയായി ബൃഹൽകഥയും മഗധാധിപനായ പ്രദ്യോതന്റെ പുത്രിയായി ശ്രീഹൎഷനും വിവരിച്ചി"ട്ടുള്ള വാസവദത്തയെ ഉദയനൻ പരിണയിച്ച കഥയാണ് ഒന്നാം ഖണ്ഡത്തിൽ അടങ്ങിയിരിക്കുന്നതു്. അദ്ദേഹം അംഗേശനന്ദിനിയായ പ്രിയദൎശികയെ വിവാഹം ചെയ്ത കഥ രണ്ടാം ഖണ്ഡത്തിലും സിംഹളരാജകുമാരിയായ രത്നാവലിയെ പാണിഗ്രഹണംചെയ്ത കഥ മൂന്നാംഖണ്ഡത്തിലുംഉൾപ്പെടുത്തിയിരിക്കുന്നു. ഒന്നാംഖണ്ഡം കഥാസരിത്സാഗരത്തേയും രണ്ടും മൂന്നും ഖണ്ഡങ്ങൾ ശ്രീ ഹൎഷന്റെ കൃതികളിൽ പ്രാധാന്യത്തെ അർഹിക്കുന്ന പ്രിയദൎശിക, രത്നാവലി എന്നീ ദൃശ്യകാവ്യങ്ങളേയും ആധാരമാക്കി എഴുതപ്പെട്ടിട്ടുള്ളതാണ്. ഒന്നാം ഖണ്ഡത്തെ ആറു ഭാഗങ്ങളായിത്തിരിക്കുകയും ഓരോ ഭാഗത്തിലും യഥാക്രമം പാണ്ഡവന്മാർ, പരീക്ഷിത്ത്, ജനമേജയൻ, ശതാനീകൻ, സഹസ്രാനീകൻ, ഉദയനൻ എന്നിവരുടെ ചരിത്രം അനുക്രമമായി പ്രതിപാദിക്കുകയും ചെയ്തിരിക്കുന്നു. പാണ്ഡവന്മാരെപ്പററി പ്രതിപാദിച്ചുകൊണ്ടുള്ള ആദ്യഭാഗത്തു് മഹാഭാരതകഥ സംക്ഷേപിച്ചു ചേൎത്തിട്ടുണ്ടു്. വിദ്യാൎത്ഥികളെ ഉദ്ദേശിച്ചു രചിച്ചിട്ടുള്ള ഒരു ഗ്രന്ഥമാകയാൽ ഇതിലെ ഭാഷാരീതി ഏററവും ലളിതമാകുന്നു. അവതാരികാകാരനായ വി. കെ. രാമൻമേനോൻ അവർകൾ എം. ഏ ബാർ അററ്ലാ പ്രസ്താവിച്ചിരിക്കുന്നതുപോലെ, ഇതിലെ ഓരോ വാക്യവും പൂൎണ്ണവും ഓരോ വാക്കും ഏററവും അൎത്ഥഗർഭവും ആണ്.

വേദേതിഹാസങ്ങളിലും ഹൈന്ദവപുരാണങ്ങളിലും ഗ്രന്ഥകൎത്താവിനുള്ള അതിരററ പരിചയത്തേയും അളവററ താല്പൎയ്യത്തേയും വെളിപ്പെടുത്തുന്ന പല ഭാഗങ്ങളും ഈ ഗ്രന്ഥത്തിൽ ഉണ്ടു്. ഇതിലെ പ്രതിപാദനരീതികൂടി മനസ്സിലാക്കുവാൻ സാധിക്കത്തക്കവിധത്തിൽ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നതു് സന്ദർഭോചിതമായിരിക്കുമല്ലോ.

പഞ്ചമവേദമെന്ന പ്രശസ്തിയെ ആർജ്ജിച്ചിട്ടുള്ള മഹാഭാരതത്തെപ്പററി ഗ്രന്ഥകാരനുള്ള ബഹുമാനം അളവററതാണ്. വ്യാസകൃതിയായ മഹാഭാരതം മുഴുവൻ അദ്ദേഹം മനഃപാഠമാക്കിയിട്ടില്ലേ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു. സന്ദർഭം കിട്ടുന്നിടത്തെല്ലാം മഹാഭാരതമാഹാത്മ്യത്തെ പ്രകീർത്തിക്കുവാൻ അദ്ദേഹം മടിച്ചിട്ടില്ല. പാണ്ഡവന്മാരുടെ കഥ തുടങ്ങുന്ന അവസരത്തിൽ മഹാഭാരതത്തെപ്പററി അദ്ദേഹം ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:—

"വ്യാസദേവരുടെ പവിത്രകൃതിയായ മഹാഭാരതമെന്ന ഇതിഹാസത്തെക്കുറിച്ച് അറിവില്ലാത്തവർ നമ്മുടെ ഭാരതസാമ്രാജ്യത്തിൽ ആരാനും ഉണ്ടോ? ഇതിൽ ഉപവാദിക്കാതെ വ്യാസൻ വിട്ടതായ പ്രമേയം വല്ലതും ഉണ്ടോ? മതം, നീതി, ധർമ്മം, പ്രാചീനശാസ്ത്രങ്ങൾ, പ്രാക്തനകലാവിദ്യകൾ, തത്വശാസ്ത്രം, രാജതന്ത്രം, വ്യവഹാരശാസ്ത്രം, ചരിത്രം, ഐതിഹ്യം, ലോകാനുഭവത്തെ ദൃഷ്ടാന്തപ്പെടുത്തുന്ന കല്പിത കഥകൾ; ജനതാരഞ്ജക കഥകൾ ഇത്യാദി സർവ്വവിഷയങ്ങളേയും അടക്കിക്കൊള്ളുന്ന വിശപജ്ഞാനമഹോദധിയാകുന്നു മഹാഭാരതം. ഈ രത്നാകരം അല്ലയോ നമ്മുടെ അമൂല്യധനം? വിപുലത, അഗാധത, ജ്ഞാനാമൃതസമൃദ്ധി ഇത്യാദി വിഷയങ്ങളിൽ ഈ ഗ്രന്ഥരത്നത്തെ കവിഞ്ഞുപോകുന്ന മറെറാരു കാവ്യം ലോകത്തിൽ എങ്ങാനും കണ്ടിട്ടുണ്ടോ? ഇതിലെ സിദ്ധാന്തങ്ങളെ വേദവചനങ്ങളെപ്പോലെ ആസ്തികർ വിശ്വസിച്ച് ആദരിക്കുന്നതുകൊണ്ട് ഇതിനെ പൗരാണികന്മാർ പഞ്ചമവേദം എന്നു പറയുന്നു. വേദങ്ങളെ പഠിച്ച് അർത്ഥം നിർണ്ണയിച്ചു ധർമ്മം അനുഷ്ഠിപ്പാൻ എല്ലാവർക്കും സാദ്ധ്യമല്ലാത്തതുകൊണ്ട് കൃപാനിധിയായ വ്യാസഭഗവാൻ ഭാരതമെന്ന വ്യപദേശത്തോടെ വേദത്തെ വ്യാഖ്യാനിച്ചിരിക്കുന്നു. ഉൽകൃഷ്ടമായ സംസ്കൃതപദ്യത്തിൻെറ ആരോഹണാവരോഹണക്രമത്തിൽ ജനിക്കുന്ന ഗാനരീതിയിൽ ഭാരതത്തെ പാടുന്നതു കേട്ടാൽ ആരാണ് ആനന്ദപരവശനാകാത്തതു്?"

ദുര്യോധനാദികളുടെ ദുഷ്ടപ്രവൃത്തികൾമൂലം പാഞ്ചാലിക്കു

ദുസ്സഹങ്ങളായ പല കഷ്ടാനുഭവങ്ങളും ഉണ്ടായി. ഗ്രന്ഥകാരൻ അതിനെ ഇപ്രകാരം വിവരിച്ചിരിക്കുന്നു:— "കപടദ്യൂതത്തിൽ പാണ്ഡവർ തോററപ്പോൾ പാഞ്ചാലി തങ്ങളുടെ ദാസിയായി എന്നോൎത്തു് ദുൎയ്യോധനന്റെ കല്പനപ്രകാരം അനുജൻ ദുശ്ശാസനൻ ഈ ദേവിയെ പിടിച്ചുവലിച്ചു സഭാമദ്ധ്യത്തിൽവച്ചു പരസ്യമായി അപമാനിച്ചു. ഈ പതിവ്രത പറഞ്ഞ ന്യായങ്ങളെ നിഷേധിപ്പാൻ സഭ്യന്മാൎക്കു അശക്യമായതുകൊണ്ടു് അവർ മൌനംദീക്ഷിച്ചു തലതാഴ്ത്തിയിരുന്നു. ദ്യൂതനിശ്ചയപ്രകാരം പാണ്ഡവന്മാർ വനത്തിൽ പോവാൻ ഒരുങ്ങിയപ്പോൾ ദ്രൌപദി തന്നെ മാനഭംഗം ചെയ്ത കൌരവന്മാരെ ശിക്ഷിക്കാത്തതുകൊണ്ടു് പാണ്ഡവന്മാരോടു ക്രുദ്ധിക്കയോ അവരെ നിന്ദിക്കയോ ചെയ്യാതെ വിസ്മയകരമായ ധൈൎയ്യത്തോടും അതിരററ ക്ഷാന്തിയോടും ശോകത്തെ ശമിപ്പിച്ചു. തന്റെ പാതിവ്രത്യശക്തിയാൽ കൌരവന്മാരെ ഭസ്മമാക്കാമായിരുന്നുവെങ്കിലും ഈ രാജ്ഞി ഒരു ശാപവാക്കുപോലും ഉരിയാടാതെ വിരക്തയായ സന്ന്യാസിനിയെപ്പോലെ സ്ഥൈൎയ്യത്തോടും ഔദാസീന്യത്തോടും അവർ ചെയ്ത അപമാനങ്ങളെ സഹിക്കയല്ലേ ചെയ്തതു്? ബഹുവിധവിപത്തുകൾകൊണ്ടു നിറഞ്ഞ കാടുകളിലും ദുൎഗ്ഗമമായ മലകളിലും കൂടി പാഞ്ചാലി ഭൎത്താക്കന്മാരുടെ പൎയ്യടനങ്ങളിലെല്ലാം ഒരു ഛായയെപ്പോലെ അവരെ പിന്തുടൎന്നു് അവരുടെ സുഖങ്ങളിൽ എന്ന പോലെ ദുഃഖങ്ങളിലും സമമായി പങ്കുകൊണ്ടു..............അജ്ഞാതവാസം ചെയ്‌വാൻ ദ്രൌപദി വിരാടരാജ്ഞിയുടെ സൈരന്ധ്രിയായി അന്തഃപുരത്തിലെ പ്രവൃത്തികൾ ചെയ്തു സ്വാഭിമാനഗൌരവം വിട്ടുപജീവിക്കേണ്ടി വന്നു...........ഇങ്ങനെയുള്ള ഭാഗ്യക്ഷയത്തിൽ നേരിട്ട ആപത്തുകളേയും കഷ്ടാനുഭവങ്ങളേയുംലക്ഷ്യമാക്കാതെ സഹിച്ച സ്വാത്മാവിനേയും സ്വാഭിമാനത്തേയും മറന്നു ഭൎത്തൃശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുമ്പോൾ ദ്രൌപദിക്കു ചിലപ്പോഴെല്ലാം ധൈൎയ്യം നശിച്ചു, നിരാശ വൎദ്ധിച്ചു, വൈരാഗ്യം ഉദിച്ചു, ലോകം ഉപേക്ഷിച്ചു്, ഭഗവാനെ മോക്ഷസിദ്ധിക്കായി നിരന്തരം ധ്യാനിച്ചിരി

ക്കന്നതുത്തമം എന്നു തോന്നാതിരുന്നിട്ടില്ല. എന്നിട്ടും പുത്രന്മാരുടെ താൽകാലികാവസ്ഥയും രാജ്യപ്രാപ്തിയിങ്കൽ അവൎക്കുണ്ടാകാവുന്ന ഗുണങ്ങളും പാഞ്ചാലി പ്രീതിപൂൎവ്വം ആലോചിച്ചുനോക്കി. അവരുടെ ഉൽകർഷത്തിനായി ഇതുവരെ ചെയ്തുപോന്ന ശ്രമങ്ങളേയും അനുഭവിച്ച കഷ്ടനഷ്ടങ്ങളേയും നഷ്ടമാക്കരുതെന്നുറച്ചു. അവരുടെ അഭ്യുദയം കാണ്മാനുള്ള ആശയെ ദൃഢമാക്കി വാൎദ്ധക്യത്തിൽ ധ്യാനയോഗംകൊണ്ടു ജന്മസാഫല്യം വരുത്താമെന്നു വിചാരിച്ച നിത്യാനന്ദം ഉപേക്ഷിച്ച സംസാരവ്യാമോഹത്തിൽത്തന്നെ കിടന്നു. ഇതാണ് പുത്രവാത്സല്യവിജയം."

പാഞ്ചാലിയുടെ ആശാവല്ലരി പൂക്കാനുള്ള സമയമായി. യുദ്ധത്തിൽ കൌരവന്മാർ നിശ്ശേഷം നശിക്കുകയും പാണ്ഡവന്മാർ പരിപൂൎണ്ണമായ വിജയത്തെ സമ്പാദിക്കുകയുംചെയ്തു. "പ്രഭാതത്തിങ്കൽ ഹസ്തിനപുരത്തിൽനിന്നു മടങ്ങിവരുന്ന പാണ്ഡവന്മാരെ പുത്രന്മാരോടുകൂടി അഭിനന്ദിപ്പാൻ ആലോചിച്ച ദ്രൌപദി അവരുടെ ശയ്യാഗൃഹത്തിൽചെന്നു നോക്കിയപ്പോൾ കൃതാന്തൻ ഈ മാതാവിനെ കാണിച്ചതു് എന്താകുന്നു? അതികഠിനമായ ഖഡ്ഗധാരയാൽ മുറിവേററ രക്തപ്രവാഹത്തിൽ മുങ്ങി ബീഭത്സങ്ങളായ വികടകബന്ധങ്ങളെ നിലത്തുകണ്ടു പാഞ്ചാലി അയ്യോ ഈശ്വരാ എന്നു നിലവിളിച്ചു നിലത്തുവീണു. പുത്രന്മാരുടെ അഭ്യുദയത്തേയും യശസ്സിനേയും കുറിച്ചുള്ള പാഞ്ചാലിയുടെ മനോരഥങ്ങൾ എല്ലാം ദിവാസ്വപ്നമായി പരിണമിച്ചു."

സ്വാമിപ്രീതിയെ ഉദ്ദേശിച്ചു് ദ്രോണപുത്രൻ ചെയ്ത കഠിനപ്രവൃത്തി പാഞ്ചാലിയുടെ ജീവിതാശയെ പാടേ കരിച്ചുകളഞ്ഞു. എന്തിനെവിചാരിച്ച് അതുവരെയുള്ള ക്ലേശങ്ങളെയൊക്കെ സഹിച്ചുവോ ആ ഏകമായ ജീവിതോദ്ദേശ്യവും തകൎന്നുപോയി. അൎജ്ജുനനും ശ്രീകൃഷ്ണനുംകൂടി അശ്വത്ഥാമാവിനെ കണ്ടുപിടിച്ച് ദ്രൌപദിയുടെ മുമ്പിൽ കൊണ്ടുപോകുകയും ആ സാദ്ധ്വിയുടെ ജീവിതാശയെ പാടേ തകൎത്തുകളഞ്ഞ ആ ക്രൂരാത്മാവിന് എന്തു ശിക്ഷയാണ് കൊടുക്കേണ്ടതെന്നു് ദ്രൌപതിയോടു ചോദിക്കുക

യ്യംചെയ്തു. ദ്രൌപതി അപ്പോഠം പറഞ്ഞ വാക്കുകളെ ഗ്രന്ഥകാരൻ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:— "എന്റെ പ്രാണനാഥാ, ഈ ദുർഭഗൻ അങ്ങയുടെ ധനുർവ്വേദാചാര്യനായ ദ്രോണരുടെ പുത്രനാകയാൽ ദ്രോണർതന്നേ. അതുകൊണ്ടു ഗുരുവിനേപ്പോലെ വന്ദ്യനാണ്. ഇയാളുടെ മാതാവായ കൃപി ഭർത്തൃവിപത്തിനാൽ വൈധവ്യദുഃഖം നിത്യമനുഭവിച്ചു പ്രേമസർവ്വസ്വം പുത്രനിൽ നിക്ഷേപിച്ചു ജീവസന്ധാരണംചെയ്തുവരികയാണ് ഈ പാപിഷ്ഠന്റെ മരണത്തിങ്കൽ ബഹുലീഭവിച്ച ശോകം സഹിക്കാൻകഴിയാതെ ഗുരുപത്നി പ്രാണനെ നിശ്ചയമായും ഉപേക്ഷിക്കും. ദ്രോണരുടെ വംശം അററുപോകും. അതുകൊണ്ട് ഇയാളെ ഭർത്സിക്കയോ ശിക്ഷിക്കയോ ചെയ്യാതെ ഇപ്പോഠംതന്നെ വിട്ടയപ്പിൻ. ഇയാഠം നിരുപദ്രവമായി പൊയ്ക്കൊള്ളട്ടെ."

പുത്രനാശത്താൽ ഉണ്ടായ അപാരശോകത്തെ മറന്നു്, മത്സരമിലിഞ്ഞു്, ആ ദുരാത്മാവിന്റെ മഹാപാതകങ്ങളെയെല്ലാംക്ഷമിച്ചു്,അനുകമ്പാപരവശയായി ദ്രൌപദി പറഞ്ഞ ഈ മറുപടി രേഖപ്പെടുത്തിക്കഴിഞ്ഞശേഷം ഗ്രന്ഥകാരൻ വായനക്കാരോടു ചോദിക്കുകയാണ്. "ജഗത്തിലെ സാഹിത്യത്തിൽ പാഞ്ചാലിക്കു തുല്യയായ മാതാവുണ്ടോ?" എന്നു്. ഇല്ലെന്നു തീർത്തു മറുപടിപറയാതിരിക്കുവാൻ ആരാണ് ശക്തനാവുക?

ഉപനിഷത്തുകഠം, ശാസ്ത്രങ്ങഠം മുതലായവയിൽ തനിക്കുള്ള അഗാധമായ പരിചയംമൂലം താനറിയാതെതന്നെ ഗ്രന്ഥകാരൻ പല ഘട്ടങ്ങളിലും ശാസ്ത്രോക്തികളെ വ്യാഖ്യാനിച്ചു പ്രതിപാദിക്കുന്നുണ്ട്. പരീക്ഷിത്തിനെ സംബന്ധിച്ചുള്ള കഥയിൽ ഒരിടത്ത് ആതിഥ്യത്തെപ്പററി അദ്ദേഹം ഇപ്രകാരം എഴുതിയിരിക്കുന്നു:— "ഇപ്പോഠം എല്ലായിടത്തും ഹോട്ടലുള്ളതുകൊണ്ട് ആതിത്ഥ്യം പൂജ്യമായിപ്പോയി. എന്നാൽ പണ്ട് അതു് എല്ലാ ഹിന്ദുക്കളുടേയും സാധാരണധർമ്മമായിരുന്നു. ബ്രഹ്മയജ്ഞം, ദേവയജ്ഞം, പിതൃയജ്ഞം, മനുഷ്യയജ്ഞം, ഭൂതയജ്ഞം എന്ന മഹായജ്ഞങ്ങളിൽ മനുഷ്യയജ്ഞമായ ആതിഥ്യം സർവ്വശ്രേഷ്ഠമായിരുന്നു.

അതിഥിയെ ഈശ്വരനായി ആരാധിപ്പാൻ ശ്രുതിവിധിക്കുന്നു. വേദത്തിൽ അഗ്നിഭഗവാനെ അതിഥിയായി സങ്കല്പിച്ച് ആരാധിക്കുന്നു. അതിഥിയെ ആരാധിക്കാതിരുന്നാൽ ആശ, സുകൃതഫലം, സൽസംസർഗ്ഗജപുണ്യം, സത്യവാദിത്വഫലം, സന്താനം മുതലായവ നശിക്കുമെന്നു് ഉപനിഷത്തിൽ പറയുന്നുണ്ട്."

പുത്രലാഭത്തിൽ ഹിന്ദുക്കൾക്കുള്ള പ്രത്യേകപ്രതിപത്തിയുടെ അടിസ്ഥാനത്തെ വെളിവാക്കിക്കൊണ്ട് മറെറാരിടത്ത് ഗ്രന്ഥകാരൻ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:—"ദേവന്മാർ, ഋഷിമാർ, പിതൃക്കൾ എന്നിവർക്കും മനുഷ്യർക്കും സന്താനമൂലമായി ഒരു നിത്യസംബന്ധം ഉണ്ടാകുന്നതാകുന്നു ഹിന്ദുക്കളുടെ വിവാഹസംസ്കാരം. ദേവപൂജയും ആർഷഗ്രന്ഥങ്ങളുടെ പാരായണവും പിതൃക്കൾക്കു ശ്രാദ്ധവും വിവാഹത്താൽ ജനിക്കുന്ന സന്തതിനിമിത്തമായി മുടക്കമില്ലാതെ നടന്നുവരും. ഈ കാരണത്താലാകുന്നു ഹിന്ദുക്കൾ പുത്രസന്താനത്തിനായി ഇത്ര ആശിക്കുന്നതു്. ഔരസപുത്രൻ ഇല്ലാത്തവൻ ദത്തെടുത്ത് കൃതകപുത്രനെക്കൊണ്ടു വംശം സുസ്ഥിരമാക്കാൻ ശ്രമിക്കും. ആത്മാവുതന്നെ പുത്രനായി ജനിക്കുന്നതുകൊണ്ടു ഭാര്യയെ ജായ എന്നു പറയുന്നു. തന്നെ നരകത്തിൽനിന്നുദ്ധരിച്ചു പരമസുഖത്തിലേക്കു നയിക്കുന്നവൻ പുത്രനാകയാൽ കുടുംബത്തിൻെറ പ്രതിഷ്ഠയും ബഹുമാനവും ശ്രേയസ്സും പുത്രനെയാണു് ആശ്രയിച്ചിരിക്കുന്നതു്."

ഇങ്ങിനെ ഉദ്ധരിക്കുവാൻ തുടങ്ങിയാൽ പുസ്തകം മുഴുവൻ പകർത്തേണ്ടതായിവരും. അതിന്നിവിടെ നിവൃത്തിയില്ല. പക്ഷേ ചരിത്രപുരുഷന്നു് സ്വാധീനമായിരുന്ന ഗദ്യശൈലിയേയും അദ്ദേഹം സ്വീകരിച്ചുപോന്ന പ്രതിപാദനരീതിയേയും മനസ്സിലാക്കുന്നതിന്നു് ഇങ്ങനെ ചില ഭാഗങ്ങൾ ഉദ്ധരിക്കാതെ കഴിയുകയുമില്ലല്ലോ. ഏതായാലും ഈ ഭാഗം ഇനിയും നീട്ടണമെന്നുദ്ദേശിക്കുന്നില്ല.

വത്സരാജചരിതം വിദ്യാർത്ഥികളുടെ ഉപയോഗത്തെ ഉദ്ദേശിച്ച് രചിച്ച ഒരു കഥാപുസ്തകമാണെങ്കിലും, അതു് സർവ്വശാസ്ത്രസാരാമൃതവും പുരാണേതിഹാസസംഗ്രഹവും ആയിത്തീർന്നിട്ടു

ണ്ടെന്നു് നാം കണ്ടുകഴിഞ്ഞുവല്ലോ. ഇത്ര വിശിഷ്ടമായ ഒരു കൃതി തിരുവിതാംകൂർ, കൊച്ചി, മദ്രാസ് എന്നീ സംസ്ഥാനങ്ങളിലെ പാഠ്യപുസ്തകക്കമ്മേററിക്കാർ അംഗീകരിച്ചതിലോ പബ്ളിക് പരീക്ഷാക്ലാസുകളിൽ പാഠ്യപുസ്തകമായി നിശ്ചയിക്കപ്പെട്ടതിലോ അത്ഭുതത്തിനു വകയില്ല. തിരുവിതാംകൂറിൽ മലയാളം സ്കൂൾ ലീവിംഗ് പരീക്ഷയ്ക്കു് ഇതൊരു പാഠ്യപുസ്തകമായി നിശ്ചയിച്ച അവസരത്തിൽ, കേരളസ്കോട്ടെന്ന അപരാഭിധാനത്താൽ സുവിദിതനായ സി. വി. രാമൻപിള്ള അവർകളുടെ പ്രസിദ്ധകൃതിയായ മാർത്താണ്ഡവർമ്മയ്ക്കു തുല്യമായ സ്ഥാനമാണ് ഇതിനു നല്കിയിരുന്നതു് എന്നുള്ള സംഗതിയും ഇവിടെ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു.

## ശ്രീഹർഷചരിതവും നാഗാനന്ദവും

ഭാരതീയകഥാമഞ്ജരിയിലെ രണ്ടാംനമ്പരായി 1922_ൽ പ്രസിദ്ധംചെയ്ത മറെറാരു ഗ്രന്ഥമാണ് "ശ്രീഹർഷചരിതവും നാഗാനന്ദവും. "ഇതും ഏകദേശം വത്സരാജചരിതത്തെപ്പോലെയുള്ള ഒരു പുസ്തകംതന്നെ. ഇതിൻെറ മുഖവുരയിൽ ഗ്രന്ഥകാരൻ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:_

"പുരാണാദികളിൽനിന്നു കഥകളെ സംഗ്രഹിച്ചു ഭാരതീയകഥാമഞ്ജരി എന്ന പേരോടുകൂടിയ ഒരു പുസ്തകാവലി പ്രസിദ്ധപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുന്നു............പാഠപുസ്തകങ്ങളിലെ വിഷയം ഗുണപ്രദവും രസകരവും ഭാഷ ആദരണീയവും അനുകരണീയവും ആയിരിക്കേണമെന്ന തത്വം ദൃഷ്ടിയിൽ വെച്ചിട്ടുണ്ടു്. ഇംഗ്ലീഷ് ഗദ്യത്തെ അനുകരിച്ചുവരുന്ന ഭാഷാഗദ്യം ഇംഗ്ലീഷ് സംഹിത്യവിധികളേയും അംഗീകരിച്ചാൽമാത്രം ഫലിക്കുമെന്നതു സ്പഷ്ടം.......അമൂല്യമായ അനേകവിഷയങ്ങൾ ഭാഷാവ്യാകരണത്തിൽ പ്രവേശിക്കാതെ ഇനിയും കിടപ്പുണ്ടു്. അതുനിമിത്തം വ്യാകരണത്തിനും ഗദ്യരചനയ്ക്കും ന്യൂനത ബാധിച്ചിട്ടുണ്ടു്. ഗദ്യത്തിനു പ്രാചുര്യം കൂടിയാലേ പ്രാബല്യവും സൗന്ദര്യവും കൂടുള്ളു. ഈ കാര്യ

സിദ്ധിക്കുള്ള മാറ്റങ്ങൾ വ്യാകരണവും സാഹിത്യശാസ്ത്രവും കാണിക്കുന്നു. വിദ്യാൎത്ഥികൾ ഈ മാറ്റങ്ങളെ ലക്ഷ്യമാക്കി ഭാഷാപ്രബന്ധങ്ങൾ എഴുതി സ്വവിചാരങ്ങളെ ഋജുവായും വ്യക്തമായും അറിയിപ്പാൻ ശീലിച്ചാൽ ഇംഗ്ലീഷ് ഉപന്യാസം ഭംഗിയിൽ എളുപ്പം എഴുതാൻ സാധിക്കും. ശബ്ദസാമഗ്രിയും ഫലിക്കുന്ന വാചകരീതിയും സമ്പാദിപ്പാൻ വിദ്യാൎത്ഥി നല്ല പുസ്തകങ്ങളെ ആലോചനയോടേ വായിച്ചു സാഹിത്യസ്വഭാവം ഗ്രഹിക്കേണം. വിദ്യാൎത്ഥികളുടെ ഇഷ്ടം ഈ പുസ്തകാവലിയും നിൎവ്വഹിക്കും എന്നു വിചാരിക്കുന്നു."

പ്രഥമസഞ്ചികയായ വത്സരാജചരിതവും ദ്വിതീയസഞ്ചികയായ ഈ കൃതിയും തമ്മിൽ പല ബന്ധങ്ങളും ഉണ്ട്. ബൃഹൽകഥയിൽ നിന്നെടുത്ത ഉദയനചരിത്രവും ശ്രീഹർഷകൃതികളായ രത്നാവലി, പ്രിയദൎശിക എന്നീ ദൃശ്യകാവ്യങ്ങളുമാണല്ലോ പ്രഥമസഞ്ചികയ്ക്കടിസ്ഥാനം. ആ ശ്രീഹൎഷൻെറ ജീവചരിത്രവും അദ്ദേഹത്തിൻെറ ശേഷിച്ച ഒരു ദൃശ്യകാവ്യമായ നാഗാനന്ദവും ദ്വിതീയസഞ്ചികയ്ക്കും അടിസ്ഥാനമായിരിക്കുന്നു. "ശ്രീഹൎഷൻെറ നാടകത്രയത്തിലെ കഥാവസ്തുവിനെ ഒന്നിച്ചുകൊണ്ടുവരുവാൻവേണ്ടി വത്സരാജചരിതത്തോടു നാഗാനന്ദനാടകത്തേയും ചേൎത്ത് രണ്ടുഭാഗങ്ങളോടുകൂടിയ ഈ പുസ്തകം കേരളീയരുടെ കൃപാവലോകനത്തിന്നായി സാദരം സമൎപ്പിച്ചുകൊള്ളുന്നു." എന്നാണ് ഗ്രന്ഥകാരൻ പറഞ്ഞിരിക്കുന്നത്.

ശ്രീഹർഷൻെറ സമകാലീനനും സഹചാരിയും ആയിരുന്ന ബാണഭട്ടൻെറ ശ്രീഹർഷചരിത്രം എന്ന ഗദ്യപ്രബന്ധമാണ് ഇതിലെ ആദ്യഭാഗത്തിനാശ്രയം. ശ്രീഹർഷൻ സ്വസഹോദരിയായ രാജ്യശ്രീയെ അന്വേഷിച്ചുകണ്ടെത്തുകയും അവരെ വിരക്തതയിൽനിന്നു വിമുക്തയാക്കി രാജധാനിയിലേക്കു കൊണ്ടുപോകുകയും ചെയ്തുവരെയുള്ള കഥയും ശ്രീഹർഷനെ സംബന്ധിച്ചുള്ള ഒരു ജീവിതവിമർശവും ആദ്യഭാഗത്തിലും, ഗരുഡൻ അമൃതവർഷം ചെയ്യിച്ച് നാഗങ്ങളെ പുനർജ്ജീവിപ്പിക്കുകയും

ജീമൂതവാഹനനെ കൃതാൎത്ഥനാക്കുകയും ചെയ്യുതുവരെയുള്ള കഥ അവസാനഭാഗത്തിലും കൊള്ളിച്ചിട്ടുണ്ട്. ഗ്രന്ഥവിസ്തൃതിയെ ഭയന്നോ എന്തോ ധൎമ്മശാസ്ത്രപ്രതിപാദനം ഇതിൽ കുറേ കുറച്ചിരിക്കയാണ്. കഥാകഥനരീതി ആദ്യപുസ്തകത്തെ അപേക്ഷിച്ച് കൂടുതൽ ഹൃദ്യമായിട്ടുണ്ടെന്നുള്ളതും വിസ്മരിക്കാവുന്നതല്ല.

## വേദവ്യാസൻ

കൊല്ലവൎഷം 1089_ൽ കൊല്ലത്തുനിന്നും പ്രസിദ്ധംചെയ്തുകൊണ്ടിരുന്ന വേദവ്യാസൻ മാസികയിലും 1099_ൽ പരിഷത്തിൻെറ ആഭിമുഖ്യത്തിൽ പ്രസിദ്ധംചെയ്തു തുടങ്ങിയിരുന്ന സാരസ്വതബോധിനി മാസികയിലും ഖണ്ഡശഃ പ്രസിദ്ധംചെയ്ത ശേഷം, ഇറവൂർ ശ്രീ നരസിംഹവിലാസം പുസ്തകശാലക്കാർ അവരുടെ ശ്രീ നരസിംഹവിലാസം ഗ്രന്ഥാവലിയിൽ ചേൎത്തു പുസ്തകരൂപത്തിൽ അച്ചടിപ്പിച്ച ഒരു പ്രബന്ധമാണ് "വേദവ്യാസൻ." കൃഷ്ണദ്വൈപായനൻെറ ചരിത്രവും വ്യാസഭഗവാൻ ലോകോപകാരാൎത്ഥം ചെയ്തിട്ടുള്ള മഹനീയങ്ങളായ കൃത്യങ്ങളുമാണ് ഇതിലെ പ്രതിപാദ്യവിഷയം. 32 വശങ്ങൾമാത്രം അടങ്ങിയ ഒരു ചെറിയ പുസ്തകമാണിത്. പക്ഷെ, ഇതിൽ പ്രഭു അവർകൾ അടക്കിയിട്ടുള്ള കാൎയ്യങ്ങൾ രേഖപ്പെടുത്തുന്നതിനു മറെറാരാൾക്കാണെങ്കിൽ ഒരു ബൃഹൽഗ്രന്ഥംതന്നെ വേണ്ടിവരുമായിരുന്നു. വേദങ്ങളിലും ശാസ്ത്രങ്ങളിലും പുരാണങ്ങളിലും ഇതിഹാസങ്ങളിലുംനിന്ന് ഗ്രന്ഥകാരൻ ഇതിൽ പലേ കാൎയ്യങ്ങളും എടുത്തുചേൎത്തിട്ടുണ്ട്. ശേഷഗിരിപ്രഭു അവർകൾക്ക് ഹൈന്ദവമതസിദ്ധാന്തങ്ങളിൽ എത്ര അഗാധമായ പാണ്ഡിത്യമാണുണ്ടായിരുന്നതെന്നു മനസ്സിലാക്കുന്നതിന് ഈ ഒരൊററപ്പുസ്തകം മാത്രം ഒന്നു വായിച്ചുനോക്കിയാൽ മതിയാകും.

വ്യാസാവതാരത്തിനുള്ള നിമിത്തത്തെപ്പററി ഗ്രന്ഥകാരൻ ഇപ്രകാരം വിവരിച്ചിരിക്കുന്നു:— "ലോകത്തിൽ ജ്ഞാനം നഷ്ടമായി, യാഗാദികൎമ്മങ്ങൾ മുടങ്ങി, ജനങ്ങൾ അജ്ഞാനത്തിൽ

മുഴുകി വ്യാകുലപ്പെട്ടു കഷ്ടനഷ്ടങ്ങൾ അനുഭവിക്കുന്നതുകണ്ടു ദയാർദ്ര ചിത്തന്മാരായ ബ്രഹ്മരുദ്രാദിദേവന്മാർ ജഗദേകശരണമായ വിഷ്ണുവിനെ സ്തുതിച്ച് ലോകത്തെ ഉദ്ധരിച്ചു സംരക്ഷിക്കേണമേ എന്നു പ്രാർത്ഥിച്ചു. കരുണാനിധിയും അനിമിത്തോപകാരിയും ആയ ഭഗവാൻ വ്യാസരൂപേണ ആവിർഭവിച്ചു. ദിക്കാലകാരണങ്ങളാൽ അവിച്ഛിന്നനായി, അഖണ്ഡാനന്ദസ്വരൂപിയായി, സകലൈശ്വര്യസമ്പൂർണ്ണനായിരിക്കുന്ന പരമാത്മാവു തന്റെ അപാരമഹിമയേയും ഐശ്വരഭാവത്തേയും ദൂരീകരിച്ചു താൻ അസ്വതന്ത്രനും, പരാധീനനും ആയ ഒരു മനുഷ്യന്റെ വേഷംധരിച്ച്, നരധർമ്മങ്ങളെ അനുവർത്തിച്ചു തന്റെ ഉപദേശത്താലും ആചരണത്താലും മനുഷ്യർക്കു പരമോൽകൃഷ്ടനിദർശനമായിത്തീരാൻ പരിശ്രമിക്കുന്നതു പരമാത്മാവിനു ജീവാത്മാക്കളിലുള്ള നിരതിശയമായ പ്രീതിയുടേയും കരുണയുടേയും സൂചകമാകുന്നു. തന്റെ ഉത്തമമായ ഐശ്വര്യഭാവംവിട്ടു നികൃഷ്ടമായ മനുഷത്വം അംഗീകരിക്കുന്നതാകുന്നു അവതാരം. ധർമ്മത്തിന്റെ ഗ്ലാനിയും അധർമ്മത്തിന്റെ അഭ്യുത്ഥാനവും ലോകത്തിൽ ഉണ്ടാവുമ്പോൾ തന്റെ മായാശക്തിയെ അവലംബിച്ച് ദേശകാലാനുരൂപമായ ശരീരം ധരിച്ച്, ധർമ്മത്തെ പ്രതിഷ്ഠാപിച്ചു സാധുക്കളെ സംരക്ഷിച്ച് ദുഷ്ടന്മാരെ നിഗ്രഹിച്ചു ഭൂഭാരം കുറച്ചുകളഞ്ഞു ലോകത്തെ അപ്പോഴപ്പോൾ നവീകരിക്കുന്നതാകുന്നു. അവതാരപ്രയോജനം ദ്വാപരയുഗത്തിലെ അജ്ഞാനതിമിരത്തെ നശിപ്പിച്ചു ജ്ഞാനപ്രകാശത്തെ ലോകത്തിൽ പരത്തുവാനായി വ്യാസാവതാരവും ധർമ്മവിഘാതംചെയ്തു ഭൂഭാരം വർദ്ധിപ്പിക്കുന്ന കംസാദിദുഷ്ടന്മാരെ നിർമ്മൂലച്ഛേദനംചെയ്തു ശിഷ്ടന്മാരെ സംരക്ഷിപ്പാനായി ശ്രീകൃഷ്ണാവതാരവും ഉണ്ടായി."

ബ്രഹ്മപുത്രനായ വസിഷ്ഠമഹർഷിയുടെ പൗത്രനായ പരാശരൻ സത്യവതിയെ ഗാന്ധർവ്വവിധിപ്രകാരം വിവാഹംകഴിക്കുകയും സത്യവതീസുതനായി ജനിച്ച ദ്വൈപായനൻ പിതാവിൽനിന്നു സകല വേദശാസ്ത്രങ്ങളേയും പഠിക്കുകയുംചെയ്ത സംഗതി വിവ

രിച്ചശേഷം ഗ്രന്ഥകാരൻ വ്യാസദേവന്റെ ശിഷ്യസമ്പത്തിനെപ്പററിയും ശിഷ്യന്മാരുടെ സഹകരണത്തോടുകൂടി ലോകോപകാരാർത്ഥം അദ്ദേഹം സാധിച്ച ഉൽകൃഷ്ടകാര്യങ്ങളെപ്പററിയും പ്രതിപാദിച്ചിരിക്കുന്നു. ഏകമായിരുന്ന വേദത്തെ നാലായിപകുത്തതിനെപ്പററി ഗ്രന്ഥകാരൻ പറയുകയാണു്:— "നമ്മുടെ ശ്രൌതസ്മാർത്തകർമ്മങ്ങളെ അനുഷ്ഠിക്കുമ്പോൾ വേദമന്ത്രങ്ങളെ ഉച്ചരിച്ചല്ലയോ ചെയ്യുമാറു്? ഒരു കർമ്മത്തിനു് ആവശ്യമായ മന്ത്രങ്ങളെ വേദസംഹിതിയിൽനിന്നു സംഗ്രഹിച്ചു എടുത്തു വിനിയോഗിക്കേണ്ടതാകയാൽ കർമ്മങ്ങൾ ആചരിക്കണമെങ്കിൽ ഒരുവൻ സമഗ്രവേദം അറിഞ്ഞവനായിരിക്കണം. വേദാദ്ധ്യായത്തിനുതന്നെ ഒരു പുരുഷായുഷം വേണ്ടിവന്നാൽ ദൈനംദിനമായി ചെയ്യേണ്ടുന്ന സംസ്കാരാതികർമ്മത്തിൽ മന്ത്രങ്ങളെ വിനിയോഗിക്കുന്നതു സുദുസ്സാധ്യംതന്നെ. അതുകൊണ്ടു ദ്വൈപായനൻ ചെയ്ത വേദവിഭാഗത്താൽ അദ്ധ്യയനക്ലേശങ്ങൾകുറഞ്ഞു; യാഗാദികർമ്മാനുഷ്ഠാനത്തിനു സൗകര്യംകൂടി; കർമ്മജന്യഫലം എളുപ്പത്തിൽ ലഭിക്കാറായി; പൌരോഹിത്യത്താൽ ഉപജീവനം കഴിക്കുന്നവൎക്കും ജീവികോപായങ്ങൾ എളുപ്പമായി."

ഇപ്രകാരം വേദത്തെ പകുത്തതിനുശേഷവും ചില വിഷമങ്ങൾ ദ്വൈപായനനു് അനുഭവപ്പെട്ടു. വേദാധികാരികളല്ലാത്ത സ്ത്രീകളുടേയും ശൂദ്രന്മാരുടേയും രക്ഷയ്ക്കു് എന്തുചെയ്യണമെന്നുള്ളതാണതു്. "സ്ത്രീകൾക്കും ശൂദ്രന്മാൎക്കും ബ്രഹ്മബന്ധുക്കൾക്കും മോക്ഷംകിട്ടേണ്ടതു് ന്യായമാകയാൽ കരുണാസാഗരമായ വേദവ്യാസൻ ഇവരുടെ അഭ്യുദയത്തിനും നിശ്രേയസത്തിനും വേണ്ടി വേദാർത്ഥോപബൃംഹിതമായ മഹാഭാരതജ്ഞാനദീപത്തെ ലോകത്തിൽ പ്രജ്വലിപ്പിച്ചു ഹാർദ്ദമായ അജ്ഞാനാന്ധകാരത്തെ നശിപ്പിച്ചു." മഹാഭാരതം മുഴുവൻ അധ്യയനംചെയ്തു് ജ്ഞാനസമ്പാദനം സാധിക്കാൻ കഴിവില്ലാത്തവൎക്കുവേണ്ടി ഭഗവത്ഗീതയെ മഹാഭാരതത്തിൽചേർത്തു. "ഈ ഗീതയേക്കാൾ അമൂല്യമായ ദിവ്യരത്നം ലോകത്തിൽ ഇല്ല." എന്നും, "ഗീതയിലെ ദിവ്യോപദേശ

ങ്ങളെ പ്രമാണിച്ച് നടന്നാൽ ഇഹത്തിലും പരത്തിലും സുഖമുണ്ടാകുന്നതാണ്." എന്നും ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നു. ഗീതയുടെ ഗാംഭീര്യംകണ്ടു ഭയപ്പെടുന്നവരെ ഉദ്ദേശിച്ച് ശ്രീ വിഷ്ണുവിന്റെ ദിവ്യസഹസ്രനാമത്തേയും ഭാരതത്തിൽ സംഘടിപ്പിച്ചുവത്രെ. ഏവം വിധമുള്ള പ്രവൃത്തികൾമൂലം മോക്ഷപ്രാപ്തിക്കുള്ള ക്ലേശങ്ങളെ സാരമാംവണ്ണം കുറവുചെയ്തിട്ടും വ്യാസമഹർഷിക്ക് ചാരിതാർത്ഥ്യമുണ്ടായില്ലെന്നും, "സംതൃപ്തിയും സ്വാസ്ഥ്യവും ഇല്ലാതെ വളരെ ചിന്താകുലനായി'' സരസ്വതീതീരത്തു ചെന്നിരുന്നു എന്നും നാരദമഹർഷിയുടെ ഉപദേശപ്രകാരം പിന്നീട് ശ്രീമദ്ഭാഗവതത്തെ നിർമ്മിച്ച് ആ മഹാത്മാവ് കൃതാർത്ഥനായി എന്നുമുള്ള കഥയാണ് അടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നതു്. പുരാണങ്ങൾ, ഉപപുരാണങ്ങൾ ഇവയെപ്പററിയുള്ള ചർച്ചയാണ് അവസാനഭാഗം. ചില പുരാണങ്ങളിലെ പ്രതിപാദനങ്ങൾ പരസ്പരവിരുദ്ധങ്ങളായിരിക്കുന്നതിനെപ്പററി ചർച്ചചെയ്കയും അവയ്ക്കുള്ള ആക്ഷേപസമാധാനങ്ങളെ വിവരിച്ച് സൂക്ഷ്മാവലോകനത്തിൽ യാതൊരു വൈരുദ്ധ്യവും കണ്ടെത്തുവാൻ സാദ്ധ്യമല്ലെന്നു സ്ഥാപിക്കുകയും ചെയ്തശേഷം, "വ്യാസൻ ലോകരുടെ അനിമിത്തോപകാരിയായ പ്രിയസുഹൃത്തും പരമാപ്തതമനായ ധർമ്മബോധകനും ദയാർദ്രചിത്തനായ ജഗൽഗുരുവും ആകുന്നു എന്നതിൽ രണ്ടുപക്ഷം വരാനില്ല.'' എന്ന പ്രസ്താവനയോടുകൂടി ഗ്രന്ഥം സമാപിപ്പിച്ചിരിക്കുന്നു.

## സീത, സാവിത്രി, ഉമ

വിദ്യാർത്ഥികൾക്കായുള്ള ഗ്രന്ഥശാലകളിലെ ഉപയോഗത്തെ ഉദ്ദേശിച്ച് അനുക്രമമായ ലാഘവകാഠിന്യത്തോടെ പുരാണകഥകൾ, ചരിത്രകഥകൾ, കല്പിതകഥകൾ മുതലായവ ഉൾപ്പെടുത്തിയുള്ള ഗ്രന്ഥപരമ്പരകൾ തയാറാക്കുന്ന സമ്പ്രദായം ഇംഗ്ലീഷ്ഭാഷയിൽ വളരെ പ്രചാരത്തിലിരിക്കുന്നുണ്ടല്ലോ. അത്തരം ഒരു രീതിക്ക് നിർഭാഗ്യവശാൽ മലയാളഭാഷയിൽ ഇതേവരെ പ്രചാരം

സിദ്ധിച്ചിട്ടില്ല. ഇംഗ്ലീഷ് ഗ്രന്ഥപരമ്പരകളെ അനുകരിച്ച്, 'ഇന്ത്യയിലെ ഇതിഹാസകഥകൾ' എന്നപേരിൽ മലയാളത്തിലും അത്തരം ഒരു ഗ്രന്ഥാവലി തയാറാക്കുവാൻ മാക്മില്ലൻ കമ്പനിക്കാർ ആശിച്ചതിൻെറ ഫലമായുണ്ടായ ഒരു ചെറിയ പുസ്തകമാണ് "സീത, സാവിത്രി, ഉമ". ശ്രീരാമദേവൻെറ പത്നിയായ സീതാദേവിയുടേയും, അശ്വപതിരാജാവിൻെറ പുത്രിയായ സാവിത്രിയുടേയും, ഹിമവാൻെറ പുത്രിയായ ഉമയുടേയും ചരിത്രം കൊച്ചുകുട്ടികൾക്കും വായിച്ചുമനസ്സിലാക്കാൻപററിയ ലളിതമായ ഭാഷയിൽ ഇതിൽ സംക്ഷേപിച്ചു ചേത്തിരിക്കുന്നു.

മാക്മില്ലൻ കമ്പനിയുടെ വകയായി പ്രസിദ്ധംചെയ്തിട്ടുള്ള പ്രസ്തുതപുസ്തകത്തിൽ ''മിസ്സിസ്സ് സത്യനാഥൻ രചിച്ചതിൻെറ പരിഭാഷ'' എന്നുമാത്രമേ പ്രസ്താവിച്ചുകാണുന്നുള്ളു. പരിഭാഷകനെപ്പററി യാതൊരു സൂചനയും പുസ്തകത്തിൽ ഇല്ല പക്ഷെ, ഈ പരിഭാഷ നമ്മുടെ ചരിത്രനായകൻേറതാണെന്ന് പലരും വിശ്വസിക്കുന്നു; സാരസ്വതബോധിനി, സാരസ്വതവാഷികഗ്രന്ഥം എന്നീ പ്രസിദ്ധീകരണങ്ങളിൽ ശേഷഗിരിപ്രഭു അവർകളുടെ നാമത്തോടു സംഘടിപ്പിച്ച് ഈ പുസ്തകത്തിൻെറ പേരും പറഞ്ഞു കണ്ടിട്ടുണ്ട്. മാക്മില്ലൻ കമ്പനിയുടെ ഒരു പ്രതിനിധിയും ചരിത്രപുരുഷൻെറ പുത്രനും ആയ ശ്രീ: ആർ. എസ്സ്. പ്രഭു അവർകൾ ഈ പുസ്തകം എഴുതിത്തയാറാക്കിയതു് തൻെറ പിതാവായ ചരിത്രപുരുഷനാണെന്ന് ഇതെഴുതുന്നയാളോട് നേരിട്ടു പറഞ്ഞിട്ടുമുണ്ട്.

ഇതിലെ ഭാഷാരീതിയുടെ ലാളിത്യം കാണിക്കുവാൻ ചില വാക്യങ്ങൾ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ:—"പണ്ട് ഇന്ത്യയിൽ അശ്വപതി എന്ന ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം സദ്വൃത്തനും ധീമാനും ആയിരുന്നു. പ്രജകളൊക്കെ അദ്ദേഹത്തെ സ്നേഹിച്ചു. എന്നാൽ മക്കൾ ഇല്ലായ്കയാൽ രാജാവിന്നു സന്തോഷമുണ്ടായില്ല. മക്കൾ ഉണ്ടാവാനായി സാവിത്രീദേവിയെ ആരാധിച്ചു. ദേവിയുടെ പ്രസാദത്തിനായി യാഗങ്ങൾകഴിച്ചു. ഇങ്ങനെ

വളരെക്കാലം കഴിഞ്ഞു ഒരിക്കൽ ദേവി പ്രത്യക്ഷയായി 'ഒരു മകനു ഉണ്ടാകും' എന്നു പറഞ്ഞു."

കൊച്ചുകുട്ടികളെ ഉദ്ദേശിച്ച് ഇത്ര ചെറിയ വാക്യങ്ങൾ ഉപയോഗിച്ചാണ് ഇതു് എഴുതപ്പെട്ടിരിക്കുന്നതെങ്കിലും ധർമ്മശാസ്ത്ര പ്രതിപാദനത്തിന് ഇതിലും അദ്ദേഹം അവസരമുണ്ടാക്കാതിരുന്നിട്ടില്ല. സീതയുടെ കഥ ഉപസംഹരിക്കുന്ന അവസരത്തിൽ ചേർത്തിരിക്കുന്ന ഒരു ഖണ്ഡിക നോക്കുക:—

"തന്റെ ഭർത്താവിനെ സഹായിക്കുന്നതു ഭാര്യയുടെ ധർമ്മമാണ്. ഭാര്യ ഭർത്താവിന്റെ സുഹൃത്തായിരിക്കേണം. വിവാഹത്തിങ്കൽ ഭാര്യാഭർത്താക്കന്മാരുടെ സഖ്യം നഖമാംസംപോലെ അഭേദ്യമാണെന്നു കാണിപ്പാൻ ബ്രാഹ്മണകന്യകമാരെ സപ്തപദി നടത്തുന്നു. ഏഴു അടി ഒന്നിച്ചുനടന്നാൽ അവർ സഖാക്കളായി എന്നതു ഹിന്ദുധർമ്മം. അതുകൊണ്ടു് സംസ്കൃതത്തിൽ സഖിത്വത്തിനു സാപ്തപദീനം എന്നു പേർ പറയും. ഈ വിഷയങ്ങളെല്ലാം അറിഞ്ഞിരുന്ന സീത തന്റെ ധർമ്മം പ്രശംസിക്കത്തക്കവിധം അനുഷ്ഠിച്ചു. എല്ലാവരും അവരവരുടെ പ്രവൃത്തികൾ ന്യായമായും കൃത്യമായും ചെയ്യണം. അതു ആയാസംകൂടിയതായിരിക്കാം; എന്നാലും ചെയ്യാതിരിക്കരുതു്. ഈ ധർമ്മം അനുഷ്ഠിച്ചാൽ ഈശ്വരൻ നമ്മിൽ പ്രസാദിക്കും. ഈശ്വരൻ പ്രസാദിച്ചാൽ എന്താണ് അലഭ്യം?"

ഇങ്ങനെ സ്വതന്ത്രമായി പല കാര്യങ്ങളെപ്പററിയും പ്രതിപാദിക്കുകയും കഥാഘടനയെ ഇതിനനുകൂലമായവിധത്തിൽ ക്രമപ്പെടുത്തുകയും ചെയ്തിട്ടുള്ള ഒരു കൃതി ഒരു പരിഭാഷയാണെന്നു പറഞ്ഞുകാണുന്നതു് വിസ്മയകരമായിരിക്കുന്നു.

ശേഷഗിരിപ്രഭു അവർകളുടെ കൃതികളായ നാലു ഗദ്യപുസ്തകങ്ങളെപ്പററിയും നാം ഇത്രയുംകൊണ്ടു് ഏറെക്കുറെ പരിചയം സമ്പാദിച്ചുകഴിഞ്ഞിരിക്കുന്നു. ഒരു ഗ്രന്ഥകാരൻ എന്ന നിലയിൽ ചരിത്രപുരുഷൻ പ്രശസ്തനായിത്തീർന്നിരുന്നില്ല എന്നുള്ളതു് പരമാർത്ഥമാണ്. മേൽവിവരിച്ച നാലുപുസ്തകങ്ങളിൽ ഒരെണ്ണത്തിൽ

അദ്ദേഹത്തിൻെറ പേർ ചേർത്തിട്ടേ ഇല്ല. മററൊന്നു് അദ്ദേഹം പരലോകം പ്രാപിച്ചിട്ടു് ഒരുദശാബ്ദം കഴിഞ്ഞതിനുശേഷംമാത്രം പുസ്തകരൂപത്തിൽ വെളിപ്പെട്ടതാണു്. ശേഷിച്ച രണ്ടെണ്ണവും അദ്ദേഹം തൻെറ അറുപത്താറാമത്തെ വയസ്സിലാണു് എഴുതിയതു്. അവ പ്രസിദ്ധപ്പെടുത്തിയതിനുശേഷം കഷ്ടിച്ചു് രണ്ടുകൊല്ലക്കാലം മാത്രമേ അദ്ദേഹം ജീവിച്ചിരുന്നുള്ളു. വത്സരാജചരിതം, ശ്രീഹർഷചരിതവും നാഗാനന്ദവും എന്നീ ഗ്രന്ഥങ്ങളെ തുടൎന്നു് 'ഭാരതീയകഥാമഞ്ജരി'യിൽ ചേർത്തു് പ്രസിദ്ധം ചെയ്യുന്നതിനായി കാളിദാസൻെറയും ഭവഭൂതിയുടേയും നാടകങ്ങളെ ആധാരമാക്കിയുള്ള ചില ഗ്രന്ഥങ്ങൾകൂടി അദ്ദേഹം എഴുതിത്തയാറാക്കിയിരുന്നുവെങ്കിലും അദ്ദേഹത്തിനു് അവയെ പ്രസിദ്ധംചെയ്വാൻ സാധിക്കുകയോ അദ്ദേഹത്തിൻെറ പിൻഗാമികൾക്കു് ഇതേവരെ അതിനുള്ള സന്നദ്ധത ഉണ്ടാവുകയോ ചെയ്തില്ല. അതുപോലെതന്നെ 'സീത, സാവിത്രി, ഉമ' എന്ന ഗ്രന്ഥത്തെതുടൎന്നു് അദ്ദേഹം എഴുതീട്ടുള്ള പുസ്തകങ്ങളും പ്രസിദ്ധംചെയ്യുകയുണ്ടായിട്ടില്ല. ചുരുക്കിപ്പറഞ്ഞാൽ ചരിത്രപുരുഷൻ എഴുതീട്ടുള്ള പുസ്തകങ്ങളിൽ അപൂൎവ്വം ചിലതിനു മാത്രമേ മുദ്രണഭാഗ്യം സിദ്ധിച്ചിട്ടുള്ളു. ശേഷിച്ചവയെല്ലാം എവിടെയോകിടന്നു് നശിച്ചിരിക്കാം; അഥവാ മററുള്ളവൎക്കു് അലഭ്യമായവിധത്തിൽ വല്ല അപകടസ്ഥലത്തും കുടുങ്ങിപ്പോയിരിക്കാം. ഈ സ്ഥിതിക്കു് ഗ്രന്ഥകാരൻ എന്ന നിലയിൽ അദ്ദേഹം പ്രശസ്തനായിത്തീരാത്തതിൽ അതിശയിക്കുവാനില്ലല്ലോ.

## അദ്ധ്യായം 4

# വൈയാകരണൻ 1

### കേരളപാണിനീയവിമർശം

ശേഷഗിരിപ്രഭു അവർകൾ പ്രസിദ്ധനായിത്തീർന്നിട്ടുള്ളതു് ഒരു വൈയാകരണൻ എന്ന നിലയിലാണു്. സാധാരണന്മാർക്കാർക്കും അത്ര പ്രിയമുള്ള ഒരു വിഷയമല്ല വ്യാകരണം. വെറും സാങ്കേതികവും തീരെ ശുഷ്കവും ആയ ഒരു വിഷയമാണതു് അസാമാന്യമായ ക്ഷമയും മനസ്സിനെ ഏകാഗ്രമാക്കി നിർത്തുവാനുള്ള കഴിവും ഉള്ളവർക്കുമാത്രമേ അതിനോടു സമീപിക്കാൻ സാധിക്കുകയുള്ളു. ഭാഷയ്ക്കു് ആദ്യമായൊരു സമഗ്രമായ വ്യാകരണം നിർമ്മിക്കുവാൻ ഒരു യൂറോപ്യൻപാതിരി വരേണ്ടിവന്നതും വ്യാകരണ സംബന്ധമായുള്ള ഗ്രന്ഥങ്ങൾ ഭാഷയിൽ അപൂർവ്വമായിരിക്കുന്നതും ഇക്കാരണത്താലാണു്. ഇപ്രകാരമുള്ള വ്യാകരണ മഹോദധിയിൽ മുങ്ങി, അഗാധമായ അതിന്റെ അടിത്തട്ടിൽചെന്നു്, അവിടെനിന്നും ലഭിക്കാവുന്നിടത്തോളം രത്നങ്ങൾ കരസ്ഥമാക്കി ഉയർന്നുവന്ന പ്രഭു അവർകൾ വൈയാകരണൻ എന്ന നിലയിൽ പ്രശസ്തനായതിലോ മലയാളികളായ സർവ്വജനങ്ങളുടേയും ബഹുമാനത്തിനു പാത്രീഭവിച്ചതിലോ അതിശയിക്കുവാനില്ലല്ലോ.

കേരളപാണിനീയത്തിനു വിമർശം എഴുതിത്തുടങ്ങിയതോടുകൂടിയാണു് പ്രഭു അവർകളെപ്പറ്റി മലയാളികൾ പൊതുവെ അറിയുവാനിടയായതു്. ഭാഷാപ്രണയികളുടെ ചിരകാലത്തെ പ്രതീക്ഷയുടെ ഫലമായി കൈരളിക്കു ലഭിച്ച ഒരു അമൂല്യസ്വത്താണു് കേരളപാണിനീയം. ആ ഗ്രന്ഥത്തെ വിമർശിക്കുക എന്ന ഒരു സാഹസപ്രവൃത്തിക്കു് ഒരാൾ ഉദ്യമിക്കുന്നതു കാണുമ്പോൾ ഭിന്ന

ങ്ങളായ പലേ മനോഭാവങ്ങളോടുംകൂടി ആ ഉദ്യമത്തെ നിരീക്ഷണം ചെയ്യുവാൻ ഏവനും ഒരുങ്ങിയിരിക്കും. വല്ലപ്പോഴും ചുവടൊന്നു പിഴച്ചുപോകുന്നതായിക്കണ്ടാൽ ഉടനെ പരിഹാസകോലാഹലം മുഴങ്ങുകയും ചെയ്യും. ഇതൊക്കെ നേരത്തെ മനസ്സിലാക്കിയും എന്നാൽ പരിപൂർണ്ണമായ ആത്മവിശ്വാസത്തോടുകൂടിയും ആണ് പ്രഭു അവർകൾ അക്കാര്യത്തിൽ ഉദ്യോഗിച്ചതു്. കണ്ടത്തിൽ വറുഗീസ്മാപ്പിള അവർകളുടെ നേതൃത്വത്തിൽ കോട്ടയത്തുനിന്നും പ്രസിദ്ധം ചെയ്തുകൊണ്ടിരുന്ന ഭാഷാപോഷിണി മാസികയുടെ 1073 കുംഭമാസത്തെ ലക്കത്തിൽ വിമർശനത്തിന്റെ ആദ്യഭാഗം പ്രസിദ്ധീകരിക്കപ്പെട്ടു. പ്രസ്തുതവിമർശം എഴുതുന്നതിനു് താൻ ഒരുമ്പെടുന്നതിനുള്ള കാരണങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടു് ആ സുദീർഘലേഖനത്തിന്റെ പീഠികയായി പ്രഭു അവർകൾ ഇപ്രകാരം എഴുതിയിരിക്കുന്നു:—

"കേരളപാണിനീയം എന്ന ഒരു നവീനവ്യാകരണത്തെക്കുറിച്ചുള്ള എന്റെ അഭിപ്രായം എന്തെന്നറിയിപ്പാൻ ചില സ്നേഹിതന്മാർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും, കാര്യബാഹുല്യം, സഞ്ചാരം, അനവസരം, അന്യകൃതികളിലെ ദോഷപ്രകടനം ആത്മാവിൽ അസൂയാരോപണത്തിനു ഹേതുവാകുമോ എന്ന ഭയം ഇവയാൽ മൗനംദീക്ഷിച്ചു് ഇതുവരെ ഒന്നും എഴുതാതെ കഴിച്ചു. ഇപ്പോൾ ആ നിർബ്ബന്ധം പ്രതിദിനം വർദ്ധിക്കുന്നതുകൊണ്ടും, നിഷ്പക്ഷമായും അസൂയ കൂടാതേയും ഒരു ഗ്രന്ഥത്തിലെ ഗുണദോഷങ്ങളെ വിചാരണ ചെയ്യുന്നതായാൽ ആ പരിശ്രമം ഭാഷാപരിഷ്കാരത്തിനും പ്രചാരത്തിനും ബുദ്ധിവികാസത്തിനും ശാസ്ത്രത്തിന്റെ ദാർഢ്യത്തിനും പ്രചാരത്തിനും ഉതകുമെന്നു് കരുതിക്കൊണ്ടും, മഹാന്മാരുടെ ദോഷോൽഘാടനം സ്വാത്മശ്രേയസ്സിനുതന്നെ ഹാനികരമാണെങ്കിലും ശിഷ്യവ്യുൽപത്തിക്കു ഗുണാവഹമാകയാൽ ശാസ്ത്രരീതികളിൽ അധികം ശ്രദ്ധയും ദൃഷ്ടിയും വെയ്ക്കാൻ ഇടയുള്ളതായിത്തീരുമെന്നു് ഊഹിക്കകൊണ്ടും മാത്രമത്രെ ഇതിൽ ഞാൻ പ്രവേശിക്കുന്നതു്. ഇതിനുമുൻപുണ്ടായ മലയാളവ്യാ

കരണഗ്രന്ഥങ്ങളിലെ ന്യൂനതകളെപ്പററി ആരും ഒന്നും ആക്ഷേപിക്കാതിരുന്നതുകൊണ്ടല്ലയോ അവയിലെ ദോഷങ്ങളെ അകററി പുതുക്കുവാൻ ഇടവരാതെ അവ പൂർവ്വസ്ഥിതിയിൽ തന്നെ ഇരുന്നു് ഉപയോഗമില്ലാത്തവയായിത്തീർന്നതു്? സ്വസാമർത്ഥ്യത്തേയോ പാണ്ഡിത്യത്തേയോ പ്രകടിപ്പിക്കേണമെന്ന ദുർമ്മോഹം കൊണ്ടുള്ള തുനിവല്ല ഇതെന്നും കൂടി പറഞ്ഞുകൊള്ളുന്നു. വ്യാകരണത്തിന്നു പൂർണ്ണശാസ്ത്രത്വം ഉണ്ടായിവരേണമെന്ന ഏകാഗ്രഹത്താൽമാത്രം ഈ ഉപന്യാസം എഴുതുന്നതാണു്. ഇതിൽ പറയുന്ന ന്യായങ്ങൾക്കു് അനുകൂലമായോ പ്രതികൂലമായോ വിദ്വാന്മാർ എഴുതുന്നതായാൽ അതു വ്യാകരണത്തിന്നു വളരെ ഗുണപ്രദമായിരിക്കുമെന്നു പൂർണ്ണമായി വിശ്വസിക്കുന്നു. 'ദ്വിതീയ പാണിനി' യായ ഗ്രന്ഥകർത്താവു് ഈ എൻെറ അഭിപ്രായങ്ങൾ അവസരം പോലെ ആലോചിച്ചു് യഥാന്യായം പ്രവർത്തിച്ചുകൊള്ളാൻ അപേക്ഷിക്കയും ചെയ്യുന്നു."

നിരൂപണത്തിനായൊരുങ്ങുന്ന ഒരാൾക്കു് അവശ്യം ഉണ്ടായിരിക്കേണമെന്നു വിധിച്ചിട്ടുള്ള പ്രതിപക്ഷബഹുമാനം, സ്വപ്രത്യയസ്ഥൈര്യം, ഔദ്ധത്യപരിഹാരം, അഭിപ്രായധീരത മുതലായ ഗുണങ്ങൾ പ്രഭു അവർകളിൽ ഏററവും പരിപുഷ്ടമായി വിളങ്ങിയിരുന്നുവെന്നു കാണാവുന്നതാണു്. ശ്ലാഘ്യമായിട്ടുള്ളതിനെ ശ്ലാഘിക്കുന്നതിലും ദൂഷ്യമായിട്ടുള്ളതിനെ ദൂഷിക്കുന്നതിലും പ്രഭു അവർകൾ ഒട്ടും ഉദാസീനനായിട്ടില്ല. 'ഇന്നഭാഗം തെററിപ്പോയി' എന്നു് സാമാന്യമായി പറഞ്ഞുകൊണ്ടു് ഒഴിഞ്ഞുകളയുകയാണല്ല, തെററിന്നതെന്നു സ്പഷ്ടമായി ചൂണ്ടിക്കാണിക്കുവാൻതന്നെയാണു് ഓരോഘട്ടത്തിലും അദ്ദേഹം ഒരുങ്ങിയിട്ടുള്ളതു്.

ഒൻപതു ഭാഗങ്ങളായി ക്രമപ്പെടുത്തിയിരുന്ന ഈ വിമർശം 1075 കുംഭമാസത്തേ ലക്കംകൊണ്ടു് അവസാനിച്ചു. പ്രഭു അവർകൾ അക്ഷന്തവ്യമായ ഒരു സാഹസത്തിനാണു് കോപ്പുകൂട്ടുന്നതെന്നു വിചാരിച്ചിരുന്നവരെല്ലാം ലേഖനത്തിൻെറ സമാപ്തീകരണത്തോടുകൂടി അദ്ദേഹത്തെ ആരാധിക്കുന്നവരും ബഹുമാനിക്കുന്ന

വരും ആയിത്തീൎന്നു. മഹാകവി ഉള്ളൂർ ആ സംഭവത്തെപ്പററി ഇപ്രകാരം എഴുതിയിരിക്കുന്നു:—

"ഒന്നാമത്തെ ലേഖനംതന്നെ അഭിജ്ഞന്മാരായ കേരളീയരുടെ ആദരപൂൎവ്വമായ ശ്രദ്ധയെ ആകമാനം ആകർഷിച്ചു. കേരളസാഹിത്യസാമ്രാജ്യത്തിലെ ഏകച്ഛത്രാധിപതിയായ കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ പ്രിയഭാഗിനേയനും ശിഷ്യാഗ്രഗണ്യനുമായ കേരളപാണിനി അന്നത്തെ സൎവ്വകലാശാലാബിരുദധാരികളായ കേരളീയസംസ്കൃതപണ്ഡിതന്മാരിൽ അഗ്രഗണ്യനും, കുശാഗ്രബുദ്ധിയും വിവിധഭാഷാവൈജ്ഞാനികനും, വിശേഷിച്ച് ശബ്ദശാസ്ത്രപാരാവാരീണനുമായിരുന്നു. അനന്യസുലഭങ്ങളായ അനേകം സിദ്ധികളുടെ സമീചീനമായ സമ്മേളനം നിമിത്തമാണ് അദ്ദേഹത്തിനു മലയാളഭാഷയെ സംബന്ധിച്ച സൎവ്വലക്ഷണസമ്പന്നമായ ഒരു വ്യാകരണഗ്രന്ഥം രചിക്കുവാൻ സാധിച്ചതു്. അങ്ങനെയുള്ള ഒരു പ്രമാണപുരുഷന്റെ—സാമ്രാജ്യത്തിലെ അടുത്ത കിരീടാവകാശിയുടെ—അത്തരത്തിലുള്ള ഒരു ഗ്രന്ഥതല്ലജം മറെറാരു കേരളീയന്റെ നിരൂപണത്തിനു വിഷയീഭവിക്കുക എന്നുള്ളതുതന്നെ അവൎക്കു മഹാശ്ചൎയ്യമായിത്തോന്നി. അതിഭയങ്കരമായ ഒരു മഹാരണ്യത്തിൽ സ്വതന്ത്രമായി, സ്വച്ഛന്ദമായി, ദിഗ്വിജയംചെയ്തു സൎവ്വാരാധ്യത സ്വായത്തമാക്കി, വിഹരിക്കുന്ന ബലിഷ്ഠനായ ഹൎയ്യക്ഷവൎയ്യന്റെ സടകളിൽ കടന്നു പിടിക്കൂടുവാനുള്ള സാഹസികത ഏതു സാമാന്യമൃഗത്തിനാണുണ്ടാകുന്നതു്? പ്രഭുവിനെ അനുവാചകന്മാർ ഉററുനോക്കി; നോക്കുംതോറും അദ്ദേഹത്തെ ഒന്നിനൊന്നു ഉച്ഛ്റിതനായാണ് അവർകണ്ടതു്. കേരളപാണിനീയത്തിന്റെ നിർമ്മിതിക്കു് അധികാരി തമ്പുരാനാണെങ്കിൽ, വിമർശനത്തിനധികാരി പ്രഭുതന്നെയാണെന്നു് അവർ ഐകകണ്ഠ്യേന സമ്മതിച്ചു."

പ്രഭു അവർകളുടെ വിമർശനത്തിന് കേരളപാണിനി എഴുതിയ മറുപടി 1075 മിഥുനത്തിലെ ഭാഷാപോഷിണിയിൽ പ്രസിദ്ധംചെയ്തുതുടങ്ങി. വിമർശനത്തിലെ അഭിപ്രായങ്ങളിൽ സ്വീകാ

ര്യമായിട്ടുള്ളതിനെ സ്വീകരിച്ചും അസ്വീകാര്യമായിട്ടുള്ളതിനെ അതിനുള്ളകാരണങ്ങൾ ചൂണ്ടിക്കാണിച്ച് തിരസ്കരിച്ചും എഴുതപ്പെട്ട പ്രസ്തുത മറുപടിയിൽ പ്രഭുഅവർകളെപ്പററിയും അദ്ദേഹത്തിൻെറ വിമർശനത്തെപ്പററിയും കേരളപാണിനി ഇപ്രകാരമാണ് പറഞ്ഞിരിക്കുന്നത്:—

“ഈ ഗ്രന്ഥത്തെ ഇത്രത്തോളം നിഷ്കർഷയോടുകൂടി ആരും വായിച്ചുകാണുകയില്ലെന്നു നിശ്ചയമായി പറയാം. ഗ്രന്ഥം വിഷയസ്വഭാവംകൊണ്ടും സംക്ഷിപ്തതകൊണ്ടും ഒരു പുതുതായ പ്രസ്ഥാനമായതുകൊണ്ടും ഞാൻ വിചാരിച്ചതിലധികം കഠിനമായിപ്പോയി എന്നതു സമ്മതിച്ചേതീരൂ എത്രതന്നെ നിഷ്കർഷിച്ചുപഠിപ്പിച്ചാലും ശിഷ്യന്മാർ ഈ ഗ്രന്ഥത്തിൽ വിഷയകാഠിന്യത്താൽ വൈമുഖ്യം ഭാവിക്കുന്നു. പൂർവ്വാപരമുള്ള പരാമർശങ്ങളെ നിഷ്കർഷിച്ചുനോക്കിക്കൊണ്ടു രണ്ടോമൂന്നോ ആവൃത്തി മനസ്സുവച്ചു പഠിച്ചാലല്ലാതെ ഈ ഗ്രന്ഥത്തിൻെറ സ്വരൂപജ്ഞാനമുണ്ടാകുന്നതല്ല. ഈവിധമുള്ള ഗ്രന്ഥത്തെ കേവലം ജ്ഞാനത്തിലുള്ള ശ്രദ്ധകൊണ്ടു മാത്രം കൂലങ്കഷമായി പരിശോധിച്ചു ഗുണദോഷങ്ങളെ നിരൂപണംചെയ്യുന്നതിനു ഈ മഹാൻ ഉദ്യമിച്ചതുകൊണ്ടു ഈ വിഷയത്തിലുള്ള എൻെറ ശ്രമം സഫലമായി എന്നു വിശ്വസിക്കുന്നു.... ........ആകപ്പാടെ നോക്കുമ്പോൾ പ്രഭുവിൻെറ നിരൂപണം കേരളപാണിനീയത്തിൻെറ ഉപരികേരളമഹാഭാഷ്യമായിത്തീർന്നിരിക്കുന്നു ”

കേരളപാണിനീയത്തെ പ്രഭു അവർകൾ നിരങ്കുശമായി വിമർശിച്ചു എന്ന കാരണത്താൽ കേരളപാണിനിയും ചരിത്രപുരുഷനും തമ്മിൽ പരമശത്രുക്കളായിത്തീർന്നുവെന്നു ചിലർ തെററിദ്ധരിച്ചുപോയിട്ടുണ്ടു്. ഈ വിമർശനവും മറുപടിയും ആ രണ്ടു പണ്ഡിതന്മാരേയും തമ്മിൽ കുറേക്കൂടി അടുപ്പിക്കുകയും അവരുടെ മൈത്രിയെ സുദൃഢമാക്കുകയും ചെയ്കയാണുണ്ടായതു് എന്ന വാസ്തവം മനസ്സിലാക്കാത്തവരായി ഇക്കാലത്തും ചിലരൊക്കെ ശേഷിക്കുന്നുണ്ടെന്നു അടുത്തകാലത്തു പ്രസിദ്ധപ്പെടുത്തിയ ചില

പുസ്തകങ്ങൾ വെളിപ്പെടുത്തുന്നു. "ബഹുജനം പലവിധം" എന്നുണ്ടല്ലോ.

കേരളപാണിനിയും ശേഷഗിരിപ്രഭു അവർകളും തമ്മിൽ സുദൃഢമായ സ്നേഹബന്ധത്തോടുകൂടിയാണ് വർത്തിച്ചിരുന്നതെന്നുള്ളതിന് പല ലക്ഷ്യങ്ങളുമുണ്ട്. 1079-ൽ തലശ്ശേരിയിൽവച്ചു നടന്ന ഭാഷാപോഷിണി സഭയുടെ സപ്തമസമ്മേളനത്തിലെ നടപടികൾ അക്കൂട്ടത്തിൽ പ്രാധാന്യത്തെ അർഹിക്കുന്നു. മലയാളത്തിലുള്ള വ്യാകരണ ഗ്രന്ഥങ്ങളിൽവച്ച് കേരളപാണിനീയവും അതിനെ അനുസരിച്ചുള്ള സംഗ്രഹങ്ങളുമാണ് നല്ലതെന്നും ആകയാൽ അവകളെ അംഗീകരിപ്പാൻ സർവ്വകലാശാലക്കാരോട് സഭ അപേക്ഷിക്കണമെന്നും വിവരിച്ചുകൊണ്ട് പ്രഭു അവർകൾ പ്രസ്തുത സമ്മേളനത്തിൽ ഒരു പ്രമേയം അവതരിപ്പിച്ചു. "ഭാഷാശാസ്ത്രം ആധാരമാക്കി മലയാളഭാഷയുടെ സ്വരൂപത്തേയും ഘടനത്തേയും ഗോത്രത്തേയും നിശ്ചയിച്ച്, ഭാഷാശാസ്ത്രം കാട്ടിക്കൊടുക്കുന്ന മാർഗ്ഗങ്ങളിൽ വ്യാകരണ വിഷയങ്ങളെ ഉപപാദിച്ച്, നൈയായിക രീതിയിൽ സംജ്ഞകളെ നിർവ്വചിച്ച് അഭിപ്രായഭേദങ്ങളുള്ള ദിക്കുകളിൽ സ്വസിദ്ധാന്തത്തെ കാണിച്ചുകൊടുക്കുന്ന ഒരു ശാസ്ത്രീയവ്യാകരണം കേരളപാണിനീയം മാത്രമേ ഉള്ളു" എന്നാണ് അദ്ദേഹം അന്നു പ്രസ്താവിച്ചതു്. ബാലവ്യാകരണം വ്യാകരണമിത്രം എന്നിങ്ങനെ സ്വതന്ത്രങ്ങളും ഉത്തമങ്ങളും ആയ രണ്ടു വ്യാകരണഗ്രന്ഥങ്ങൾ സ്വന്തമായി എഴുതി പ്രസിദ്ധപ്പെടുത്തു കഴിഞ്ഞതിനുശേഷമായിരുന്നു പ്രഭു അവർകൾ ഇപ്രകാരം പ്രസ്താവിക്കയും പ്രമേയം ഹാജരാക്കുകയും ചെയ്തതെന്ന വസ്തുതകൂടി ഈ അവസരത്തിൽ സ്മരിക്കേണ്ടതാകുന്നു. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട്, എം. ശേഷഗിരിപ്രഭു അവർകൾ തുടങ്ങിയുള്ളവരുടെ പ്രശംസകൾ ലഭിച്ചിട്ടുള്ള ഒരു ഗ്രന്ഥമാണ് കേരളപാണിനീയം എന്നുള്ളതിൽ തനിക്കു കൃതാർത്ഥതയ്ക്കു വകയുണ്ടു് എന്നു് കേരളപാണിനിയും രേഖപ്പെടുത്തിയിരിക്കുന്നു. കേരളപാണിനീയത്തിന് ഒരു പുതിയപതിപ്പ് ആവശ്യമായി വന്നപ്പോൾ

പ്രഭു അവർകളുടെ വിമർശനത്തിലെ പല ഭാഗങ്ങളേയും അടിസ്ഥാനമാക്കി കേരളപാണിനി തന്റെ ഗ്രന്ഥത്തെ പരിഷ്കരിക്കുകയുണ്ടായി എന്നുള്ളതും പ്രഭു അവർകളുടെ അഭിപ്രായങ്ങളെ ആദരിക്കുന്ന വിഷയത്തിൽ കേരളപാണിനിക്കുണ്ടായിരുന്ന താൽപര്യത്തെ വെളിപ്പെടുത്തുന്നു. എന്നുമാത്രമല്ല, താൻ എഴുതുന്ന ഗ്രന്ഥങ്ങൾ പ്രസിദ്ധീകരണത്തിനുമുൻപ് പ്രഭു അവർകൾക്കയച്ച് അഭിപ്രായമാരായുക എന്നൊരുപതിവും കേരളപാണിനിക്കുണ്ടായിരുന്നു എന്നു കാണുന്നുണ്ട്. സ്വാതന്ത്ര്യമായി വ്യാകരണഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള പ്രഭു അവർകൾ കേരളപാണിനീയത്തെ ആധാരമാക്കിയും അതിലെ സൂത്രങ്ങൾക്കനുസരണമായും ഏതാണ്ട് അതിന്റെ സംഗ്രഹമെന്ന രൂപത്തിലും വറുഗീസുമാപ്പിള അവർകളുടെ ആവശ്യപ്രകാരം "വ്യാകരണാദർശം" എന്നപേരിൽ ഒരു ഗ്രന്ഥം തയാറാക്കിക്കൊടുക്കുകയുണ്ടായി എന്നതും ഇവർ തമ്മിലുള്ള മൈത്രിയെ വെളിപ്പെടുത്തുന്നു.

പ്രഭു അവർകളുടെ മാതൃഭാഷ മലയാളമല്ലല്ലൊ. പ്രയോഗവിധങ്ങൾ, വ്യാകരണനിയമങ്ങൾ മുതലായി പലേ ഉപാധികളിലും ദ്രാവിഡ ഭാഷകളിൽനിന്ന് സാരമായ അകൽചയുള്ള ഒന്നാണ് അദ്ദേഹത്തിന്റെ മാതൃഭാഷ. അതിനാൽ ഒരു മലയാളിക്ക് മലയാളവ്യാകരണത്തിൽ പാണ്ഡിത്യം സമ്പാദിക്കുന്നതിനാവശ്യമുള്ളതിൽ വളരെ അധികമായ പ്രയത്നം അദ്ദേഹത്തിന് അക്കാര്യത്തിൽ വേണ്ടിവരുമെന്നുള്ളത് സ്വാഭാവികമാകുന്നു. ഇങ്ങനെയുള്ള ഒരാൾ അക്കാര്യത്തിൽ ഇത്രയധികം പാണ്ഡിത്യം സമ്പാദിച്ചതും ആത്മവിശ്വാസത്തിന്റെ പ്രചോദനത്താൽ ആ പാണ്ഡിത്യത്തെ ഏററവും ഉചിതമായ വിധത്തിൽ പ്രയോഗിക്കുവാൻ സന്നദ്ധനായതും ഏററവും ആശ്ചര്യകരമായിരിക്കുന്നു. "ബലിഷ്ഠനായ ഹര്യക്ഷവര്യന്റെ സടകളിൽ കടന്നു പിടികൂടി" വിജയം പ്രാപിച്ച ഒരാൾ പ്രശസ്തനും ബഹുജനാരാദ്ധ്യനും ആയിത്തീരുന്നത് വെറും ന്യായം മാത്രമാണല്ലോ.

"ഇൻഡ്യയിൽ അഗ്രഗണ്യന്മാരായ സംസ്കൃതപണ്ഡിതന്മാരിൽ ഒരാളും യൂറോപ്പിലെ സർവ്വകലാശാലകളിൽനിന്നുപോലും ബഹുമാനസൂചകമായി ബിരുദങ്ങൾ നേടീട്ടുള്ള ആളുമായ ഡാക്ടർ ഭണ്ഡാർകർ, സംസ്കൃതം പഠിക്കാൻ ആരംഭിക്കുന്നവരുടെ ശ്രമത്തെ ലഘൂകരിക്കാനായി മാർഗ്ഗദർശിക എന്നും, സംസ്കൃത മന്ദിരാന്തഃപ്രവേശിക എന്നും ഇംഗ്ലീഷിൽ രണ്ടു പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. സാധാരണമായി ബോംബേഫസ്റ്റ്ബുക്ക് എന്നും ബോംബേസെക്കൻറ്ബുക്ക് എന്നും പറഞ്ഞുവരുന്ന ഈ ഗ്രന്ഥങ്ങൾക്ക് ഇൻഡ്യയിൽ മാത്രമല്ല യൂറോപ്പിലും നല്ല പ്രചാരമുണ്ട്. നമ്മുടെ കഥാനായകൻ ഒരു വിദ്യാർത്ഥിയായിരുന്നകാലത്തുതന്നെ ഈ പുസ്തകങ്ങളിലുള്ള ചില ന്യൂനതകളെ ചൂണ്ടിക്കാണിച്ചു ഭണ്ഡാർകർ അവർകൾക്ക് ഒരു എഴുത്തയച്ചതായും ആ പണ്ഡിതവര്യൻ അതനുസരിച്ച് അടുത്തപതിപ്പിൽ ആ ന്യൂനതകൾ തീർത്തതായും അറിയാനിടയായിട്ടുണ്ട്." മലയാളവ്യാകരണത്തിൽ മാത്രമല്ല സംസ്കൃത വ്യാകരണത്തിലും ചരിത്രപുരുഷന് അഗാധമായ പാണ്ഡിത്യം ഉണ്ടായിരുന്നു എന്ന് ഇതിൽനിന്നും മനസ്സിലാക്കാം.

വ്യാകരണഗ്രന്ഥനിർമ്മാതാവിന് ഉണ്ടായിരിക്കേണ്ട യോഗ്യതകളെപ്പററി പ്രഭു അവർകൾ തൻെറ ഒരു വ്യാകരണഗ്രന്ഥത്തിൻെറ മുഖവുരയിൽ ചുവടേചേർക്കുംവിധം രേഖപ്പെടുത്തിയിരിക്കുന്നു:—

"ഉപാധ്യായന്മാർക്കും ശിഷ്യന്മാർക്കും ഭാഷാവ്യാകരണത്തിൽ ഒരുപോലെ അരുചിയും അനാദരവും ഉണ്ടെന്നതു് സർവ്വസമ്മതമാണല്ലോ. അതിന്നുകാരണം, പാഠശാലകളിൽ ഉപയോഗിക്കുന്ന വ്യാകരണപുസ്തകങ്ങളിൽ പലേടങ്ങളിലും ശാസ്ത്രീയരീതിവിട്ടു ചില അസംഗതങ്ങളെച്ചേർത്തു രചിക്കയാൽ ഭാഷയിൽകാണുന്ന എല്ലാ പ്രയോഗങ്ങൾക്കും വാക്യബോധത്തിനും ഇവ മതിയാവാത്തനിമിത്തംതന്നെ. ഈ ദോഷം നിവാരണംചെയ്യേണമെങ്കിൽ ഗ്രന്ഥകർത്താവിന്നു കേരളത്തിന്നുചുററുമുള്ള ഇതരദ്രാവിഡഭാഷക

ളായ കൎണ്ണാടകം, തുളു, കുടക്, തോഡ, ബഡഗ്, തമിഴ്, തെലുങ്ക് എന്നിവയുടെ ഏതാനും അറിവും സംസ്കൃതവ്യാകരണപരിചയവും വേണം. ഇതുകൂടാതെ, ഭാഷാശാസ്ത്രം എന്ന നവീനശാസ്ത്രത്തിൻെറ പരിജ്ഞാനവും വേണ്ടുംവിധം ഉണ്ടായിരിക്കേണം." ഈ യോഗ്യതകളെല്ലാം ഏറക്കുറെ സമ്പാദിച്ചശേഷമാണ് പ്രഭു അവർകൾ വ്യാകരണഗ്രന്ഥനിൎമ്മാണത്തിന്നൊരുങ്ങിയതു്. അതും കഴിഞ്ഞിട്ടാണ് മറെറാരു ഗ്രന്ഥത്തെ വിമൎശിക്കാൻ തയാറായതു്. വൈയാകരണൻ എന്ന നിലയിൽ പ്രശസ്തനായിത്തീരുന്നതിനുള്ള കാരണവും അദ്ദേഹത്തിൻെറ ബഹുഭാഷാപാണ്ഡിത്യംതന്നെയാകുന്നു.

## അദ്ധ്യായം 5

# വൈയാകരണൻ ii

### വ്യാകരണഗ്രന്ഥങ്ങൾ

കവിത നിൎമ്മിക്കുവാൻ കവികൾ; അവയെ വിമൎശിക്കുവാൻ നിരൂപകന്മാർ. ഇങ്ങനെ രണ്ടുതരക്കാരെ സാഹിത്യലോകത്തിൽ കാണാം. കവികൾ നിരൂപകന്മാരോ നിരൂപകന്മാർ കവികളോ ആകുക എന്നുള്ളതു് സാധാരണമല്ല. കേരളപാണിനീയത്തെ ഏററവും സാമൎത്ഥ്യത്തോടുകൂടി വിമർശിച്ച് ശേഷഗിരിപ്രഭു അവർകൾ വ്യാകരണഗ്രന്ഥവിമർശകൻ എന്ന ഖ്യാതിയെ സമ്പാദിച്ചു. മറെറാരുത്തൻ രചിക്കുന്ന ഗ്രന്ഥത്തെ വിമർശിക്കുവാൻ മാത്രമല്ല,

സ്വന്തമായി ഗ്രന്ഥങ്ങൾ രചിച്ച് മററുള്ളവരുടെ വിമർശനങ്ങൾക്കു പാത്രമാകത്തക്കവിധത്തിൽ പൊതുജനസമക്ഷം അവതരിപ്പിക്കുവാനുംകൂടി പ്രഭു അവർകൾ ഉദ്യമിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വകയായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള വ്യാകരണഗ്രന്ഥങ്ങളാണ് ബാലവ്യാകരണം, വ്യാകരണമിത്രം, വ്യാകരണാദർശം, ശിശുമോദകം, ബാലാമൃതം എന്നീ അഞ്ചു പുസ്തകങ്ങൾ. ഇവയിൽ വ്യാകരണമിത്രം ബാലവ്യാകരണത്തിന്റെയും ബാലാമൃതം ശിശുമോദകത്തിന്റെയും തുടർച്ചയും വ്യാകരണാദർശം ഇതിലൊന്നും ഉൾപ്പെടാതെയുള്ളതും ആകുന്നു. ഈ അഞ്ചുപുസ്തകങ്ങളെപ്പററിയും ചിലതൊക്കെ ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കാമെന്നാശിക്കുന്നു.

## ബാലവ്യാകരണം

'മലയാളവ്യാകരണചോദ്യോത്തരങ്ങൾ' എന്ന പുസ്തകത്തെ ആശ്രയിച്ച് വ്യാകരണസംബന്ധമായി വല്ലപ്പോഴും വല്ലതുമൊക്കെ പഠിപ്പിക്കുക എന്ന സമ്പ്രദായം നടപ്പിലിരുന്നു് കുറേക്കാലം കഴിഞ്ഞപ്പോൾ, ഭാഷാഭിവൃദ്ധിക്കും ഫലപ്രദമായ അഭ്യാസത്തിനും ആ സമ്പ്രദായം ഉതകുന്നതല്ല എന്നു് വിദ്യാഭ്യാസാധികൃതർതന്നെ സമ്മതിക്കേണ്ടതായി വന്നു. ഒരു അപ്രധാനവിഷയമായിത്തള്ളാവുന്ന ഒന്നല്ല വ്യാകരണം എന്നും, ശാസ്ത്രീയരീതിയിൽ അതു അഭ്യസിപ്പിച്ചാൽ മാത്രമേ ഭാവിതലമുറയിലെങ്കിലും ഭാഷ പരിപുഷ്ടിയെ പ്രാപിക്കുകയുള്ളൂ എന്നുംകണ്ടു. അതു സംബന്ധിച്ച് വിദ്യാഭ്യാസപദ്ധതിയിൽ വേണ്ട പരിഷ്കാരങ്ങൾ വരുത്തുന്നതിന് ശാസ്ത്രീയരീതിയിൽ എഴുതപ്പെട്ടിട്ടുള്ള വ്യാകരണഗ്രന്ഥങ്ങൾ ആവശ്യമായിത്തീർന്നു. ഇങ്ങനെയുള്ള ഒരു ഘട്ടത്തിലാണ് പ്രഭു അവർകളും മൂളിയിൽ കൃഷ്ണൻ അവർകൾ ബി. ഏ., ബി. എൽ., എഫ്. എം. യൂ-വും ചേർന്ന് ബാലവ്യാകരണം തയാറാക്കിയതു്. ഈ കൃഷ്ണൻ അവർകൾക്ക് പ്രഭു അവർകളുടെ ബാല്യകാലത്തു് കുറേക്കാലത്തേക്ക് ഗുരുസ്ഥാനം ഉണ്ടായിരുന്നു എന്നും അനന്തരകാല

ത്തു് പ്രഭു അവർകൾ സാഹിത്യപരിശ്രമങ്ങളിൽ കൃഷ്ണൻ അവർകളെ പലതരത്തിലും സഹായിച്ചുകൊണ്ടിരുന്നുവെന്നും കാണുന്നുണ്ടു്.

ബാലവ്യാകരണത്തിന്റെ ഒന്നാംപതിപ്പു് ക്രിസ്താബ്ദം 1898-ലും മൂന്നാംപതിപ്പു് 1903-ലും അഞ്ചാംപതിപ്പു് 1914-ലും പ്രസിദ്ധംചെയ്തു മലബാറിലെ പാഠശാലകളിൽ ഇന്നും ആ പുസ്തകം വളരെ പ്രചാരത്തിലിരിക്കുന്നു. അതിന്റെ അവതാരികയിൽനിന്നും താഴെ ഉദ്ധരിക്കുന്നഭാഗം ആ പുസ്തകത്തെപ്പററി സാമാന്യമായ ഒരു ബോധം ഉളവാക്കുവാൻ പര്യാപ്തമാകുമെന്നാശിക്കുന്നു.

"ശാസ്ത്രോപയോഗത്തിനുള്ള ജ്ഞാനം എങ്ങിനെയാകുന്നു സമ്പാദിക്കേണ്ടതെന്നും, സമ്പാദിച്ച തത്വങ്ങളെ ക്രമപ്പെടുത്തി ശാസ്ത്രമാക്കേണ്ടതെങ്ങിനെയെന്നും, ജ്ഞാനവിഷയങ്ങൾ ഏവയെന്നും വിവരിക്കുന്ന ശാസ്ത്രമാകുന്നു തൎക്കശാസ്ത്രം. ഇതു സകലശാസ്ത്രങ്ങളുടേയും മൂലാധാരം തന്നേ. ജ്ഞാനം നമുക്കുണ്ടാകുന്നതു് അന്തരിന്ദ്രിയത്തിന്റെ പ്രവൃത്തിയാലാകകൊണ്ടു് ഈ പ്രവൃത്തികൾ ഏവയെന്നും ഇവയുടെ പ്രമാണമെന്തെന്നുംകൂടി തൎക്കശാസ്ത്രത്തിൽ ഉപപാദിക്കുന്നു..........ഭാഷയിൽ തൎക്കശാസ്ത്രമില്ലായ്കനിമിത്തം സംസ്കൃതവും ഇംഗ്ലീഷും പരിചയമില്ലാത്ത ഉപാദ്ധ്യായന്മാൎക്കു് ഈ ശാസ്ത്രത്തിന്റെ ഗന്ധം ഉണ്ടാവാൻ പാടില്ല അതുകൊണ്ടു് അവർ ശാസ്ത്രവിഷയങ്ങളെ ന്യായമായി പഠിപ്പിക്കുന്നു എന്നു പറഞ്ഞുകൂടാ. ഈവിധം ഉപാദ്ധ്യായന്മാരുടെ ഉപയോഗത്തിനും മദിരാശി സംസ്ഥാനത്തിലെ വിദ്യാഭ്യാസനിബന്ധനകളെ അനുസരിച്ചും ആകുന്നു ഈ ചെറിയ വ്യാകരണം ഉണ്ടാക്കിയിരിക്കുന്നതു്. ഇതിൽ മൂന്നാന്തരത്തിന്നും നാലാന്തരത്തിന്നും ആവശ്യമുള്ള വിഷയങ്ങൾമാത്രം പറഞ്ഞിരിക്കകൊണ്ടു മൂലപാഠങ്ങളേ അടങ്ങുന്നുള്ളൂ."

മൂന്നാംതരത്തിലേയ്ക്കു് ആവശ്യമുള്ള നാമം, ക്രിയ ഇവയെപ്പററിയും നാലാംതരത്തിലേയ്ക്കു് ആവശ്യമുള്ള ആഖ്യ, ആ

വ്യാതം, കർമ്മം ഇവയെപ്പററിയും സവിസ്തരം ഇതിൽ വിവരിച്ചിട്ടുണ്ട്. കർമ്മത്തിൻെറ ലക്ഷണങ്ങൾ വിവരിച്ചുകഴിഞ്ഞു് സകർമ്മകക്രിയ, അകർമ്മകക്രിയ, പ്രകൃതീ പ്രത്യയങ്ങളുടെ ലക്ഷണങ്ങൾ എന്നിവയും വിവരിക്കപ്പെട്ടിരിക്കുന്നു. നാമത്തിൻെറ രൂപഭേദങ്ങളായ ലിംഗവചന വിഭക്തികളെപ്പററിയാണ് അടുത്തതായി പ്രതിപാദിച്ചിരിക്കുന്നതു്. അവതാരിക ഇപ്രകാരം തുടരുന്നു:—

"വ്യാകരണം ഒരു ശാസ്ത്രമെന്നുമാത്രമാകുന്നു ആദ്യം പറഞ്ഞതു്; എന്നാൽ എല്ലാശാസ്ത്രത്തിനും പ്രത്യേകമായി ഒരു വിഷയം വേണം. വ്യാകരണത്തിൻെറ വിഷയം ശബ്ദങ്ങൾ (വാക്കുകൾ) ആകുന്നു. ഈ ശബ്ദങ്ങളെ തരങ്ങളായി വിഭാഗിക്കുന്നു. ഈ തരങ്ങൾ നാമം, ഗുണവചനം, ക്രിയ, ക്രിയാവിശേഷണം, അവ്യയം എന്നിവതന്നെ ഈ വിഭാഗങ്ങളുടെ അവാന്തരവിഭാഗങ്ങളേയും പറഞ്ഞിരിക്കുന്നു........വാക്യാംശങ്ങൾ തമ്മിലുള്ള സംബന്ധത്തെയും, വാക്യങ്ങളേയും വാക്യാംശങ്ങളേയും കൂട്ടിച്ചേർക്കേണ്ടവിധത്തെയും, നാമരൂപങ്ങളുടെയും ക്രിയാരൂപങ്ങളുടെയും അനുഭവത്തെയും പ്രയോഗത്തെയും മററും വിവരിക്കേണ്ടതു് വാക്യകാണ്ഡത്തിൽ ആകയാൽ ആയവയെ ഇവിടെ ഉപേക്ഷിച്ചിരിക്കുന്നു."

ഏകദേശം നാല്പത്തഞ്ചു കൊല്ലക്കാലമായി പ്രചാരത്തിൽ ഇരിക്കുന്ന ഒരു വ്യാകരണഗ്രന്ഥമാണ് ബാലവ്യാകരണം ഇതിനു് ഓരോ പുതിയപതിപ്പും ആവശ്യമായി വന്ന ഘട്ടങ്ങളിലെല്ലാം പുസ്തകത്തെ വീണ്ടും വീണ്ടും പരിശോധിച്ച് ആവശ്യമുള്ളതരത്തിൽ പരിഷ്കരിക്കുവാൻ ഗ്രന്ഥകാരൻ ഒരുങ്ങാതിരുന്നിട്ടില്ല. ഇങ്ങനെ പലപ്രാവശ്യം പരിഷ്കരിക്കപ്പെട്ടതിനാൽ അതു് ഇന്നും ഒരു പുതിയ വ്യാകരണഗ്രന്ഥമായിത്തന്നെ ശോഭിക്കുന്നു.

## വ്യാകരണമിത്രം

"കൃത്തും, തദ്ധിതവും, സമാസവും. തത്സമവും തദ്ഭവവും ഇവിടെ ആവശ്യമല്ലായ്കയാൽ പ്രസ്താവിച്ചിട്ടില്ല. ആയവ ഉയർന്ന

തരത്തിലുള്ള വ്യാകരണത്തിൽ വിവരിക്കും.'' എന്നും ''വ്യാകരണമിത്രം എന്ന ഇതിന്റെ രണ്ടാംഭാഗം ഉടനെ പ്രസിദ്ധപ്പെടുത്തും.'' എന്നും ബാലവ്യാകരണത്തിന്റെ അവതാരികയിൽ പറഞ്ഞിട്ടുണ്ടായിരുന്നതനുസരിച്ച് അതിന്റെ തുടൎച്ചയായി തയാറാക്കിയിട്ടുള്ളതാണ് "വ്യാകരണമിത്രം."

വിഷയനിരൂപണം, ശിക്ഷാകാണ്ഡം, പരിനിഷ്ഠാകാണ്ഡം, വാക്യകാണ്ഡം, നിരുക്തകാണ്ഡം ഇങ്ങനെ അഞ്ചുഭാഗങ്ങൾ വ്യാകരണമിത്രത്തിൽ അടങ്ങിയിട്ടുണ്ട്. ബാലവ്യാകരണത്തിന്റെ തുടൎച്ചയായുള്ള ഈ വ്യാകരണഗ്രന്ഥം ഭാഷാവ്യാകരണത്തെ സംബന്ധിച്ചിടത്തോളം ഒരു പൂൎണ്ണഗ്രന്ഥമാക്കിത്തീൎക്കുവാൻ ഗ്രന്ഥകാരൻ കഴിവുള്ളിടത്തോളം പ്രയത്നിച്ചിട്ടുണ്ടെന്നുകാണാം.

''സ്കൂൾഫൈനൽ, മെട്രിക്കുലേഷൻ, വിദ്വാൻ മുതലായ പരീക്ഷകളുടേയും ദിനംപ്രതി വൎദ്ധിച്ചുവരുന്ന ഭാഷാസാഹിത്യത്തിന്റെയും പ്രയോജനത്തിന്നുവേണ്ടി വ്യാകരണമിത്രത്തെ പരിഷ്ക്കരിച്ചു കേരളീയരുടെ കൃപാവലോകനത്തിന്നു സാദരം സമൎപ്പിച്ചുകൊള്ളുന്നു. ലോഹകവചധാരിയെപ്പോലെ ദൃഢഗാത്രനാകാതെ മിത്രം ദിക്കാലാനുഗുണം വേഷംമാറുന്നത് ഒരു ദൂഷണമാകാതെ ഒരു ഭൂഷണമാകുമെന്നു വിശ്വസിക്കുന്നു.

"ഉച്ചാരണത്തിന്റെ ഔൽകൃഷ്ട്യം വിചാരിച്ച് വാഗിന്ദ്രിയങ്ങളേയും ഉച്ചാരണപ്രയത്നങ്ങളേയും തജ്ജന്യവൎണ്ണങ്ങളേയും വിവരിച്ചിരിക്കുന്നു. ഭാഷാസാഹിത്യത്തിന് അത്യാവശ്യമായ സംസ്കൃതവ്യാകരണഭാഗങ്ങളേയും ഇടയ്ക്കുചേൎത്തിട്ടുണ്ട്. മഹാവാക്യം, വാക്യം, ഉപവാക്യം എന്നിവയുടെ സ്വരൂപം, ലക്ഷണം, വിഭാഗം, പ്രയോജനം മുതലായവയെ വിവരിച്ച് ഉദാഹരണങ്ങളെക്കൊണ്ട് വിശദമാക്കിയിരിക്കുന്നു. വ്യാകരണത്താൽ സിദ്ധിക്കുന്ന പരിഷ്ക്കാരവും പാണ്ഡിത്യവും എത്ര സ്പൃഹണീയവും ആദരണീയവും ആകുന്നു എന്നതിനെ സ്ഥാപിപ്പാൻ യഥാമതി ശ്രമിച്ചിട്ടുമുണ്ട്.''

വ്യാകരണമിത്രത്തിൻെറ മൂന്നാം പതിപ്പിൽ ഗ്രന്ഥകാരൻ എഴുതിച്ചേർത്തിരിക്കുന്ന മുഖവുരയിലെ ഒരു ഭാഗമാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നതു്. മലയാളഭാഷയുടെ ഉത്ഭവത്തെ സംബന്ധിച്ച് ഇന്നും പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസങ്ങാം നിലനില്ക്കുന്നുണ്ടല്ലോ. തമിഴ്‌വ്യാകരണമാണോ സംസ്കൃതവ്യാകരണമാണോ ഭാഷാവ്യാകരണത്തിന് സഹായമായിരിക്കേണ്ടതു് എന്ന വിഷയത്തെ സംബന്ധിച്ചും വിഭിന്നാഭിപ്രായങ്ങാം ഉണ്ടു്. ഈ വിഷയത്തിൽ കേരളപാണിനീയവും വ്യാകരണമിത്രവും ഒരേ മാർഗ്ഗത്തിൽ കൂടിയല്ല ചരിക്കുന്നതു്. രണ്ടും ഭാഷാപ്രണയികാംക്ക് ഒരുപോലെ സ്വീകാര്യമായിരിക്കുകയും ചെയ്യുന്നു. മദ്രാസ് സർവ്വകലാശാല വക വിദ്വാൻ മുതലായ പരീക്ഷകാംക്ക് ഇന്നും പാഠ്യപുസ്തകമായിരിക്കുന്ന വ്യാകരണഗ്രന്ഥം വ്യാകരണമിത്രംതന്നെയാണ്.

ഈ ഗ്രന്ഥത്തെപ്പററി മഹാകവി ഉള്ളൂർ ഇംഗ്ലീഷിൽ എഴുതീട്ടുള്ള അദ്ദേഹത്തിൻെറ അവതാരികയിൽ ഏതാണ്ടു് ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"കേരളപാണിനീയത്തിൽനിന്നു ഭിന്നവും സ്വതന്ത്രവുമായുള്ള ഒരു വ്യാകരണഗ്രന്ഥം മലയാളഭാഷയെ സംബന്ധിച്ചിടത്തോളം ഉണ്ടാകുക സാദ്ധ്യമാണെന്നൊരാശയം വ്യാകരണമിത്രം വായിക്കുവാൻ ഇടയാകുന്നതുവരെ എനിക്കുണ്ടായിരുന്നില്ല. പ്രസ്തുതഗ്രന്ഥം പ്രധാനമായി മലയാളവ്യാകരണത്തെ അധികരിച്ചുള്ളതാണെങ്കിലും സംസ്കൃതവ്യാകരണം, മലയാളവാക്യരചന എന്നിവയെ സംബന്ധിച്ചുള്ള കാര്യങ്ങാംകൂടി അതിൽ ഉാംപ്പെടുത്തീട്ടുണ്ടെന്നും, തന്മൂലം, സ്വർഗ്ഗസ്ഥനായ പ്രൊഫ്സർ രാജരാജവർമ്മ കോയിത്തമ്പുരാൻ അവർകളുടെ മണിദീപിക, സാഹിത്യസാഹ്യം എന്നിവയുടെ പ്രയോജനംകൂടി അതുകൊണ്ടു തന്നെ സിദ്ധിക്കുമെന്നും നിസ്സംശയമായി എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു. ഒരു ഭാഷാവ്യാകരണഗ്രന്ഥത്തിൽ സംസ്കൃതഭാഷയെ സംബന്ധിച്ചുള്ള പ്രതിപാദനം ഉണ്ടായിരിക്കാവുന്നതല്ലെന്നു് ആദർശപരമായ വീക്ഷണ

കോണത്തിൽ നിന്നുകൊണ്ടു് വാദിക്കാവുന്നതാണെങ്കിലും, മലയാള ഭാഷ സംസ്കൃതവുമായി അവിഭക്തമായ തരത്തിൽ സംയോജിച്ചിണങ്ങിക്കഴിയുകയാണെന്നും, ആ സ്ഥിതിക്കു് മലയാളസാഹിത്യത്തെപ്പററിയും മലയാളവ്യാകരണത്തെപ്പററിയും പൂർണ്ണമായ ജ്ഞാനം സമ്പാദിക്കുന്നതിനും സാഹിത്യരസം ശരിയായി ആസ്വദിക്കുന്നതിനും സംസ്കൃതവ്യാകരണസംബന്ധമായുള്ള സാമാന്യതത്വങ്ങൾ അവശ്യം അറിഞ്ഞിരിക്കേണ്ടതാണെന്നും ഉള്ള വസ്തുതയെ അവഗണിക്കുവാൻ സാധിക്കുന്നതല്ല. മലയാളസാഹിത്യസംബന്ധമായുള്ള സകലവിധമായ വ്യാകരണനിയമങ്ങളേയും ഒരേഗ്രന്ഥം ഉപയോഗിച്ചുതന്നെ അഭ്യസിക്കുവാൻ സാധിക്കത്തക്ക വിധത്തിൽ സൗകര്യമുണ്ടാക്കണമെന്നുള്ളതാണു് ശേഷഗിരിപ്രഭു അവർകളുടെ ഉദ്ദേശം. പ്രായോഗികദൃഷ്ട്യാ, ആ ഉദ്ദേശത്തിൽ എന്തെങ്കിലും തെററുള്ളതായി ഞാൻ വിചാരിക്കുന്നില്ല. പ്രസ്തുതഗ്രന്ഥത്തിലെ പ്രാരംഭവിവരണങ്ങളും, അതുപോലെ തന്നെ ശിക്ഷ, സന്ധി, സമാസം, നിരുക്തം എന്നിവയെപ്പററി പ്രതിപാദിക്കുന്ന ഭാഗങ്ങളും ഏററവും പ്രയോജനപ്രദവും സാരവത്തും ആയിരിക്കുന്നു. ഭാഷാവ്യാകരണത്തിന്റെ വിവിധവശങ്ങളെല്ലാം തന്നെ സൂക്ഷ്മമായും സമഗ്രമായും സുഗ്രഹമായ വിധത്തിലും പ്രസ്തുതഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. വ്യാകരണശാസ്ത്രത്തിലും ന്യായശാസ്ത്രത്തിലും ഗ്രന്ഥകാരനുള്ള അസാമാന്യമായ പാണ്ഡിത്യത്തിനു് ഇതിലെ ഓരോ വശവും ഉത്തമമായ സാക്ഷ്യമായിരിക്കുന്നു. ആകെക്കൂടി നോക്കുന്നപക്ഷം, വ്യാകരണമിത്രത്തിനു് സ്വതന്ത്രമായ ഒരു ആദർശവും ഉദ്ദേശ്യവും ഉണ്ടെന്നും, മലയാളവ്യാകരണസംബന്ധമായുള്ള ഒരു പ്രാമാണികപാഠ്യപുസ്തകമെന്നുള്ള നിലയിൽ കേരളപാണിനീയത്തിനനുഗുണമായ ഒരു സ്ഥാനം അതിനും ലഭിക്കുമെന്നും പ്രസ്താവിക്കുവാൻ എനിക്കു് അതിരററ സന്തോഷമുണ്ടു്.''

ശേഷഗിരിപ്രഭു അവർകളുടെ ഗ്രന്ഥങ്ങളിൽ ഏററവും പ്രധാനപ്പെട്ടതു് വ്യാകരണമിത്രമാകുന്നു. "ഒരു പണ്ഡിതനായ

വൈയാകരണൻ'' എന്ന പ്രശസ്തി അദ്ദേഹത്തിനുണ്ടാക്കിക്കൊടുക്കുകയും അതിനെ നിലനിർത്തിപ്പോരികയും ചെയ്യുന്നതിലും ഒരു പ്രധാനാംശം ആ ഗ്രന്ഥം വഹിക്കുന്നുണ്ട്. വ്യാകരണമിത്രത്തിനകത്തുകടന്നു് എന്തെങ്കിലും പറയുക എന്ന സാഹസത്തിനു് ഞാൻ ഉദ്യമിക്കുന്നില്ല. ശേഷഗിരിപ്രഭു അവർകളുടെ ജീവിതം ശരിയായി പഠനം ചെയ്യണമെന്നാശിക്കുന്ന ഏവനും വ്യാകരണമിത്രം ശ്രദ്ധാപൂർവ്വം വായിച്ചുനോക്കേണ്ടതാണെന്നുമാത്രം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

## വ്യാകരണാദർശം

മിഡിൽസ്കൂളുകളുടെ ഉപയോഗത്തിനുവേണ്ടി ഉണ്ടാക്കിയതും മനോരമാപാഠമഞ്ജരിയിൽ ചേർത്തു് 1903-ൽ പ്രസിദ്ധം ചെയ്തതുമായ ഒരു വ്യാകരണഗ്രന്ഥമാണ് "വ്യാകരണാദർശം." താൻ ആപാദചൂഡം വിമർശിച്ച കേരളപാണിനീയത്തെ ആശ്രയിച്ചും, അതിൽനിന്നു വ്യാകരണസൂത്രങ്ങൾ സ്വീകരിച്ചും ആണ് പ്രഭു അവർകൾ ഈ ചെറിയ പുസ്തകം എഴുതിയിരിക്കുന്നതു്. ഭാഷാപോഷിണിയുടേയും മലയാളമനോരമയുടേയും അധിപരും ഭാഷാപോഷണത്തിൽ അതീവ താല്പര്യമുള്ളയാളും ആയിരുന്ന കണ്ടത്തിൽ വറുഗീസുമാപ്പിള അവർകളുടെ പ്രേരണയനുസരിച്ചും കേരളപാണിനിയും താനും തമ്മിലുള്ള സുദൃഢമായ മൈത്രിയെ സ്മരിച്ചും ആണ് പ്രഭു അവർകൾ ഈ പുസ്തകം തയ്യാറാക്കിയതെന്നൂഹിക്കാം. തന്റെ കേരളപാണിനീയം അദ്ധ്യേതാക്കൾക്കു അനഭിഗമ്യമായിരിക്കുന്നു എന്നു വിചാരിച്ച് കേരളപാണിനി തന്നെ ഖേദിക്കുന്നതായിക്കണ്ടപ്പോൾ, സുഗമമായവിധത്തിൽ അതിനൊരു സംഗ്രഹം എഴുതി അദ്ദേഹത്തിന്റെ ഖേദത്തെ അല്പം ലഘൂകരിക്കാം എന്നും പ്രഭു അവർകൾ വിചാരിച്ചിരിക്കാം. വ്യാകരണനിർവ്വചനവും, ശിക്ഷാകാണ്ഡത്തിൽ സംജ്ഞാപ്രകരണം, ശബ്ദവിഭാഗം, സന്ധി എന്നിവയും നാമാധികാരം, ധാത്വധികാരം, നിപാതാധികാരം, വാക്യാധികാരം എന്നിവയും അവസാനമായി

നിരുക്തകാണ്ഡവും ഉപസംഹാരവും അടങ്ങിയിരിക്കുന്ന ഈ ഗ്രന്ഥത്തിൽ വ്യാകരണസംബന്ധികളായ സകലകാര്യങ്ങളേയും സാമാന്യമായി സ്പർശിച്ചിട്ടുള്ളതിനാൽ ചുരുങ്ങിയ തോതിൽ ഇതും വളരെ പ്രയോജനപ്രദമായ ഒരു വ്യാകരണഗ്രന്ഥമായിത്തീർന്നിരിക്കുന്നു.

## ശിശുപ്രമോദകം

"പ്രാഥമിക പാഠശാലകളിലും മൂലപാഠശാലകളിലും ആദ്യം പഠിപ്പിക്കേണ്ടതായ" പ്രഥമവ്യാകരണം എന്ന ഭാവനയോടുകൂടി തയാറാക്കി "വാഗ്ഭൂഷണാവലി"യിലെ ഒന്നാംരത്നമായി പ്രസിദ്ധംചെയ്തിട്ടുള്ള ഒരു ലഘുഗ്രന്ഥമാണിതു്.

"വ്യാകരണത്തിൽ തത്വഭാഗം പ്രയോഗഭാഗം എന്ന രണ്ടു ഭാഗങ്ങൾ ഉണ്ടു്. ഇപ്പോഴത്തെ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം ഹേതുബുദ്ധിയേയും വിചാരശക്തിയേയും വർദ്ധിപ്പിച്ചു വാഗ്വ്യവഹാരം സുലഭവും സാർത്ഥകവും ആക്കുവാനാകയാൽ പ്രയോഗത്തിൽ ദൃഷ്ടിവെച്ചു തത്വഭാഗത്തെ കഴിയുന്നത്ര ചുരുക്കിക്കളയും. തത്വഭാഗം ആലോചിപ്പാൻ ലോകപരിചയവും ഭാഷാജ്ഞാനവും മററു് അനേകശാസ്ത്രങ്ങളുടെ വിജ്ഞാനവും അത്യാവശ്യമാകയാൽ ബാലപാഠത്തിൽ തത്വഭാഗത്തെ വിട്ടുകളയുന്നതുകൊണ്ടു വ്യസനിപ്പാൻ സംഗതിയില്ല.

"വ്യാകരണത്തിലെപ്രയോഗഭാഗംസുഗമമാകയാൽ അതിനെ ഗ്രഹിച്ചശേഷം തത്വഭാഗത്തേയും സാഹിത്യശാസ്ത്രത്തേയും വിദ്യാർത്ഥികൾക്കു് എളുപ്പം പഠിപ്പാൻ കഴിയുമെന്നു് വിശ്വസിച്ചു് ഈ വാഗ്ഭൂഷണാവലിയെ പ്രസിദ്ധപ്പെടുത്തി ഉപാദ്ധ്യായന്മാരുടെ കൃപാദൃഷ്ടിക്കുമുമ്പു വെച്ചിരിക്കുന്നു. ലോകോദ്ധാരണത്തിന്നായി ആത്മനിവേദനം ചെയ്യുന്ന അധ്യാപകർ ഈ പുസ്തകാവലിയെ കടാക്ഷിച്ചു ശിഷ്യരുടെ പ്രയാസം ലഘൂകരിപ്പാൻ ഉദ്യുക്തരാകേണമെന്നു പ്രാർത്ഥിച്ചുകൊള്ളുന്നു.

"ഈ ശിശുമോദകത്തിൽ നാലുവിധം പദങ്ങളേയും അവയുടെ പ്രയോഗങ്ങളേയും കേവലവാക്യത്തേയും അതിൻെറ അപോദ്ധാരത്തെയുംമാത്രം ഉപപാദിച്ചിരിക്കുന്നു. ഈ പദങ്ങളെ സംബന്ധിക്കുന്ന മററു വിഷയങ്ങളെ ഉപരിപുസ്തകങ്ങളിൽ വിവരിക്കും. ഈ പുസ്തകാവലിയെ ശൃംഖലാന്യായത്തെ അനുസരിച്ച് എഴുതിയിരിക്കയാൽ വിഷയസംബന്ധത്തെ നല്ലവണ്ണം പഠിപ്പാൻ പുസ്തകങ്ങളെ കൂടക്കൂടെ ആവർത്തിക്കേണ്ടിവരും."

ഇപ്രകാരമുള്ള ഒരു പ്രസ്താവനയോടുകൂടിയാണ് ഗ്രന്ഥകാരൻ ശിശുമോദകത്തെ പൊതുജനസമക്ഷം അവതരിപ്പിച്ചിരിക്കുന്നതു്. വാക്യം, വാക്യാർത്ഥം, ഭാഷ, പദസ്വഭാവം, പദവിഭാഗം, നാമവും ക്രിയയും, ദ്രവ്യം, ഗുണം, ക്രിയ, ഭാവനാമം, സർവ്വനാമം, പുരുഷാർത്ഥകസർവ്വനാമങ്ങൾ, നിർദ്ദേശകസർവ്വനാമങ്ങൾ, പ്രശ്നാർത്ഥകസർവ്വനാമങ്ങൾ, ലിംഗം, ക്രിയാപദം, മാററം—ഖികാരം, ത്രികാലങ്ങൾ, ആഖ്യയും ആഖ്യാതവും, സംബന്ധക്രിയ, ആഖ്യാതപൂരണം, കർമ്മം, സകർമ്മകക്രിയ, വിശേഷണം, വിശേഷണവിഭാഗം, അവ്യയം, കേവലവാക്യം, അപോദ്ധാരം, എന്നീ വിഷയങ്ങളെപ്പററി ഇതിൽ പ്രതിപാദിച്ചിട്ടുണ്ടു്. 1923-ൽ ആണ് ഇതാദ്യമായി പ്രസിദ്ധംചെയ്തതു്. അതിനുശേഷം ഒരു കൊല്ലത്തോളം മാത്രമേ പ്രഭു അവർകൾ ജീവിച്ചിരിക്കുകയുണ്ടായുള്ളു. വാർദ്ധക്യകാലത്താണ് അദ്ദേഹം ഇതു് രചിച്ചതെന്നു് ഇതിൽനിന്നും സിദ്ധിക്കുന്നു.

## ബാലാമൃതം

ശിശുമോദകത്തെ തുടർന്നു് വാഗ്ഭൂഷണാവലിയിലെ രണ്ടാം രത്നമായി രചിക്കപ്പെട്ടതാണ് ബാലാമൃതം. "ഈ ചെറിയ വ്യാകരണത്തിൽ സംജ്ഞകളെ വിവരിച്ചു വിഷയത്തെ വിശദമാക്കീട്ടുണ്ടു്. ഉദാഹരിച്ച വാക്യങ്ങളിൽ സൂചിപ്പിച്ച പല വിഷയങ്ങളേയും കുറിച്ചു ഗുരുശിഷ്യന്മാർ അവസരംപോലെ സംഭാഷണം ചെയ്താൽ പൂർവ്വകാലങ്ങളിലെ ചരിത്രം, ആചാരം, നാഗരീകത്വം,

മതവിശ്വാസം മുതലായവയെക്കുറിച്ചുള്ള അറിവു നിഷ്പ്രയാസമായി സിദ്ധിക്കും. ഓരോ സംവാദത്തിൽ നിന്നുകിട്ടിയ വിഷയത്തെക്കുറിച്ച് ഒരു മഹാവാക്യം ശിഷ്യർ എഴുതണം. ശിഷ്യർക്ക് ഉപന്യാസം എഴുതുവാൻ ആവശ്യമായ അറിവ് ഈ സംവാദങ്ങളിൽ നിന്നുകിട്ടും.''

ശിശുമോദകം, ബാലാമൃതം എന്നിവയെ തുടൎന്ന് വാഗത്ഥരത്നം, വാക്യോല്ലാസം എന്നിങ്ങനെ രണ്ടു പുസ്തകങ്ങൾകൂടി ഉടനെ പ്രസിദ്ധീകരിക്കാൻ തക്കവണ്ണം തയാറായി വരുന്നതായി പ്രസ്താവിച്ചുകാണുന്നു. അവ എഴുതിക്കഴിയുകയും ചെയ്തിരുന്നു. പക്ഷെ, അതു പ്രസിദ്ധംചെയ്വാൻ സാധിക്കുന്നതിനു മുൻപായി പ്രഭു അവർകൾ ചരമഗതിയെപ്രാപിച്ചു. പിന്നീട് ആ പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ ആരും തുനിഞ്ഞതുമില്ല

ഭാഷാഭ്യസനത്തിൽ ഏൎപ്പെടുന്ന ഏതു തരക്കാൎക്കും പ്രയോജനപ്പെടത്തക്കവിധത്തിലുള്ള വ്യാകരണഗ്രന്ഥങ്ങൾ പ്രഭു അവർകളുടെ വകയായുണ്ടെന്ന് ഇത്രയുംകൊണ്ടു നമുക്ക മനസ്സിലാക്കാൻ സാധിക്കുന്നു. വ്യാകരണഗ്രന്ഥനിൎമ്മാണം യൌവനകാലത്തും വാൎദ്ധക്യകാലത്തും അദ്ദേഹത്തിന് ഒരുപോലെ അനായാസകരമായ ഒരു പ്രവൃത്തിയായിരുന്നു. ബാലവ്യാകരണവും വ്യാകരണമിത്രവും ചേൎന്ന് ഒരു സമ്പൂൎണ്ണവ്യാകരണമായതുപോലെ, വാഗത്ഥരത്നവും വാക്യോല്ലാസവുംകൂടി പ്രസിദ്ധംചെയ്തു കഴിഞ്ഞിരുന്നെങ്കിൽ വാഗ്ഭൂഷണാവലിയിലെ ആ നാലു പുസ്തകങ്ങളുംചേൎന്ന് മറെറാരു സമ്പൂൎണ്ണവ്യാകരണവും ആകുമായിരുന്നു.

അദ്ധ്യായം 6

# സമുദായോത്തേജകൻ

ഒരു കേരളീയൻ എന്ന നിലയിൽ കൈരളിയോടു് തനിക്കുള്ള കടമയെ ശേഷഗിരിപ്രഭു അവർകൾ ഏതുപ്രകാരം നിറവേററി എന്നുള്ളതു് കഴിഞ്ഞ അദ്ധ്യായങ്ങളിൽ നിന്നും നാം കണ്ടുകഴിഞ്ഞുവല്ലോ. ഗൌഡസാരസ്വതബ്രാഹ്മണസമുദായത്തിലെ ഒരംഗമെന്ന നിലയിൽ ആ സമുദായത്തോടു തനിക്കുള്ള കടപ്പാടിനെ അദ്ദേഹം എത്രത്തോളം ഭംഗിയായി നിറവേററി എന്നുള്ളതിനെപ്പററിയാണു് ഇതിനുപരി ചർച്ച ചെയ്യേണ്ടിയിരിക്കുന്നതു്.

ഏതാണ്ടു് ഇരുപതുകൊല്ലങ്ങൾക്കു മുമ്പായി തന്റെ അറുപത്തിയൊൻപതാമത്തെ വയസ്സിൽ പരലോകം പ്രാപിച്ച ഒരാളാണല്ലോ ചരിത്രപുരുഷൻ. അദ്ദേഹം സമുദായസംബന്ധമായി ചെയ്തിട്ടുള്ള ജോലികളുടെ സ്വഭാവവും അതിന്റെ ഫലമായി സമുദായത്തിനുണ്ടായ ഗുണങ്ങളും ശരിയായി ഗ്രഹിക്കുന്നതിനു സമുദായത്തിന്റെ അന്നത്തെ സ്ഥിതിയെപ്പററി ചിലതൊക്കെയെങ്കിലും അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാണു്.

സാമ്പത്തികമായി സാരസ്വതബ്രാഹ്മണസമുദായത്തിനുള്ള നില ഇന്നു് ഏററവും പരിതാപകരമായിത്തീർന്നിട്ടുണ്ടെങ്കിലും അരനൂററാണ്ടിനുമുൻപു് അക്കാര്യത്തിൽ സമുദായം ഇതരസമുദായങ്ങളുടെ അസൂയയ്ക്കു പാത്രമായിത്തീരത്തക്കവിധത്തിൽ ആശാസ്യമായ ഒരു സ്ഥിതിയിൽത്തന്നെ ഇരുന്നിരുന്നു എന്നുള്ളതു് സുവ്യക്തമായ ഒരു പരമാർത്ഥമാകുന്നു. സമുദായംവക പൊതുസ്ഥാപനങ്ങളായ ദേവസ്വങ്ങൾ സമുദായരക്ഷയ്ക്കായുള്ള സംഘടിതകേ

ദ്ദങ്ങൾ എന്ന സ്ഥിതിയിൽ നിന്നും അധികം അകന്നിട്ടില്ലാതിരുന്നതുകൊണ്ടു് സമുദായത്തിന്നു അതിൻെറ ആവശ്യത്തിനുവേണ്ടിടത്തോളം സംഘടനയും ഐകമത്യവും ഉണ്ടായിരുന്നു. വ്യാപാരവിഷയത്തിൽ പരമ്പരാസിദ്ധമായുള്ള വാസനാബലം നിമിത്തം വളരെക്കാലമായി കൈയടക്കിവച്ചിരുന്ന ആ തൊഴിലിലും പ്രമുഖമായ ഒരു സ്ഥാനംതന്നെ സാരസ്വതബ്രാഹ്മണർ വഹിച്ചുപോന്നിരുന്നു. രാഷ്ട്രീയകാര്യങ്ങളിൽ അധികം ഇടപെടേണ്ട ആവശ്യം സമുദായത്തിനുണ്ടായിരുന്നില്ല. പ്രധാനവ്യാപാരികളും സ്വത്തുടമസ്ഥന്മാരുമെന്ന നിലയിൽ ആർക്കും പിന്നിലല്ലാത്ത ഒരു സ്ഥാനം കരസ്ഥമായിരുന്നതിനാൽ മററുകാര്യങ്ങളെപ്പററി ആലോചിക്കേണ്ട ആവശ്യവും ഉണ്ടായിരുന്നില്ല. അക്കാലത്തു് ജീവിച്ചിരുന്ന ഒരു സമുദായനേതാവു് രാഷ്ട്രീയദൃഷ്ട്യാ സമുദായത്തെ ഉയർത്തുന്നതിനോ സമുദായാംഗങ്ങൾക്കു് സർക്കാർസർവ്വീസിൽ പ്രവേശനം അനുവദിപ്പിക്കുന്നതിനോ ഉത്സാഹിക്കേണ്ടിയിരുന്നുമില്ല.

രണ്ടുതരം വിഷമങ്ങൾ അന്നും സമുദായത്തെ ക്ലേശിപ്പിക്കുന്നുണ്ടായിരുന്നു. ഈ സമുദായത്തെപ്പററി ഇതരസമുദായങ്ങൾക്കു് കാര്യമായി യാതൊന്നും അറിയാൻ ഇടയായിട്ടില്ലാതിരുന്നതിനാലും ഇതരസമുദായങ്ങളുമായി സമ്പർക്കത്തിൽ കഴിഞ്ഞുകൂടുവാൻ ഇവർക്കു് താല്പര്യമില്ലാതിരുന്നതിനാലും മററു സമുദായക്കാർക്കു് ഈ സമുദായത്തിൻെറപേരിൽ ഒരവജ്ഞതോന്നുകയും അതു് പലപ്പോഴും പലവിധത്തിലും വ്യക്തമാകുകയും ചെയ്തിരുന്നു. ഈ അവജ്ഞയെ അകററി സമുദായങ്ങൾ തമ്മിൽ പരസ്പരബഹുമാനം ഉളവാക്കേണ്ടതു് ആവശ്യമായിരുന്നു. ഇതായിരുന്നു അന്നത്തെ സാമുദായികപ്രശ്നങ്ങളിൽ പ്രധാനപ്പെട്ട ഒന്നു്. പൂർവ്വാചാരങ്ങളിൽ നിന്നും എള്ളിട മാറിനടക്കുവാൻ തയാറില്ലാത്ത സമുദായാംഗങ്ങളെ ശരിയായ മാർഗ്ഗത്തിൽക്കൂടിത്തന്നെ മുന്നോട്ടു നയിക്കുകയും അനുഷ്ഠാനംകൊണ്ടു് അടിയുറച്ചുപോയ അടിസ്ഥാനരഹിതങ്ങളും ആഡംബരപ്രധാനങ്ങളുമായ നടപടികളിൽ നിന്നും സമുദായത്തെ മോചിപ്പിക്കുകയും ചെയ്യേണ്ടതും അന്നു് അനുപേക്ഷണീയ

മായിരുന്നു. ശേഷഗിരിപ്രഭു അവർകൾ തന്റെ സാമുദായിക പരിശ്രമങ്ങൾക്കു ലാക്കായിക്കരുതിയ പ്രധാന പ്രശ്നങ്ങൾ ഇതു രണ്ടുമായിരുന്നു എന്നു കാണാൻ കഴിയുന്നതാണ്.

## സമുദായചരിത്രം

സ്വസമുദായത്തെപ്പററി ഇതരസമുദായാംഗങ്ങൾക്ക് ഒരു സാമാന്യജ്ഞാനം ഉണ്ടാക്കിക്കൊടുക്കുന്നതിന്റെ പ്രാരംഭമായി പ്രഭു അവർകൾ ആ സമുദായത്തെപ്പററി സ്വയം പഠനം നടത്തുകയും ഏതാണ്ട് പൂർണ്ണമായ ജ്ഞാനം സമ്പാദിക്കുകയും ചെയ്തു. സമ്പൂർണ്ണമായ ഒരു സാമുദായികചരിത്രം എഴുതി പ്രസിദ്ധംചെയ്യണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നതായിക്കാണുന്നുണ്ട്. തിരുവിതാംകൂർ സ്റ്റേററ മാനുവൽ എഴുതുന്ന അവസരത്തിൽ സാർസ്വതബ്രാഹ്മണസമുദായത്തെപ്പററിയുള്ള വിവരങ്ങൾ ശേഖരിച്ചു കൊടുക്കുന്നതിന് നാഗമയ്യാ അവർകൾ ചരിത്രപുരുഷനെ ചുമതലപ്പെടുത്തുകയും,അങ്ങനെ ലഭിച്ച ചോദ്യങ്ങൾക്കു മറുപടിയായി പ്രഭു അവർകൾ സുദീർഘമായ ഒരു മെമ്മോറാണ്ഡം തയാറാക്കിക്കൊടുക്കുകയും ഉണ്ടായി. ആ മെമ്മോറണ്ഡത്തിലെ ചില ഭാഗങ്ങൾ അനന്തരകാലത്ത് സാരസ്വതൻ, സാരസ്വതമിത്രം, സുബോധിനി മുതലായ മാസികകളിൽ പ്രസിദ്ധംചെയ്തുകണ്ടിട്ടുണ്ട്. അത്യന്തം ദീർഘമായ ഒരു പ്രബന്ധത്തിന്റെ രൂപത്തിലുള്ള ആ മെമ്മോറാണ്ഡം അതുപോലെ പ്രസിദ്ധം ചെയ്താൽ തന്നെ അതുകൊണ്ട് ഉത്തമമായ ഒരു സാമുദായികചരിത്രത്തിന്റെ ഫലം സിദ്ധിക്കുന്നതാണ്.

"കൊങ്കണസ്ഥബ്രാഹ്മണർ" എന്ന തലക്കെട്ടിൽ ഒരു ലേഖനപരമ്പര പ്രഭു അവർകൾ രസികരഞ്ജിനിമാസികയിൽ പ്രസിദ്ധം ചെയ്തിരുന്നു. സ്വസമുദായത്തെപ്പററിയുള്ള വിവരങ്ങൾ ഇതരസമുദായങ്ങളെ ധരിപ്പിക്കുക എന്ന സ്പഷ്ടമായ ഉദ്ദേശം സാധിക്കുന്നതോടുകൂടിത്തന്നെ ഒരു സമുദായചരിത്രത്തിന്റെ പ്രാരംഭമായി തീരുവാനും ആ ലേഖനപരമ്പര പര്യാപ്തമായിരുന്നു. പക്ഷെ

അതു് പ്രതീക്ഷയ്ക്കനുസരണമാംവണ്ണം പൂൎത്തിയാവുകയുണ്ടായില്ല. എങ്കിലും, ആ ലേഖനപരമ്പരയും പ്രഭു അവർകളുടെ ചില പ്രസംഗങ്ങളും പെരുമാററവും മററംകൊണ്ടു് സാരസ്വതബ്രാഹ്മണരുടെ മതനിഷ്ഠയെപ്പററിയും സംസ്കാരസമ്പത്തിനെപ്പററിയും പലരും പലതും മനസ്സിലാക്കാൻ ഇടയാവുകയും അതിൻെറ ഫലമായി അവരെപ്പററിയുള്ള അവജ്ഞക്കു് സാരമായ കുറവുണ്ടാവുകയുംചെയ്തു.

## മതപ്രസംഗങ്ങൾ

സ്വധൎമ്മാനുഷ്ഠാനത്തിൽ സൎവ്വപ്രധാനമായ താൽപൎയ്യം പ്രദൎശിപ്പിച്ചുകൊണ്ടിരുന്ന മതനിഷ്ഠനായ പിതാവിൻെറ കൂടെ പരിചയിച്ച ചരിത്രപുരുഷൻ ചെറുപ്പം മുതല്ക്കുതന്നെ അത്തരം കാൎയ്യങ്ങളിൽ ജിജ്ഞാസുവും പ്രതിതാവും ആയിത്തീൎന്നിരുന്നു. തദനന്തരാധ്യയന ചെറുപ്രായത്തിൽത്തന്നെ അദ്ദേഹം അക്കാൎയ്യങ്ങളിൽ പണ്ഡിതനായിത്തീൎന്നു. തനിക്കുലഭിച്ച ആ പാണ്ഡിത്യത്തെ തൻെറ നാട്ടിനും സമുദായത്തിനും പൊതുവെ പ്രയോജനകരമായിരിക്കത്തക്കവിധത്തിൽ വിനിയോഗിക്കണമെന്നു് അദ്ദേഹം നിശ്ചയിച്ചു. അതിൻെറ ഫലമായി, തലശ്ശേരിയിൽ അദ്ധ്യാപകനായിരുന്നകാലത്തു് അവിടത്തെ സമുദായക്ഷേത്രത്തിൽ മതസംബന്ധമായുള്ള യോഗങ്ങൾ സംഘടിപ്പിക്കാനും ആ യോഗങ്ങളിൽ വേദങ്ങൾ, ഗീത, ഉപനിഷത്തുകൾ മുതലായവയിലെ തത്വങ്ങളെ പ്രതിപാദിച്ചുകൊണ്ടുള്ള പ്രസംഗങ്ങൾ നടത്തുവാനും അദ്ദേഹം ഉദ്യമിച്ചു. വൈദികന്മാരുടെ ധൎമ്മങ്ങളെപ്പററിയും അവരുടെ ധൎമ്മവ്യതിയാനംമൂലം സമുദായത്തിനു പൊതുവേ ഉണ്ടാകാവുന്ന നാശങ്ങളെപ്പററിയുംകൂടി അദ്ദേഹം സന്ദൎഭവശാൽ പരാമൎശിക്കുകയുണ്ടായി. ആ പരാമൎശനങ്ങളിൽ അസുഖം തോന്നിയ വൈദികന്മാരുടെ ഉളിയമ്പുകൾകൊണ്ടോ, തൻെറ പ്രസംഗങ്ങൾകൊണ്ടു് പാറപ്പുറത്തു വിത്തുവിതയ്ക്കുന്നതുപോലെയുള്ള ഫലമാണുണ്ടാകുന്നതെന്നു കണ്ടിട്ടു് അദ്ദേഹംതന്നെ നിരാശനായതു

കൊണ്ടോ എന്തോ, ആ പ്രസംഗയോഗങ്ങൾ അധികം കാലത്തേക്കു് നടപ്പിലിരിക്കുകയുണ്ടായില്ല.

## ഋഗ്വേദിവിവാഹപ്രയോഗം

സമുദായാംഗങ്ങളുടെ മതാനുഷ്ഠാനസമ്പ്രദായങ്ങളെപ്പററി ശരിയായി പഠിക്കുന്നതിലും അതിലുള്ള പോരായ്മകൾ കണ്ടുപിടിക്കുന്നതിലും അദ്ദേഹം എപ്പോഴും പരിശ്രമിച്ചുകൊണ്ടിരുന്നു. കാണപ്പെടുന്ന പോരായ്മകൾ പരിഹരിച്ച് അനുഷ്ഠാനത്തെ കൂടുതൽ ശാസ്ത്രയുക്തവും ഫലപ്രദവും ആക്കിത്തീക്കുന്നവിഷയത്തിൽ സമുദായത്തെ ഉത്തേജിപ്പിക്കാനും അദ്ദേഹത്തിനു താൽപര്യമുണ്ടായിരുന്നു. ആ താൽപര്യത്തിൻെറ പരിണതഫലങ്ങളിൽ ഒന്നാണ് "ഋഗ്വേദിവിവാഹപ്രയോഗം" എന്ന ഗ്രന്ഥം.

ഗൌഡസാരസ്വതബ്രാഹ്മണരുടെ ഇടയിൽ വിവാഹകമ്മം ഏഴുദിവസങ്ങൾകൊണ്ടു് സമാപിപ്പിക്കുന്ന സമ്പ്രദായമാണ് കുറഞ്ഞൊരുകാലത്തിനുമുൻപുവരെ നടപ്പിലിരുന്നിരുന്നതു്. ഈ ഏഴു ദിവസത്തെ ചടങ്ങുകൾക്കുംകൂടി ഇരുപക്ഷക്കാൎക്കും സാരമായ ധനവ്യയം സഹിക്കാതെ നിവൃത്തിയുമില്ലായിരുന്നു. ധനവ്യയത്തിനുപുറമെ സമയനഷ്ടത്തിനുംകൂടി ഇടയാക്കിക്കൊണ്ടിരുന്ന ഈ സമ്പ്രദായംമാററി ഇന്നു നടപ്പിലിരിക്കുന്ന തരത്തിലുള്ള ഏകദിനവിവാഹപദ്ധതി പ്രയോഗത്തിൽ വരുത്തുന്ന വിഷയത്തിൽ ചരിത്രപുരുഷൻ വളരെ അധ്വാനിച്ചിട്ടുണ്ട്. അഖിലഭാരത ഗൌഡസാരസ്വതബ്രാഹ്മണപരിഷത്തിൻെറ ദ്വിതീയസമ്മേളനം മംഗലാപുരത്തുവെച്ചു നടന്നപ്പോൾ, ആശ്വലായനസൂത്രാനുയായികളായ തൻെറ സമുദായക്കാർ ഒരു ദിവസംകൊണ്ടു് വിവാഹം പൂത്തിയാക്കേണ്ട ആവശ്യകതയെപ്പററി അദ്ദേഹം ഉപന്യസിക്കയുണ്ടായി. അദ്ദേഹത്തിൻെറ അഭിപ്രായപ്രകടനം ശാസ്ത്രാനുസൃതവും യുക്തിയുക്തവും ആയിരുന്നുവെങ്കിലും പരിഷ്കാരപ്രിയരല്ലാത്ത യാഥാസ്ഥിതികന്മാൎക്ക് അതൊട്ടും രുചിച്ചില്ല. തൻെറ അഭിപ്രായത്തെ പ്രതികൂലിച്ചവരെ കാൎയ്യങ്ങൾ മനസ്സിലാക്കുവാനും

തൻെറ പക്ഷം സ്ഥാപിപ്പാനും പ്രഭു അവർകാം നിർബ്ബന്ധിതനായിത്തീൎന്നു. അതിൻെറ ഫലമായിട്ടാണ് "ഋഗ്വേദാദിവിവാഹപ്രയോഗം" തയാറാക്കപ്പെട്ടതു്.

പ്രസ്തുത ഗ്രന്ഥം രചിക്കുവാൻ തന്നെ പ്രേരിപ്പിച്ച സംഗതികളെപ്പററി ഗ്രന്ഥകാരൻ പ്രസ്താവനയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു:—

"വിവാഹവിധിയെപ്പററി പ്രതിപാദിക്കുന്ന അനേകം പ്രയോഗഗ്രന്ഥങ്ങാം വിദ്വാന്മാരാൽ എഴുതപ്പെട്ടു് ഇപ്പോഠം പ്രചാരത്തിൽ ഇരിക്കുന്ന സ്ഥിതിക്ക് നൂതനമായി ഈ വിവാഹപ്രയോഗപുസ്തകം എഴുതുന്നതിനുള്ള ഉദ്ദേശം എന്താണെന്നു പറയുന്നതു് ആവശ്യകമാകുന്നു. ഗൌഡസാരസ്വതബ്രാഹ്മണരായ നാം ഒരേ ദേശത്തിൽ കൂടിയിരിക്കാതെ അനേകംനൂററാണ്ടുകളായി ഭിന്നഭിന്നവിഭാഗങ്ങളായി കന്യാകുമാരിമുതൽ കാശ്മീരംവരെയുള്ള വേറെ വേറെദേശങ്ങളിൽ പാൎത്തുവരുന്നുവെന്നുള്ള സംഗതി എല്ലാവൎക്കും അറിയാവുന്നതാണല്ലോ. ഒരേ വൎഗ്ഗത്തിൽ ചേൎന്ന ഈ ഭിന്നസമുദായങ്ങളുടെ ധൎമ്മകൎമ്മാചാരങ്ങളേയും നടപ്പുകളേയും സൂക്ഷിച്ചു നോക്കിയാൽ അനേകം വ്യത്യാസങ്ങാം കാണാവുന്നതാണ്. ഈ സ്ഥിതിയുണ്ടാകുന്നതിന് അനേക കാരണങ്ങാം ഉണ്ടായിരിക്കാം. എന്നാൽ, ഗൌഡസാരസ്വതബ്രാഹ്മണവൎഗ്ഗത്തിൽ ചേൎന്നവരും വേറെ വേറെ ദേശങ്ങളിൽ വസിക്കുന്നവരും ആയ ഭിന്നസമുദായങ്ങളിലുള്ള ജനങ്ങാംക്ക് ദേശഭേദം ഹേതുവാൽ അന്യോന്യം പോക്കുവരവില്ലാതിരിക്കയാലും അതാതു സമുദായത്തിലുള്ളവർ ചുററുമുള്ള ഇതരബ്രാഹ്മണരുടെ ധൎമ്മകൎമ്മാചാരങ്ങളെ അനുസരിച്ചുവരുന്നതു് സ്വഭാവസിദ്ധമാകയാലും കാലക്രമംകൊണ്ടു് ഈ വ്യത്യാസങ്ങളെല്ലാം വന്നുചേൎന്നിട്ടുള്ളതാണ്. ഈ വ്യത്യാസങ്ങാം എന്തുകാരണം കൊണ്ടുതന്നെ ഉത്ഭവിച്ചിരുന്നാലും അവയെല്ലാം പരിഹരിച്ചു നമ്മുടെ ജാതിവൎഗ്ഗത്തിൽ ചേൎന്നവർ പ്രമാണമായി അംഗീകരിക്കുന്ന ശാസ്ത്രഗ്രന്ഥങ്ങളെ അനുസരിച്ചുള്ള ധൎമ്മകൎമ്മാചരണങ്ങളെ നമ്മുടെ ജാതിവൎഗ്ഗത്തിലുള്ള ഭിന്നസമുദായങ്ങളിൽ

പ്പെട്ട എല്ലാ ജനങ്ങളുടേയും ഇടയിൽ ഏകരൂപമായി നിലനിറുത്തിക്കൊണ്ടുപോകണമെന്നുള്ളതാണ് നമ്മുടെ ഉദ്ദേശം. ഈ ഉദ്ദേശത്തോടുകൂടി സംസ്കാരങ്ങളിൽവച്ച് പ്രധാനമായിട്ടുള്ള വിവാഹത്തിൻെറ പ്രയോഗത്തെ ഗൗഡസാരസ്വതബ്രാഹ്മണരുടെ പ്രമാണശാസ്ത്രഗ്രന്ഥങ്ങൾക്കനുസരണമായി ഈ ചെറിയ പുസ്തകത്തിൽ പ്രകാശിപ്പിച്ചുകൊള്ളുന്നു."

ആശ്വലായനഗൃഹ്യസൂത്രം, ഗൃഹ്യപരിശിഷ്ടം, കുമാരിലഭട്ടൻെറ കാരികകൾ, ജയന്തഭാഷ്യം, ഗാർഗ്ഗ്യനാരായണാചാര്യരുടെ വൃത്തി, പ്രയോഗരത്നം എന്നീ ഗ്രന്ഥങ്ങളെ ശരിയായി പഠിച്ച് എഴുതീട്ടുള്ള ഈ ഗ്രന്ഥത്തിൽ സൂത്രകാരമതമനുസരിച്ച് ഒരേ ഒരു ദിവസത്തെ വിവാഹമാണ് വിധിക്കപ്പെട്ടിട്ടുള്ളതെന്നു സ്ഥാപിച്ചിരിക്കുന്നു. "ഘടികാസ്ഥാപനം, ഉദ്ധിദാമുഹൂർത്തു, ശൂബികാബന്ധനം, നാലാംദിവസം നടത്തുന്ന നാഗബലി, വധൂമാതുലനുംതൽപത്നിയുംകൂടി വധൂവരന്മാരെ എടുത്തു പൊക്കുന്നതു് (വ്റ് ഉബ്ബാറപ്), വാതൽ തടയുക, മുക്കോജി എന്നകൃത്യം, ഓകുളി മുതലായി ഇപ്പോഴുള്ള നടപ്പുകൾ പ്രമാണഗ്രന്ഥങ്ങളിലെങ്ങും കാണുന്നില്ല." എന്നും "ശ്രീ ഭഗവദാശ്വലായനാചാര്യർ, ഗാർഗ്ഗ്യനാരായണാചാര്യർ, ഗൃഹ്യപരിശിഷ്ടകാരൻ, കുമാരിലഭട്ടൻ, പ്രയോഗരത്നകർത്താവായ നാരായണഭട്ടൻ എന്നീ അഞ്ചുപേരുടേയും മതമനുസരിച്ച്, മേൽ പറയാൻപോകുന്ന വിധികൾപ്രകാരം ലാജഹോമസപ്തപദികൾ കഴിയുമ്പോൾതന്നെവിവാഹസംസ്കാരം സമ്പൂർണ്ണമായി അവസാനിക്കുന്നു." എന്നും ഇതിൽ നിരാക്ഷേപമായി സമർത്ഥിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ താൻ പ്രവേശിക്കുവാൻ ഇടയായ സംഗതിയെപ്പററി ചരിത്രപുരുഷൻ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:—

"ദക്ഷിണകർണ്ണാടകജില്ലയിൽ കുറേ വർഷങ്ങളായി ചിലർ ഒരേദിവസംകൊണ്ടു് വിവാഹം പൂർത്തിയാക്കുന്ന സംഗതി കേട്ടു് അതുശാസ്ത്രസമ്മതമല്ലെന്നുള്ള അഭിപ്രായത്തോടുകൂടിയിരുന്നഞാൻ

അതിനെപ്പററി ആലോചിക്കുന്നതിനായി വിവാഹവിഷയത്തെ പ്പററി പ്രതിപാദിക്കുന്ന പ്രമാണഗ്രന്ഥങ്ങളെ ആമൂലാഗ്രം നോക്കേണ്ടതു് ആവശ്യകമായിത്തീൻ. അപ്രകാരം വിമർശിച്ചുനോക്കിയതിൽ ആ വിവാഹങ്ങരം അവയുടെ എല്ലാ അംഗങ്ങളിലും ശാസ്ത്രസമ്മതമായിട്ടുള്ളവയാണെന്നു് എനിക്കു പൂർണ്ണബോദ്ധ്യമായതിനാൽ ആ വിവാഹങ്ങരം നടത്തിയ യജമാനന്മാക്കു സഹായകരായി ശാസ്ത്രോക്തരീതിയിൽ കൃത്യങ്ങരം നടത്തിച്ച പുരോഹിതന്മാരുടെ വിഷയത്തിൽ ഞാൻ അധികമായി സന്തോഷിക്കുന്നു. വളരെക്കാലം കഷ്ടപ്പെട്ടു അധികമായ ധനവ്യയത്തോടുകൂടി നടത്തേണ്ടിയിരുന്ന വിവാഹസംസ്കാരത്തെ സുലഭമായും സാംഗമായും നടത്തുന്നതിൽ യജമാനന്മാക്കു സഹായകരായിരുന്ന ആ പുരോഹിതന്മാരുടെ സൽപ്രയത്നം ശാസ്ത്രസമ്മതമായും ഋഗ്വേദികളായ നമുക്കു പരമപ്രാമാണികരായ ശ്രീ ഭഗവദാശ്വലായനാചാൎയ്യരുടെ മതത്തിന്നു അനുസരണമായും ഇരിക്കുന്നു എന്നുള്ളതിൽ യാതൊരാക്ഷേപവുമില്ല.''

ഏകദിനവിവാഹപദ്ധതിക്കു് പ്രതികൂലാഭിപ്രായക്കാരനായിരുന്നു പ്രഭു അവർകരം എന്നും പ്രമാണഗ്രന്ഥങ്ങളെ സൂക്ഷ്മമായി പരിശോധിച്ചതിൻെറ ശേഷം തൻെറ അഭിപ്രായം തെററെന്നു് അദ്ദേഹത്തിന്നു ബോദ്ധ്യപ്പെട്ടു എന്നും ആണല്ലോ ഇവിടെ അദ്ദേഹം പറയുന്നതു്. ആചാരാനുഷ്ഠാനങ്ങളിൽ തീവ്രമായ പ്രതിപത്തിയുള്ള അദ്ദേഹം പോലും സ്വാഭിപ്രായം മാറേറണ്ടിവരത്തക്ക വിധത്തിൽ ഇതുസംബന്ധിച്ചുള്ള ശാസ്ത്രവിധികരം സ്പഷ്ടമാണെന്നും ഇതിൽനിന്നു സിദ്ധിക്കുന്നു.

അദ്ദേഹം തുടന്നു പറയുന്നു:—''മേൽക്കാണുന്നപ്രകാരത്തിൽ സവ്വശാസ്ത്രസമ്മതമായ ഏകദിനവിവാഹത്തെ ശ്രീ ഭഗവദാശ്വലായനാചാൎയ്യരുടെ മതാനുസാരമായിനടത്തിവന്നാൽ ഉഭയപക്ഷത്തിലുള്ളവക്കും ശ്രമവും ചിലവും കുറയുമെന്നുമാത്രമല്ല, കൃത്യം സാംഗമായും സുലഭമായും സുഖമായും നടക്കുകയും ചെയ്യും. അതിനാൽ,

ബഹ്വല്പം വാ സ്വഗൃഹ്യോക്തം
യസ്യ യാവൽ പ്രകീർത്തിതം
തസ്യ താവതി ശാസ്ത്രാർത്ഥേ
കൃതേ സർവ്വഃ കൃതോ ഭവേത്.

അവരവരുടെ ഗൃഹ്യസൂത്രങ്ങളിൽ വിധിക്കപ്പെട്ടിട്ടുള്ള ധർമ്മകർമ്മങ്ങൾ അധികമായിരുന്നാലും കുറവായിരുന്നാലും അവയെ ആ വിധിക്കനുസരണമായിത്തന്നെ ആചരിച്ചാൽ ആ ധർമ്മകർമ്മങ്ങളുടെ സംപൂർണ്ണാനുഷ്ഠാനമായിരിക്കും, എന്നു വൃത്തികാരന്റെ സിദ്ധാന്തമുള്ളതിനാൽ ശ്രീ ഭഗവദാശ്വലായനാചാര്യരുടെ മതത്തിനനുസരിച്ച് എഴുതിയിരിക്കുന്ന ഈ പുസ്തകത്തെ നമ്മുടെ ഗൌഡസാരസ്വതബ്രാഹ്മണവർഗ്ഗത്തിൽചേർന്ന വൈദികലൌകികഗൃഹസ്ഥന്മാരെല്ലാവരും അംഗീകരിച്ചു എന്റെ ഉദ്ദേശത്തേയും പ്രയത്നത്തേയും സാർത്ഥകമാക്കിത്തീർക്കണമെന്നു വിനയപൂർവ്വം പ്രാർത്ഥിക്കുന്നു.”

മുപ്പതിൽപ്പരം കൊല്ലങ്ങൾക്കു മുൻപായി ചരിത്രപുരുഷൻ ചെയ്ത ഈ പ്രാർത്ഥനയെ കൈക്കൊള്ളാൻ അന്നത്തെ യാഥാസ്ഥിതികന്മാർ ഒരുങ്ങുകയുണ്ടായില്ല. എങ്കിലും അചിരേണ സമുദായം ഒന്നാകെ അദ്ദേഹത്തിന്റെ അഭിപ്രായം അംഗീകരിക്കുകതന്നെ ചെയ്തു. അടുത്തകാലത്ത്, ഏകദിനവിവാഹരീതിയിലല്ലാതെയുള്ള ഒരൊററ വിവാഹകർമ്മംപോലും സമുദായത്തിൽ നടക്കാറില്ലെന്നായിട്ടുണ്ട്. ശേഷഗിരിപ്രഭു അവർകളുടെ സാഹിത്യപരിശ്രമങ്ങളെപ്പററിയോ, അദ്ദേഹത്തിന് വ്യാകരണവിഷയത്തിലുള്ള അനന്യസാധാരണമായ പാണ്ഡിത്യാതിരേകത്തെപ്പററിയോ അദ്ദേഹത്തിന്റെ സമുദായാംഗങ്ങളിൽ അധികംപേർക്കും അറിവില്ലെന്നുള്ളത് പരമാർത്ഥമാണ്. പക്ഷെ, സമുദായാംഗങ്ങളിൽ ഭൂരിഭാഗത്തിനും അദ്ദേഹത്തെപ്പററി അറിവുണ്ട്. അത് ഏകദിനവിവാഹരീതിയുടെ പ്രയോക്താവ് എന്നുള്ള നിലയിൽ ആണ്. മതസംബന്ധമായ കാര്യങ്ങളിൽ എന്തെങ്കിലും പരിഷ്കാരം നിർദ്ദേശിക്കുന്ന ആൾ, ആ നിർദ്ദേശം എത്രതന്നെ അടിസ്ഥാനമുള്ളതും അർത്ഥവത്തും ആയിരുന്നാലും, മററുള്ളവരുടെ പരിഹാസത്തിനു

പാത്രീഭവിക്കുക എന്നുള്ളതു് ലോകസാധാരണമാകുന്നു. ചരിത്രത്തിൽ ഇതിന്ന് അസംഖ്യം ദൃഷ്ടാന്തങ്ങൾ നമുക്കു കാണുവാൻ കഴിയും. വിവാഹകർമ്മം സംബന്ധിച്ച് സാരമായ ഒരു പരിവത്തനം നിർദ്ദേശിച്ച പ്രഭു അവർകളും കുറേയൊക്കെ പരിഹാസങ്ങൾ കേൾക്കേണ്ടതായി വന്നു. ഇത്തരം പരിഷ്കാരങ്ങളുടെ മാഹാത്മ്യം കാലാന്തരത്തിൽ, മിക്കവാറും അവയുടെ പ്രയോക്താക്കളുടെ ചരമപ്രാപ്തിക്കുശേഷംമാത്രമേ ജനങ്ങൾ ശരിയായി മനസ്സിലാക്കാറുള്ളൂ. പ്രഭു അവർകൾ അന്തരിച്ച് ഇരുപതുകൊല്ലം തികയുന്നതിനു മുൻപായിത്തന്നെ അദ്ദേഹത്തിൻെറ ആ പരിഷ്കാരം സമുദായാംഗങ്ങളെല്ലാവരും ഒരുപോലെ അംഗീകരിച്ചാദരിക്കുകയും അതിൻെറ പ്രയോക്താവായ അദ്ദേഹത്തെ കൃതജ്ഞതാതിരേകത്തോടുകൂടി സ്മരിച്ചുതുടങ്ങുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. അദ്ദേഹം പ്രചരിപ്പിച്ച ഈ ഏകദിനവിവാഹപദ്ധതിയുടെ ഫലമായി എത്ര വമ്പിച്ച സമ്പത്താണ് സമുദായത്തിന്ന് ലാഭപ്പെട്ടിട്ടുള്ളതെന്ന് ആലോചിച്ചുനോക്കുക! അന്യബ്രാഹ്മണർ ഒരുദിവസംകൊണ്ടു വിവാഹകർമ്മം സമാപിപ്പിക്കുവാൻ തുടങ്ങിയിരിക്കുന്നതു് ഈയിടമാത്രമാണ്. എന്നാൽ അതു ശാസ്ത്രാനുകൂലമാണെന്നു മുപ്പതുവഷത്തിനുമുൻപു പ്രഭു അവർകൾ സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു.

## വേദവേദാംഗശാല

വിദ്യാഭ്യാസവിഷയകമായി സമുദായത്തിനുണ്ടാകേണ്ട അഭിവൃദ്ധിയെപ്പററിയും അദ്ദേഹത്തിനു താൽപയ്യമുണ്ടായിരുന്നു. സമുദായത്തിലുള്ള ചെറുപ്പക്കാരെ അവരുടെ വിദ്യാസമ്പാദനോദ്യമത്തിൽ കഴിയുന്നത്ര നേർവഴിക്കു നയിക്കാമെന്നുള്ള ആശയോടുകൂടിയാണ് വിശ്രമജീവിതത്തിനിടയ്ക്കുപോലും അദ്ദേഹം കൊച്ചി ടി. ഡി. ഹൈസ്കൂളിലെ ഹെഡ്മാസ്റ്ററുദ്യോഗം സ്വീകരിക്കുകയുണ്ടായതു്. പൊതുജനങ്ങളോടു് പൊതുവായും സ്വസമുദായക്കാരോടു് പ്രത്യേകമായും അദ്ദേഹത്തിനുണ്ടായിരുന്ന സ്നേഹാദരങ്ങൾ അന്നു് ആ സ്കൂളിലെ വിദ്യാത്ഥികളായിരുന്ന ഏവക്കും നന്നായി അനുഭവപ്പെട്ടിട്ടുണ്ടു്.

സാരസ്വതബ്രാഹ്മണസമുദായത്തിലെ യുവാക്കരം, ഇംഗ്ലീഷ് ഭാഷാഭ്യസനത്തിലേതിനേക്കാരം അധികമായ താൽപര്യം സംസ്കൃതഭാഷാഭ്യസനത്തിൽ പ്രദശിപ്പിക്കുന്നതു കാണുവാനായിരുന്നു പ്രഭു അവർകരം ആഗ്രഹിച്ചിരുന്നതു്. ഐഹികാഭ്യുദയത്തേക്കാരം പാരത്രികാഭ്യുദയമാണു് ശ്രേഷ്ഠമെന്നു മനസ്സിലാക്കിയിരുന്ന അദ്ദേഹം ഐഹികാഭ്യുദനത്തിനുതകുന്ന ഇംഗ്ലീഷിനെ അപേക്ഷിച്ച് പാരത്രികാഭ്യുദയത്തിനുതകുന്ന സംസ്കൃതത്തെ കൂടുതലായി പ്രേമിച്ചതിൽ അതിശയിക്കുവാനില്ല. ഭാഷാജ്ഞാനത്തേയും സാഹിത്യാഭിരുചിയേയും ലാക്കാക്കി സംസ്കൃതം അഭ്യസിക്കണമെന്നല്ല അദ്ദേഹം ഉപദേശിച്ചതു്. സ്വധർമ്മാനുഷ്ഠാനത്തിനും, മതകർമ്മങ്ങരം ശരിയായി നടത്തുന്നതിനും അവയെപ്പററി പൂർണ്ണമായ അറിവു സമ്പാദിക്കുന്നതിനും ഉതകത്തക്കവിധത്തിൽ ശാസ്ത്രജ്ഞാനം ഉണ്ടാകേണ്ടതിലേക്കായി സംസ്കൃതം അഭ്യസിക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ ഉപദേശം. പുരോഹിതവർഗ്ഗമെങ്കിലും ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിച്ചു കാണുവാൻ അദ്ദേഹം അഭിലഷിച്ചു.

ഇതുസംബന്ധിച്ച് ചരിത്രപുരുഷൻ ഒരിക്കൽ ഇപ്രകാരം ഉപന്യസിച്ചിരിക്കുന്നു:—

"ജാത്യാചാരങ്ങളെ നിർണ്ണയിപ്പാനും ശാസ്ത്രവിഷയങ്ങളെ വിവരിപ്പാനും ദിവ്യമന്ത്രങ്ങളെ ഉപദേശിപ്പാനും സമുദായത്തിൻെറ അദ്ധ്യാത്മകാര്യങ്ങളെ പര്യാലോചിപ്പാനും നമ്മുടെ ഗുരുമഠങ്ങരം ആകയാൽ മഠാധിപന്മാക്ക് സ്വാധികാരം നിർവ്വഹിപ്പാൻ എത്ര വൈദഗ്ദ്ധ്യംവേണം! സമുദായത്തിലെ ഓരോവ്യക്തിക്ക് താന്താൻെറ ഗൃഹത്തിൽ ആരാധനയ്ക്കു് ഒരു ഇഷ്ടദേവത ഉണ്ടായിരുന്നാലും സമുദായക്കാരെക്കെല്ലാവക്കും സാമാന്യമായ ഒരു ആരാധനാസ്ഥലവും ഒരു ആരാദ്ധ്യദേവതയും ആവശ്യം എന്നു കണ്ടു് ഒരു ദേവാലയവും സ്ഥാപിച്ച് സമുദായത്തിനു ഐക്യവും ജാത്യാചാരപരിപാലനനിഷ്ഠയും വരുത്തിക്കൊടുത്തു. ദേവാലയങ്ങളിലെ കർമ്മങ്ങരം വേദങ്ങളേയും ആഗമങ്ങളേയും

മററ പ്രമാണഗ്രന്ഥങ്ങളേയും ആശ്രയിച്ചിരിക്കയാൽ അച്ഛന്മാർ ഈ വിദ്യകളെ വഴിപോലെ പഠിക്കേണ്ടതാണല്ലൊ. ആചാരവിചാരംചെയ്യുന്ന പരിഷത്തിലെ അംഗങ്ങൾ ചതുർദ്ദശവിദ്യകളെ പഠിച്ചവർ ആയിരിക്കേണം. ഉപജീവനത്തിന്നായി ഓരോ പ്രവൃത്തിചെയ്യുന്ന ജനങ്ങളുടെ ഹവ്യകവ്യകർമ്മങ്ങളെ ചെയ്യിക്കുന്ന പുരോഹിതന്മാർക്ക് ഷോഡശസംസ്കാരങ്ങളേയും ശാന്തിവ്രതാദികളേയും ഉപപാദിക്കുന്ന ഗ്രന്ഥങ്ങളുടേയും സംസ്കൃതഭാഷയുടേയും ജ്ഞാനം അത്യാവശ്യംതന്നെ. ഇങ്ങിനെ ഈ സംസ്ഥകൾ അന്യോന്യം ആശ്രയിച്ചിരിക്കുന്നു എന്നും താന്താങ്ങളുടെ കാര്യങ്ങളെ നിർവ്വഹിപ്പാൻ ശാസ്ത്രജ്ഞാനം ഇവർക്ക് അത്യന്താപേക്ഷിതം എന്നും അറിയാം"

തൻെറ സമുദായം അധഃപതിച്ചുകൊണ്ടിരിക്കുകയാണെന്ന് പ്രഭു അവർകൾ ശരിയായി മനസ്സിലാക്കി. ധർമ്മച്യുതിയാണ് അധഃപതനത്തിന്ന കാരണമെന്നും അദ്ദേഹം അറിഞ്ഞു. അതേനില തുടൎന്നുപോകുന്നപക്ഷം സമുദായത്തിന് ഒരിക്കലും മേൽഗതിയുണ്ടാവുകയില്ലെന്ന് അദ്ദേഹം അനുമാനിക്കുകയും ചെയ്തു. അദ്ദേഹം ചോദിക്കുന്നു:—

"ദുഃഖസാഗരത്തിൽനിന്നു വിമുക്തർ ആവാൻ വിദ്യയെ പഠിച്ച് സമത്ഥർ ആയിരിപ്പിൻ എന്നല്ലയോ നമ്മുടെ പ്രിയമാതാവായ ശ്രുതി വാത്സല്യപൂർവ്വം നമ്മെ ഉപദേശിക്കുന്നത്? ഈ വേദവിധിയെ ഉല്ലംഘിക്കാമോ? എല്ലാവരും ജാഗരൂകന്മാരായി വിദ്യാധനം സമ്പാദിക്കേണ്ടതല്ലയോ?

"ഈ ദിവ്യോപദേശത്തെ ഗണ്യമാക്കാതെ അജ്ഞാനാന്ധകാരത്തിൽ അകപ്പെട്ട് അഭ്യുദയത്തിൻെറയോ നിശ്രേയസത്തിൻെറയോ മാർഗ്ഗം കാണാതെ വലഞ്ഞുകഷ്ടപ്പെട്ടു ഖേദിച്ചു ക്ഷീണിച്ചു അത്യന്തം ദയനീയവും ശോചനീയവും ആയ ദുർദ്ദശയെ സ്വജനങ്ങളിൽ ഭൂരിപക്ഷം പ്രാപിച്ചിരിക്കുന്നതുകണ്ടാൽ ആർക്കാണ് പരിതാപവും പരിഭവവും തോന്നാത്തതു്?"

ഘോരകലിയുടെ ആഗമനത്തെ മുൻകൂട്ടി അറിഞ്ഞ മഹർഷിമാർ അവരുടെ ഗോത്രജന്മാരെ ഈ വിപത്തുകളിൽനിന്നു സംരക്ഷിപ്പാൻ വേണ്ടി നിവാരണോപായങ്ങളെ പുരാണങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ടെന്നും സ്വധർമ്മാനുഷ്ഠാനം അവയിൽ മുഖ്യമായ മാർഗ്ഗം ആണെന്നും അദ്ദേഹം തുടർന്നുപറഞ്ഞു. "അതിശ്രേഷ്ഠവും ശ്ലാഘനീയവും ആയ ബിരുദത്തിന്നു നാം അർഹരായിരിപ്പാൻ 'നിഷ്കാരണേന ബ്രാഹ്മണേന സാംഗഃസമഗ്രോ വേദോധ്യേതവ്യഃ' എന്ന അദ്ധ്യയനവിധിയുണ്ടായി"

ബ്രാഹ്മണത്വം സാർത്ഥകവും ഫലപ്രദവും ആയിരിക്കത്തക്ക വിധത്തിൽ ജീവിതം നയിക്കുന്നതിനാവശ്യമുള്ള വിദ്യാഭ്യാസം സമുദായത്തിലെ ചെറുപ്പക്കാൎക്കു നൽകേണ്ടതാവശ്യമാണെന്നും അതിന്നായി മററാരും ഉദ്യമിച്ചുകാണാത്തസ്ഥിതിക്ക് താൻതന്നെ കഴിവുള്ളതു ചെയ്യുവാൻ തയാറാകണമെന്നും പ്രഭു അവർകൾ നിശ്ചയിച്ചു. "ഐഹികാഭ്യുദയത്തിന്നായി ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്‌വാൻ ഇച്ഛിക്കുന്ന നമ്മുടെ ബാലന്മാൎക്ക് എല്ലാടത്തും ല്ലാ സൗകൎയ്യങ്ങളും ഉള്ളതുപോലെ പാരത്രികാഭ്യുദയത്തിന്നായി വേദവിദ്യകളെ അഭ്യസിപ്പാൻ വിചാരിക്കുന്ന നമ്മുടെ ബാലന്മാൎക്ക് ഒരേടത്തും ഒരു സൗകൎയ്യവും ഇല്ലെന്നതു് സലജ്ജവും സസന്താപവും സമ്മതിക്കേണ്ടിവന്നിരിക്കുന്നു. ഈ അതിശോചനീയാവസ്ഥയെ മാററാതിരിപ്പാൻ ഇനി നിവൃത്തിയില്ലായെന്നു് ആലോചിച്ചു് ഒരു വേദവേദാംഗശാലയെ ഞാൻ സ്വന്തം നടത്താൻ നിശ്ചയിച്ചിരിക്കുന്നു" എന്നദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. ഇതനുസരിച്ചു് തന്റെ ശക്തിക്കനുസരണമായുള്ള തരത്തിൽ സ്വന്തം പണം ചെലവുചെയ്തു് സ്വദേശമായ തലശ്ശേരിയിൽ ഒരു വേദവേദാംഗശാല ചരിത്രപുരുഷൻ പ്രാരംഭിച്ചു. അതിലെ പ്രഥമാദ്ധ്യാപകനായി, കൊച്ചിയിലെ വൈദികരിൽ പ്രമുഖനായ വേദമൂൎത്തി ഹരിഭട്ടു് അവർകളാണു് നിയമിക്കപ്പെട്ടതു്. പ്രഭു അവർകൾക്കു് വാൎദ്ധക്യസഹജമായുണ്ടായ അസ്വാസ്ഥ്യം നിമിത്തവും പൊതുജനങ്ങളിൽനിന്നും സഹായസഹകരണങ്ങൾ ലഭിക്കാതി-

രുന്നതിനാലും ആ വേദവേദാംഗശാലകാലാന്തരത്തിൽ നാമാവശേഷമായിത്തീൎന്നവെങ്കിലും, ഇപ്പോഴം പല ക്ഷേത്രങ്ങളിലും ഏൎപ്പെടുത്തിയിട്ടുള്ള ആഗമപാഠശാലകഠം അദ്ദേഹത്തിൻെറ ആശയമനുസരിച്ചുള്ള കാൎയ്യങ്ങഠം സാധിക്കുവാൻ ഏറക്കുറെ പൎയ്യാപ്തങ്ങളായിത്തീൎന്നേക്കുമെന്നുള്ളതു് ചാരിതാൎത്ഥ്യജനകമാകുന്നു.

## സന്ധ്യാവന്ദനഭാഷ്യം.

ഇത്രയുമൊക്കെയായിട്ടും സമുദായത്തിനുവേണ്ടി ഒന്നും ചെയ്‌വാൻ തനിക്കു സാധിച്ചില്ലല്ലോ എന്നു വിചാരിച്ചു് അദ്ദേഹം എപ്പോഴും ഖേദിക്കാറുണ്ടായിരുന്നു. "ധൎമ്മാചരണത്തിൽ അനാസ്ഥ വൎദ്ധിച്ചുവരുന്ന ഇക്കാലത്തു് നാം നിത്യവും ചെയ്യേതീരു എന്നുള്ള സന്ധ്യാവന്ദനത്തിൻെറ പ്രയോജനത്തേയും മന്ത്രങ്ങളുടെ അൎത്ഥത്തേയും വിശദീകരിക്കുന്ന ഒരു ഗ്രന്ഥം" എഴുതിത്തീൎക്കണമെന്നു് അതിയായ ഒരു മോഹം അദ്ദേഹത്തിൻെറ മനസ്സിൽ കുടികൊണ്ടിരുന്നു. 1924 മാൎച്ചുമാസം 9-ാംനു- അദ്ദേഹം ഒരു സ്നേഹിതന്നു് അയച്ചതും സാരസ്വതബോധിനി മാസികയിൽ പ്രസിദ്ധംചെയ്തിട്ടുള്ളതുമായ ഒരു കത്തിൽ ചരിത്രപുരുഷൻ ഇപ്രകാരം എഴുതീട്ടുണ്ടു്:—

"നമ്മുടെ വൈദികധൎമ്മത്തിൻെറ സാരസംഗ്രഹമായ സന്ധ്യാവന്ദനത്തിൻെറ ഭാഷാന്തരീകരണത്തിലാണു് ഞാനിപ്പോളേൎപ്പെട്ടിരിക്കുന്നതു്. ഞാനിതെഴുതുന്നതു് ജ്ഞാനത്തിലും ധൎമ്മനിഷ്ഠയിലും ഉൽകൃഷ്ടത പ്രാപിച്ചിട്ടില്ലാത്ത ആളുകളുടെ ഉപയോഗത്തെ ഉദ്ദേശിച്ചാകയാൽ, ഞാൻ അവരുടെ നിലയിൽ നിന്നുകൊണ്ടു് വിഷയത്തെ പ്രതിപാദിക്കേണ്ടിയിരിക്കുന്നു. ഇതു ശ്രമാവഹമായ ഒരു കാൎയ്യമാണെന്നു ഞാൻ പറയാതെതന്നെ നിങ്ങഠംക്കറിയാമല്ലൊ..................

.............................എൻെറ സമുദായത്തിനു പ്രത്യക്ഷമായി ഞാൻ യാതൊരു സേവയും ചെയ്തിട്ടില്ലല്ലോ എന്നുള്ള അനുതാപം എല്ലായ്പോഴും എൻെറ മനസ്സിലുണ്ടു്. അതിനാൽ

എന്റെ ആയുഃസൂര്യൻ അസ്തമിക്കാറായ ഈ അവസരത്തിൽ—ദിനാന്ത്യസമയത്തെ ശീതവാതത്തോടുപമിക്കാവുന്ന ഈ ഘട്ടത്തിൽ—എന്നാൽകഴിയുന്നതിൽവച്ചു ഉത്തമമായ ഒരു വസ്തുവിനെ അവക്കു നല്കണമെന്നാണ് എന്റെ ആഗ്രഹം. അതു്, അവരെ അന്തർമുഖന്മാരാക്കി തങ്ങളുടെ ഹൃദയകുഹരങ്ങളിൽ ഈശ്വരനെ അന്വേഷിക്കുന്നതിനും, പവിത്രമായ സ്വർഗ്ഗത്തിലേക്ക് അവരുടെ ശിരസ്സിനെ ഉന്നമിപ്പിക്കുന്നതിനും, എല്ലാവരുടേയും സ്രഷ്ടാവായ ദ്യൌഷ് പിതാവിനെ ആഹ്വാനം ചെയ്യുന്നതിനും അവരെ ശക്തന്മാരാക്കിത്തീക്കുന്ന ഒരു പ്രാർത്ഥനാഗ്രന്ഥമായിരിക്കണമെന്നാണ് എന്റെ നിശ്ചയം."

ആലപ്പുഴവച്ചുനടന്ന പരിഷത്സമ്മേളനത്തിനുമുൻപ് പ്രസ്തുത ഗ്രന്ഥം പൂർത്തിയാക്കണമെന്നും ഗ്രന്ഥവുമായി പരിഷത്സമ്മേളനത്തിൽ എത്തിച്ചേരണമെന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നു. ആ സമ്മേളനത്തിന്റെ പ്രാരംഭദിനത്തിൽതന്നെയാണ് അദ്ദേഹം ദിവംഗതനായതു്. പ്രസ്തുതഗ്രന്ഥം അദ്ദേഹം എഴുതിത്തീർത്തിട്ടുണ്ടെന്നു വിശ്വസിക്കപ്പെടുന്നു. അദ്ദേഹത്തിന്റെ വകയായുള്ള കൈയെഴുത്തു പ്രതികൾ അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുന്ന വിഷയത്തിൽ അവകാശികൾ പ്രദർശിപ്പിക്കുന്ന അനാസ്ഥ ഈ ഒരു ഗ്രന്ഥത്തെ സംബന്ധിച്ചിടത്തോളമെങ്കിലും ഒഴിവാക്കപ്പെടുന്ന പക്ഷം സമുദായത്തിന് ആഹ്ലാദിക്കാമായിരുന്നു. ചരിത്രപുരുഷന്റെ ആത്മാവിനെക്കൂടി കൃതാർത്ഥമാക്കാൻ സാധിക്കുന്ന ആ സൽകൃത്യത്തിനു് ആരെങ്കിലും സന്നദ്ധരാകുമോ എന്തോ?

അദ്ധ്യായം 7

# മാതൃഭാഷാപ്രണയി

കേരളത്തിൽ നിവസിക്കുന്ന സാരസ്വതബ്രാഹ്മണരുടെ മാതൃഭാഷ കൊങ്കണിയാകുന്നു. സമുദായാഭിമാനികളിൽ അഗ്രേസരന്മാരായിട്ടുള്ളവർപോലും മാതൃഭാഷാപോഷണത്തിൽ താൽപര്യമില്ലാത്തവരായിട്ടാണ് കാണപ്പെടുന്നത്. സാഹിത്യസംബന്ധമായി ഔൽകൃഷ്ട്യമൊന്നുമില്ലാത്തതും എളുപ്പത്തിലൊന്നും അഭിവൃദ്ധിപ്പെടുത്താൻ നിവൃത്തിയില്ലാത്തതുമായ ഒരു ഭാഷയാണ് കൊങ്കണി എന്നും തന്മൂലം അതിനെ പോഷിപ്പിക്കുവാൻ യത്നിക്കുക എന്നത് ദുസ്സാധമായ ഒരു കാര്യമാണെന്നും ആ പാഴ്‌വേലയിൽ നിന്നു വിരമിച്ച് ദേശഭാഷയിൽ കൂടുതൽ പാടവം സമ്പാദിക്കാൻ ശ്രമിക്കുന്നതാണ് നല്ലതെന്നുംകൂടി ചിലർ അഭിപ്രായപ്പെടാതിരുന്നിട്ടില്ല. പ്രഭു അവർകൾക്ക് ഇതിൽനിന്നൊക്കെ വ്യത്യസപ്പെട്ട അഭിപ്രായമാണുണ്ടായിരുന്നത്. കൊങ്കണഭാഷയെ അഭിവൃദ്ധിപ്പെടുത്തുക എന്നത് സാദ്ധ്യമാണെന്നും അതിനായുദ്യമിക്കേണ്ടത് ഓരോ സാരസ്വതന്റെയും കർത്തവ്യമാണെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. അത്യന്തം ക്ലേശങ്ങൾ സഹിച്ച് കൊങ്കണഭാഷയ്ക്ക് ഒരു വ്യാകരണവും നിഘണ്ടുവും അദ്ദേഹം നിർമ്മിക്കുകയുണ്ടായി.

മഹാരാഷ്ട്രഭാഷയുടെ ഒരു ദുഷിച്ചരൂപമാണ് കൊങ്കണഭാഷ എന്നുള്ള ഒരു ധാരണ സാരസ്വതരിൽ അധികംപേർക്കും ഉണ്ട്. യാതൊരടിസ്ഥാനവുമില്ലാത്ത ഒരു തെററിദ്ധാരണയാണിതെന്ന് പ്രഭു അവർകൾ അഭിപ്രായപ്പെട്ടിരിക്കുന്നു. സാരസ്വതബ്രാഹ്മണരുടെ പൂർവ്വന്മാർ ത്രിഹോത്രപുരത്തിൽനിന്നും ഗോമന്തകപ്രാന്ത-

ത്തിലേക്കു വന്നപ്പോൾ അവരുടെ മാതൃഭാഷയായിരുന്നതു് മൈഥിലി എന്ന ഒരു പ്രാകൃതഭാഷയായിരുന്നു എന്നും ആ മൈഥിലി കാലക്രമേണ രൂപാന്തരപ്പെട്ടുണ്ടായതാണു് കൊങ്കണഭാഷയെന്നും അദ്ദേഹം നിരാക്ഷേപമായി സ്ഥാപിച്ചിട്ടുണ്ടു്.

ഭാഷയിലുള്ള പഴഞ്ചൊല്ലുകൾ ശേഖരിക്കുന്ന വിഷയത്തിൽ പ്രഭു അവർകൾ നിരന്തരമായി പരിശ്രമിച്ചുകൊണ്ടിരുന്നു. ആ വ്യവസായത്തിൽ പലരേയും അദ്ദേഹം പ്രേരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. പ്രഭു അവർകളുടെ ചരമത്തിൽ അനുശോചിച്ചുകൊണ്ടുള്ള ഒരു പ്രമേയം പരിഷത്സമ്മേളനത്തിൽ അവതരിപ്പിച്ചുകൊണ്ടു് സാഹിത്യകലാനിധി വിദ്വാൻ എ. ഡി. ഹരിശർമ്മ അവർകൾ ചെയ്ത പ്രസംഗത്തിൽ, സ്വഭാഷയെ ഉപാഷിപ്പിക്കുന്ന വിഷയത്തിൽ ജാഗ്രത ചെയ്യണമെന്നും, കിട്ടുന്നിടത്തോളം പഴഞ്ചൊല്ലുകളെ ശേഖരിച്ചുവയ്ക്കണമെന്നും ഒരുകാലത്തു് അതുകൊണ്ടു വലിയ പ്രയോജനമുണ്ടാകുമെന്നും പ്രഭു അവർകൾ ഉപദേശിക്കാറുണ്ടായിരുന്നതിനെപ്പററിയും, കൂടക്കൂടെയുള്ള എഴുത്തുകളിൽ അതിനെപ്പററി അനുസ്മരിപ്പിക്കാറുണ്ടായിരുന്നതിനെപ്പററിയും വിവരിച്ചിരുന്നു. അവസരം ലഭിച്ചിരുന്നെങ്കിൽ പ്രഭു അവർകൾ കൊങ്കണഭാഷാ വിഷയകമായുള്ള ഒട്ടേറെ ഗ്രന്ഥങ്ങൾ രചിച്ചു പ്രസിദ്ധപ്പെടുത്തുമായിരുന്നു എന്നുള്ളതിനു സംശയമില്ല.

പ്രഭു അവർകൾ രചിച്ചിട്ടുള്ള * കൊങ്കണഭാഷാവ്യാകരണത്തിലെ പ്രതിപാദനരീതി മനസ്സിലാക്കുന്നതിനായി അതിലെ ചിലഭാഗങ്ങൾ ഇവിടെ ചേർക്കാം

"സംസ്കൃതത്തിലെ പുല്ലിംഗശബ്ദങ്ങളുടെ അന്തത്തിലെ അഃ എന്നതു പ്രാകൃതത്തിൽ ഓ അല്ലെങ്കിൽ ഉ ആകുന്നതുപോലെ തന്നെ കൊങ്കണഭാഷയിൽ അതേ രൂപം ധരിക്കുന്നു. ഉ എന്നതു മാഗധിയിലും അപഭ്രംശത്തിലും വളരെ നടപ്പുള്ളതാകുന്നു.

---

* ഇതു് അച്ചടിച്ചു് പ്രസിദ്ധം ചെയ്തിട്ടുള്ളതല്ല.

| സംസ്കൃതം. | പ്രാകൃതം. | കൊങ്കണി. | മാറാട്ടി. |
|---|---|---|---|
| മനുഷ്യഃ | മണുസ്സോ | മനുഷ്യ | മാണുസാ |
| മയൂരഃ | മോരോ—മോരു | മോരു | മോര |
| ദീപഃ | ദീഓ | ദീവോ | ദിപ |
| ഗൌരഃ | ഗോരോ | ഗോരോ | ഗോരാ |
| കാലഃ | കാലോ | കാളു | കാളാ |

ബഹുവചനത്തിൽ ഉകാരാന്തൈകവചനങ്ങളിൽ അ വരും

മനുഷ്യ, മോര, വീര, രൂക.

ഓകാരാന്തൈകവചനങ്ങളിൽ ഏ വരും.

ദീവേ, ഗോരേ, പോളേ, ഘോഡേ, ഖേഡേ.

സംസ്കൃതത്തിലെ അകാരാന്തനപുംസകങ്ങളുടെ അന്ത്യമായ മകാരം ലോപിച്ച് വെറും പ്രാതിപദികമാത്രം ശേഷിക്കും.

| | | | |
|---|---|---|---|
| വനം | വന | ജ്ഞാനം | ജ്ഞാന |
| ജലം | ജല | വസ്ത്രം | വസ്ത്ര |
| വിഷം | വഷ | കുലം | കുല |
| ഗൃഹം | ഘര | ധ്യാനം | ധ്യാന |
| തൃണം | തണ | മാംസം | മാംസ |

ഈ നപുംസകങ്ങളുടെ ബഹുവചനങ്ങളിൽ രൂപഭേദമില്ലെങ്കിലും സ്വരത്തിൽ ഭേദം ഉണ്ട്. ഏകവചനത്തിലെ സ്വരങ്ങളെല്ലാം വൈദികസ്വരങ്ങൾതന്നെ. ബഹുവചനത്തിൽ ഏകവചനത്തിലെ ഉദാത്തത്തിൻെറ സ്ഥാനത്ത് അനുദാത്തവും ചിലപ്പോൾ സ്വരിതത്തിൻെറ സ്ഥാനത്ത് ഉദാത്തവും വരും. ആകാരാന്തനാമങ്ങൾ സ്ത്രീലിംഗങ്ങൾ ആകയാൽ ഏകവചനത്തിൽ സംസ്കൃതരൂപംതന്നെ. ബഹുവചനത്തിൽ ആകാരത്തിൻെറ സ്ഥാനത്ത് ഓകാരം വരും.''

സാരസ്വതരുടെ ഭാഷാപ്രയോഗരീതിയും ഉച്ചാരണവിധിയും മലയാളികൾക്ക് പലപ്പോഴും അരോചകമായിത്തീരാറുണ്ടല്ലോ. അതിനുള്ള കാരണങ്ങളെപ്പററി പ്രഭു അവർകൾ ഇപ്രകാരം ഉപന്യസിച്ചിരിക്കുന്നു:—

"മറാട്ടി, കൎണ്ണാടകം, കൊങ്കണി ഈ ഭാഷകൾ ഉച്ചാരണത്തിൽ വളരെ വ്യത്യാസപ്പെടാത്തതുകൊണ്ടു് കൊങ്കണബ്രാഹ്മണർ ഇവയെ സംസാരിക്കുമ്പോൾ അവരുടെ ഉച്ചാരണത്തിൽ ദോഷങ്ങൾ ഒന്നും കാണുകയില്ല. കേരളത്തിൽ ഇവരുടെ വൎണ്ണോച്ചാരണം, ധ്വനി, സ്വരം മുതലായവ മലയാളികളുടെ ഉച്ചാരണാദികളിൽനിന്നു അത്യന്തം ഭേദിച്ചിരിക്കുന്നു. അതുകൊണ്ടു ഇവരുടെ വൎണ്ണോച്ചാരണം കൊണ്ടുതന്നെ ഇവർ കേരളിയർ അല്ലെന്നു നിശ്ചയിക്കാം.

"മറാട്ടി, ഗുജറാത്തി, ഹിന്ദി, ഹിന്ദുസ്ഥാനി, കൊങ്കണി മുതലായ പ്രാകൃതഭാഷകളിലും, തുളു, കുടക, കൎണ്ണാടകം എന്നീ ദ്രാവിഡഭാഷകളിലും അകാരം സംവൃതമായിട്ടുച്ചരിക്കുന്നു മലയാളത്തിലും തമിഴിലും ആദ്യന്തമായ അകാരം വിവൃതമായും പദമദ്ധ്യത്തിൽ സംവൃതമായും ഉച്ചരിക്കുന്നു. ഈ ഭേദം അറിയാത്തതുകൊണ്ടു കൊങ്കണിബ്രാഹ്മണർ മലയാളത്തിലെ അകാരത്തെ സൎവ്വത്ര സംവൃതമായിട്ടുച്ചരിക്കും.

"പാണിനിയശിക്ഷാപ്രകാരവും ഋക്പ്രാതിശാഖ്യാനുസാരവും രേഫംമൂൎദ്ധന്യമായി ഉച്ചരിക്കേണ്ടതാകയാൽ അതു മലയാളത്തിലെ റ വൎണ്ണത്തിനു തുല്യമായിരിക്കും. ഈ ഉച്ചാരണം ഇന്നും രേഫം സംയോഗാവയവമായാൽ ഉണ്ടു്. ക്രമം—ക്റമം.

"മലയാളത്തിൽ രേഫത്തെ ദന്ത്യമായും മൂൎദ്ധന്യമായും ഉച്ചരിക്കുന്നു ഈ ഉച്ചാരണം തൈത്തിരീയ പ്രാതിശാഖ്യാനുസാരമാകുന്നു. ഈ ഉച്ചാരണം കൊങ്കണഭാഷയിൽ ഇല്ലാത്തതുകൊണ്ടു് കൊങ്കണിബ്രാഹ്മണർ സാധാരണമായി ര. റ. എന്നിവയിൽ ഉള്ള ഉച്ചാരണത്തെ വകവെയ്ക്കാറില്ല. അനുസ്വാരത്തിൻെറ ശുദ്ധമായ ഉച്ചാരണം കേരളത്തിൽ ഇല്ലാത്തതുകൊണ്ടു പരദേശികൾ അനുസ്വാരത്തെ ന്യായമായി ഉച്ചരിക്കുന്നതു മലയാളികൾക്കു കൎണ്ണാരുന്തുദം തന്നെ.

"ശ, ഷ, സ എന്നീ ഊഷ്മാക്കൾക്കു പകരം പ്രാകൃതഭാഷയിൽ സകാരം വരുന്നതുകൊണ്ടു് കൊങ്കണിബ്രാഹ്മണർ ഇവയുടെ

വ്യക്തി ഭദം അറിയാതെ സർവ്വത്ര ഒരേവണ്ണം ഉപയോഗിക്കും. ഴ കാരവും ഇവർ പലപ്പോഴും തെററായ്ത്തന്നെയേ ഉച്ചരിക്കയുള്ളൂ.

"ലകാരം മലയാളത്തിൽ തൈത്തിരീയപ്രാതിശാഖ്യാനുഗുണമായി ദന്ത്യാഗ്രമായിട്ടു ഉച്ചരിച്ചുവരുന്നു. ഋക്പ്രാതിശാഖ്യപ്രകാരം ലകാരം ദന്ത്യമാകയാൽ ഉത്തരദേശങ്ങളിൽ എല്ലാടത്തും കേൾക്കുന്ന ലകാരോച്ചാരണം ഋഗ്വേദികളുടെ ഉച്ചാരണംതന്നെ. കൊങ്കണിബ്രാഹ്മണർ പ്രായേണ ഋഗ്വേദികളാകയാൽ അവരുടെ ലകാരത്തിന്റെ ഉച്ചാരണവും തദനുസാരമായിരിക്കും. അതുകൊണ്ടു അവർ ഉച്ചരിക്കുന്ന ലകാരം ശുദ്ധദന്ത്യമാകയാൽ അതു കേരളീയക്കു അസഹ്യം ആകും"

കൊങ്കണഭാഷയെസംബന്ധിച്ചും സാരസ്വതബ്രാഹ്മണരുടെ ഉച്ചാരണസമ്പ്രദായങ്ങളെ സംബന്ധിച്ചും പ്രഭു അവർകൾ അഗാധമായി ചിന്തിച്ചിട്ടുണ്ടെന്നും അതിന്റെ ഫലമായി അക്കാര്യങ്ങളിൽ അദ്ദേഹം അപാരമായ പാണ്ഡിത്യം സമ്പാദിച്ചിരുന്നു എന്നും ഉള്ളതിനു സംശയമില്ല.

## അദ്ധ്യായം 8

# ലേഖകൻ

ശേഷഗിരിപ്രഭു അവർകൾ ഒരു ഗ്രന്ഥകാരൻ എന്ന നിലയിൽ പ്രസിദ്ധനായിട്ടില്ലെന്നു മുൻപൊരദ്ധ്യായത്തിൽ നാം മനസ്സിലാക്കി. ഒരു പ്രസിദ്ധഗദ്യകാരൻ എന്ന പ്രശസ്തി അദ്ദേഹം

ആർജ്ജിച്ചിരുന്നു എന്നുള്ളതിലും സംശയമില്ല. ഇതു രണ്ടുംതമ്മിൽ എങ്ങനെ യോജിക്കും എന്നൊരു ശങ്കയ്ക്കു് അവകാശം സിദ്ധിക്കുന്നുണ്ടു്. പ്രഭു അവർകൾ പല പത്രഗ്രന്ഥങ്ങളിലും പ്രസിദ്ധം ചെയ്തിട്ടുള്ള ഉപന്യാസപരമ്പരകളെപ്പററിഅറിയുമ്പോൾമാത്രമേ ഈ സന്ദേഹത്തിനു് പരിഹാരമുണ്ടാവുകയുള്ളൂ.

"ശേഷഗിരിപ്രഭുവിൻെറ ശാസ്ത്രവിഷയകമായുള്ള പാണ്ഡിത്യത്തിൻെറ ഈടുകതയും ഇയത്തയും ശരിക്കു ഗ്രഹിക്കണമെങ്കിൽ, അതിനു് അദ്ദേഹം അപ്പോഴപ്പോൾ അനവധി പത്രഗ്രന്ഥങ്ങളിലായി പ്രസിദ്ധപ്പെടുത്തിട്ടുള്ള ഉപന്യാസപരമ്പരകളാണു് നാം വായിക്കേണ്ടതു്. അക്കാര്യത്തിൽ മുദ്രിതങ്ങളായ അദ്ദേഹത്തിൻെറ പുസ്തകങ്ങളിൽ നിന്നു് നമുക്കു കിട്ടുന്ന അറിവു് അത്യന്തം അപര്യാപ്തമാകുന്നു" എന്നു് മഹാകവി ഉള്ളൂർ പറയുന്നു. വിവിധവിഷയങ്ങളെപ്പററി മലയാളത്തിലും ഇംഗ്ലീഷിലും അദ്ദേഹം എഴുതിട്ടുള്ള ബഹുലങ്ങളായ ഉപന്യാസങ്ങളാണു് അദ്ദേഹത്തെ ഒരു പ്രസിദ്ധ ഗദ്യകാരനാക്കിത്തീർത്തതു്.

"വിദ്യാഭ്യാസവും അതിൻെറ സാമഗ്രികളും" എന്ന വിഷയത്തെപ്പററിയുള്ളതായിരുന്നു അദ്ദേഹത്തിൻെറ ആദ്യത്തെ ഉപന്യാസം എന്നു പറയപ്പെട്ടിരിക്കുന്നു. "പ്രോത്സാഹനാർഹന്മാരായ വിദ്വാന്മാരെയും കവികളേയും അന്തർദൃഷ്ടി കൊണ്ടെന്നപോലെ അതിശീഘ്രമായും അതിസൂക്ഷ്മമായും കണ്ടുപിടിച്ചു്, അവരെ സമുചിതമായപ്രേരണകൊണ്ടും,ആവശ്യംപോലെയുള്ള ധനസംഭാവനകൊണ്ടും സ്വകൃത്യോന്മുഖന്മാരാക്കി സരസ്വതീസപര്യ ചെയ്യിക്കുവാൻ" അന്യാദൃശമായ പാടവമുണ്ടായിരുന്ന കണ്ടത്തിൽ വറുഗീസുമാപ്പിള അവർകളുടെ ആധിപത്യത്തിൽ കോട്ടയത്തു നിന്നും പുറപ്പെട്ടുകൊണ്ടിരുന്ന "ഭാഷാപോഷിണി" മാസികയിലാണു് പ്രഭു അവർകളുടെ ലേഖനങ്ങളിൽ ഏറിയഭാഗവും പ്രസിദ്ധംചെയ്യപ്പെട്ടിട്ടുള്ളതു്. ഭാഷാപോഷിണിയിലെ ലേഖനങ്ങൾ മൂലം പ്രഭു അവർകൾക്കും പ്രഭു അവർകളുടെ ലേഖനങ്ങൾ മൂലം ഭാഷാപോഷിണിക്കും മലയാളികളുടെ ഇടയിൽ അതിരററ പ്രശ

സ്തി സിദ്ധിച്ച കൊല്ലവഷം 1070 മുതൽ 1095 വരെയായുള്ള ഇരുപത്തിയഞ്ചു കൊല്ലങ്ങൾക്കിടയ്ക്കാണ് അദ്ദേഹം ലേഖനമെഴുത്തിൽ അധികം ഔൽസുക്യം പ്രദശിപ്പിച്ചിട്ടുള്ളത് എന്നൂഹിക്കാം. അദ്ദേഹം എഴുതിട്ടുള്ള അസംഖ്യം ലേഖനങ്ങളിൽ പ്രധാനപ്പെട്ട ചിലതിനെപ്പററിമാത്രം ഇവിടെ പരാമശിക്കാമെന്നുദ്ദേശിക്കുന്നു.

ശബ്ദശാസ്ത്രം പശ്ചാത്തലമായും നരവംശശാസ്ത്രപരമായ വിജ്ഞാനം പ്രതിഫലിക്കത്തക്കവിധത്തിലും 1076-ൽ എഴുതപ്പെട്ട ഒരു ഉപന്യാസമാണ് "ചെറമക്കൾ." പ്രഭു അവർകൾ കേവലം ഗ്രന്ഥപരിചയംകൊണ്ടു മാത്രം കാലംകഴിക്കുന്ന ഒരാളല്ലെന്നും തനിക്കു ചുററുമുള്ള സ്ഥിതിഗതികളെപ്പററി ആരാഞ്ഞറിയാനുള്ള അവലോകനശക്തിയും സ്വതന്ത്രവിചാരശീലവുംകൂടി അദ്ദേഹത്തിനുണ്ടായിരുന്നു എന്നും ആ ലേഖനം വെളിപ്പെടുത്തുന്നുണ്ട്.

"പുരുഷാത്ഥത്തെക്കുറിച്ചുള്ള പ്രാചീനഭാരതീയന്മാരുടെ അഭിപ്രായം" എന്ന തലക്കെട്ടോടുകൂടി അതിവിശിഷ്ടമായ ഒരു ഉപന്യാസം 1078-ൽ പ്രസിദ്ധം ചെയ്തു അതിൽ ഒരിടത്തു് പ്രഭു അവർകൾ ഇപ്രകാരംപറയുന്നു:—'ജന്മം സ്വായത്തമല്ലായ്കയാൽ ജനനകാലത്തുള്ള മതം ഗുണദോഷനിരൂപണം കൂടാതെതന്നെ സഹവാസസാഹചര്യത്താൽ അപരിപക്വബുദ്ധിയും നിഷ്കളങ്കചിത്തനുമായ ബാലകൻ അംഗീകരിച്ചു്, അതു യഥാത്ഥമെന്നു വിശ്വസിച്ചു്, തന്നിഷ്ടദിശാ ധമ്മകമ്മങ്ങളെ അനുഷ്ഠിച്ചു വരും കാലത്തു് 'നിൻെറ മതം അവിശ്വാസ്യമാകയാൽ അതിനെ നീ ഉപേക്ഷിച്ചു് എൻെറ മതത്തിൽ വന്നുചേരണം.' എന്നുപദേശിക്കയും അതുപദേശിപ്പാനായിട്ടു് യുക്തിയുക്തന്യായങ്ങളേയും പറഞ്ഞു് അവനിൽ സംശയം ജനിപ്പിക്കയും ചെയ്യുന്നതു് അന്യായം എന്നുമാത്രം പറയാം. എന്നാൽ ഈവിധമായ ഇതര മതങ്ങളുടെ ആഘോഷങ്ങളെ ഒന്നും ഗണിക്കാതെ ക്രമാഗതങ്ങളായ പൂവ്വസമ്പ്രദായങ്ങളെ ദേശകാലാനുരൂപം ഇപ്പോഴും ബ്രാഹ്മണർ ബഹുമാനിച്ചുവരുന്നു എന്നതു മഹാഭാഗ്യംതന്നെ. ഋഷിപുത്രന്മാരാകയാൽ ഋഷിമതം ത്യജിക്കുന്നതിനു് എത്ര വേദനയോ അത്ര

തന്നെ വേദന അവരുടെ ഗ്രന്ഥങ്ങൾ അറിയാതിരിക്കുന്നതിലും ഉണ്ടായാൽ അതു് അത്യുത്തമഭാഗ്യോദയമായിരിക്കും."

അതിപ്രൗഢവും അത്യന്തം വിജ്ഞേയവു,മായ ഒരു ദീർഘോപന്യാസമാണു് 1089-ൽ പ്രസിദ്ധംചെയ്ത "ഭരതമുനിരചിച്ച നാട്യശാസ്ത്രം" ദൃശ്യകാവ്യങ്ങളെപ്പററി സമഗ്രമായ ജ്ഞാനം അനുവാചകനു് ഉണ്ടാകുവാൻ ആ ഉപന്യാസം പര്യാപ്തമാകുന്നു.

"ദൃശ്യകാവ്യങ്ങളിൽ രാമാദിപാത്രങ്ങളെ അഭിനയിക്കുന്ന നടന്മാരിൽ പാത്രഗുണങ്ങളെ ആരോപിച്ചു് പാത്രങ്ങളുടെ സുഖദുഃഖങ്ങളിൽ പ്രേക്ഷകന്മാർ തന്മയത്വം പ്രാപിച്ചു് താദൃശാനുഭവങ്ങൾക്കു് ആസ്പദമായിത്തീരുന്നതുകൊണ്ടു് ദൃശ്യകാവ്യങ്ങളെ രൂപകങ്ങളെന്നും പേർവിളിക്കും. ഇവയെ ദശരൂപകങ്ങളെന്നും അഷ്ടാദശോപരൂപകങ്ങളെന്നും രണ്ടായി തരംതിരിച്ചിരിക്കുന്നു........ഈ ഇരുപത്തിയെട്ടുവിധം രൂപകങ്ങൾക്കും മാതൃകയായിട്ടുള്ളതു നാടകമാകയാൽ നാടകത്തിൻെറ ലക്ഷണങ്ങൾ പരിപൂർണ്ണമായി ധരിച്ചാൽ മററുള്ള രൂപകങ്ങളുടെ സ്വരൂപംഎളുപ്പം അറിയാവുന്നതാണു്. വസ്തു, നായകൻ, രസം എന്നീ മൂന്നംഗങ്ങളോടുകൂടിയതാകുന്നു രൂപകങ്ങളും ഉപരൂപകങ്ങളും. ഈ മൂന്നംഗങ്ങളിലുണ്ടാകുന്ന ഭേദങ്ങളിൽനിന്നും നാട്യകൃതികൾ ഇരുപത്തെട്ടായി പിരിഞ്ഞിരിക്കുന്നു. രൂപകത്തിൽ കവി ഉപയോഗിച്ചിരിക്കുന്ന കഥയാകുന്നു വസ്തു. ഈ വസ്തു ഏതുപുരുഷനെ മുഖ്യമായി ആശ്രയിച്ചിരാക്കുന്നുവോ ആയവൻ കഥാപുരുഷനായ നായകൻ. വസ്തുവിനെ സംബന്ധിച്ചുള്ള കഥാഭാഗങ്ങളിലെ വാക്യാർത്ഥം നടന്മാർ അഭിനയിക്കുമ്പോൾ പ്രേക്ഷകന്മാരുടെ മനസ്സിൽ ജനിക്കുന്ന വികാരമാകുന്നു രസം." എന്നിങ്ങനെലളിതമായ ഭാഷയിലും സുഗ്രഹമായ രീതിയിലും ആണു് പ്രസ്തുതലേഖനം എഴുതപ്പെട്ടിരിക്കുന്നതു്. ശാസ്ത്രങ്ങളുടെ പരിപൂർത്തിയെപ്പററി ഈ ലേഖനത്തിൽ ഒരുഭാഗത്തു് ഇപ്രകാരം പറഞ്ഞിരിക്കുന്നു:—"അതിസൂക്ഷ്മമായ വടകണികയിൽനിന്നു പൊടിഞ്ഞുവരുന്ന തൈ കാലാന്തരത്തിങ്കൽ അതിവിശാലമായ വടവൃക്ഷമായി പാന്ഥന്മാരേയും പക്ഷിമൃഗാദികളേയും

തൻെറ തണുപ്പുള്ള തണൽകൊണ്ടു് ആശ്വസിപ്പിക്കുന്നതുപോലെ, നിസ്സാരമായ പ്രഭവങ്ങളിൽനിന്നു ജനിച്ചു് കാലാനുരോധേന സിദ്ധിച്ച ജ്ഞാനത്താൽ പുഷ്ടികൂടി ഇപ്പോഠം ഉത്തമപദവിയെ ലഭിച്ചു് ജനസമുദായത്തിന്നു കിട്ടുന്ന ഗുണങ്ങഠം ഹേതുവായി ശാസ്ത്രം അത്യാദരത്തിന്നു് ആസ്പദമായിരിക്കുന്നു. ഓരോരോ ശാസ്ത്രത്തിൻെറ ചരിത്രം പരിശോധിച്ചുനോക്കിയാൽ കാലക്രമാനുരൂപമായിമാത്രമേ അവയ്ക്കു് പരിപൂൎത്തി വന്നിട്ടുള്ളൂ എന്നും കാണാവുന്നതാണു്."

ഭാഷയ്ക്കും ന്യായശാസ്ത്രത്തിനും തമ്മിലുള്ള സംബന്ധത്തെപ്പററി സുഗമമായരീതിയിൽ പ്രതിപാദിച്ചുകൊണ്ടു 1090-ൽ എഴുതപ്പെട്ട "ഭാഷാമാഹാത്മ്യം" എന്ന ലേഖനം പ്രഭുവവർകളുടെ ലേഖനങ്ങളിൽ വളരെ പ്രാധാന്യത്തെ അർഹിക്കുന്ന ഒന്നാകുന്നു. "ആ പ്രബന്ധം നിൎമ്മിക്കുവാൻ അദ്ദേഹം ഭാഷയിൽ പല സാങ്കേതികപദങ്ങളും സൃഷ്ടിച്ചതായിക്കാണുന്നു" എന്നും "കേരളപാണിനീയത്തിൻെറ അടുത്ത പടിയിൽ നില്ക്കത്തക്ക മഹിമ പ്രസ്തുതോപന്യാസത്തിനുണ്ടു്." എന്നും ഭാഷാസാഹിത്യത്തിലെ അനിഷേധ്യനായകനായ ഒരു പണ്ഡിതവൎയ്യൻ അഭിപ്രായപ്പെട്ടിട്ടുണ്ടു്. പ്രസ്തുതോപന്യാസത്തിൽനിന്നു് ഒരു ചെറിയഭാഗം ചുവടേ ചേൎക്കാം:—

"വിചാരത്തിൻെറ മുഖ്യമായ പ്രയോജനം ജ്ഞാനസമ്പാദനമാകയാൽ വാക്യങ്ങഠംക്കു് അൎത്ഥവും പ്രമാണാർഹതയും ഉണ്ടായിരിക്കണം. അൎത്ഥവത്തും പ്രമാണാർഹവുമായ വാക്യം ഭാഷയുടെ ആത്മാവാകുന്നു. ആത്മാവു ശരീരത്തിൽ കുടികൊണ്ടിരിക്കുമ്പോഠം ശരീരം ചൈതന്യമുള്ളതായി ആവശ്യമുള്ളവിഷയങ്ങളിൽ വ്യാപരിച്ചു് ആത്മാവിൻെറ ഇഷ്ടങ്ങളെ സാധിപ്പിക്കുന്നു. ആത്മാവു ദേഹത്തെ വിട്ടുപോയാൽ ദേഹം അചേതനവും നിശ്ചേഷ്ടവും നിസ്സാരവും ബീഭത്സവും ആയിത്തീൎന്നു് ഒരു പ്രയോജനത്തിനും ഉതകാതെ ക്ഷണത്തിൽ നശിച്ചുപോകുന്നു. അതുപോലെ അൎത്ഥവും പ്രയോജനവുമില്ലാത്ത വാക്യങ്ങഠം ചേൎത്താൽ

അവ ഭാഷയുടെ ഉദ്ദേശം നിവ്വഹിക്കാത്തതുകൊണ്ടു് ഭാഷയ്ക്കു പ്രാണപ്രദങ്ങളല്ല."

അഭിജ്ഞാനശാകുന്തളം, നാന്ദീപ്രകരണം, ഭാഷാപ്രവൃത്തികരം, മധുസൂദനസരസ്വതിയുടെ പ്രസ്ഥാനഭേദത്തിൻെറ പാരിഭാഷ ഇത്യാദിയായി പലേ വിഷയങ്ങളെപ്പററിയും ഉള്ള വേറെയും ലേഖനങ്ങരം പ്രഭു അവർകരം ഭാഷാപോഷിണിയിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടു്.

പ്രഭു അവർകളുടെ ലേഖനങ്ങരം ലഭിക്കുവാനുള്ള ഭാഗ്യം ഭാഷാപോഷിണിക്കു മാത്രമല്ല ഉണ്ടായിട്ടുള്ളതു്. രസികരഞ്ജിനി, വിദ്യാവിനോദിനി, നായർസമുദായപരിഷ്കാരിണി, സദാനന്ദവിലാസം, മംഗളോദയം, വേദവ്യാസൻ, സാരസ്വതബോധിനി തുടങ്ങിയുള്ള മററനേകം മാസികകളേയും ലേഖനദാനംകൊണ്ടു് അദ്ദേഹം അനുഗ്രഹിച്ചിട്ടുണ്ടു്. മലബാർ ക്വാർട്ടർലി റിവ്യൂ മുതലായ ഇംഗ്ലീഷ് മാസികകളിൽ ഇംഗ്ലീഷിലും അനേകം വിശിഷ്ട ലേഖനങ്ങരം അദ്ദേഹം എഴുതീട്ടുണ്ടു്. "കൊങ്കണസ്ഥബ്രാഹ്മണർ" എന്ന തലക്കെട്ടിൽ രസികരഞ്ജിനിയിൽ എഴുതീട്ടുള്ള ഒരു ലേഖനത്തെപ്പററി അന്യത്ര വിവരിച്ചിട്ടുണ്ടല്ലോ.

1094-ൽ കേരളീയയുവജനമിത്രം എന്ന മാസികയിൽ "അദ്വൈതവേദാന്തം" എന്ന തലക്കെട്ടോടുകൂടി പ്രഭു അവർകരം എഴുതിയിരിക്കുന്ന ലേഖനം എല്ലാവരും അവശ്യം വായിച്ചിരിക്കേണ്ട ഒന്നാകുന്നു. "പരദേവതയിലും വിദ്യോപദേഷ്ടാവായ ഗുരുപ്രവരനിലും സമവിലക്ഷണഭക്തി ഉണ്ടായിരിക്കേണമെന്ന വിധിയെ പ്രമാണിച്ചു് പൂവ്വസമ്പ്രദായത്തെ ഇന്നും, ഈ പരിഷ്കൃത കാലത്തുംകൂടി ആദരിച്ചുകൊണ്ടിരിക്കുന്ന കേരളീയരുടെ ഗൃഹങ്ങളിൽ സന്ധ്യാകാലത്തു വിളക്കുവെച്ചാറെ ക്ഷീരകണ്ഠന്മാരുടെ മൃദുലകണ്ഠങ്ങളിൽനിന്നു ഉയൎന്നു ആനന്ദസംഭൃതമായി പ്രവഹിച്ചുവരുന്ന മാധുരീമധുരധാരിയെ ശ്രോത്രപുടങ്ങളെക്കൊണ്ടു പാനംചെയ്വാനുള്ള പുണ്യയോഗംകിട്ടുന്നവരിൽ ആൎക്കാണു സംസൃതിവിസ്മൃതി വന്നു വിഗളിതവേദ്യാന്തരമായ ആനന്ദപ്രാപ്തി സിദ്ധിക്കാത്തതു ?"

എന്നു ചോദ്യംചെയ്യും "ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് സാർവ്വത്രികമായി സിദ്ധിച്ചിരിക്കുന്ന പരമോൽകൃഷ്ടത്താൽ നിത്യകർമ്മാനുഷ്ഠാനത്തിനും ഈശ്വരസ്തുതിസ്തോത്രപഠനത്തിനും രാമായണാദിഗ്രന്ഥപാരായണത്തിനും ലോപം വന്നിരിക്കുന്നതു് ശോചനീയം തന്നെ" എന്നു പരിതപിച്ചും അദ്ദേഹം സന്ദർഭവശാൽ ഇപ്രകാരം അഭ്യർത്ഥിക്കുന്നു:—

"മഹാന്മാരേ! ജഗദീശഭജനം ആത്മാവിന്റെ പോഷണവും ഭൂഷണവും ആകയാൽ ഉപേക്ഷിക്കരുത! നമ്മുടെ പവിത്രഭൂമിയായ ഭാരതമാതാവിന്റെ നിസ്സീമമാഹാത്മ്യാതിശയത്തിനു മുഖ്യകാരണം പൂർവ്വഭാരതീയരുടെ നിഷ്കാരണമായ സ്വാദ്ധ്യായനിഷ്ഠയും നിഷ്കാമമായ ധർമ്മനിഷ്ഠയും ആണല്ലോ ഉദരപൂരണം ഇപ്പോൾ ബഹ്വായാസസാദ്ധ്യവും അതിക്ലേശാവഹവും ആകുന്നു എന്നതിൽ രണ്ടുപക്ഷമില്ല. ആയിരം പാതകം ചെയ്യേണ്ടിവന്നാലുംകൂടി അതിനെ ചെയ്തു് കുടുംബം സംരക്ഷിക്കണം എന്ന് വിധിക്കുന്ന മനുവുംകൂടി സ്വധർമ്മം പരിത്യജിക്കാൻ നിയോഗിക്കുന്നില്ല. പ്രാണരക്ഷയ്ക്കുവേണ്ടി ശാസ്ത്രവിരുദ്ധമായി വിശ്വാമിത്രാദിമഹാത്മാക്കൾ ആചരിച്ചതായി ശാസ്ത്രങ്ങൾ പറയുന്നതു് ആപദ്ധർമ്മമാണ്. ആപദ്ധർമ്മത്തിലുംകൂടി സ്വധർമ്മസംരക്ഷണം ചെയ്യണം എന്നു് ശ്രുതിയും വിധിക്കുന്നു. ഉഷസ്തിചാക്രായണൻ എന്ന ഋഷി ഇഭ്യൻ എന്ന ഋഷി തിന്നുശേഷിച്ച ഉച്ഛിഷ്ടകല്മാഷങ്ങളെ വാങ്ങിത്തിന്നുവെങ്കിലും അദ്ദേഹം കുടിച്ചുശേഷിച്ച ജലം കുടിച്ചില്ല. കാരണം ചോദിച്ചാറെ ശുദ്ധജലം യഥേഷ്ടമായി കിട്ടുന്നുണ്ടെന്നും ധാന്യം തിന്നാതിരുന്നുവെങ്കിൽ ജീവിക്കയില്ലായിരുന്നു എന്നും ഋഷി മറുപടിപറഞ്ഞതായി ഛാന്ദോഗ്യോപനിഷത്തിൽ (1–10) കാണാം. ഭക്തിയോടും ശ്രദ്ധയോടും ആദരവോടുംകൂടി ക്ഷണനേരം സർവ്വാത്മനാ ഭഗവൽസ്മരണംചെയ്താൽ സിദ്ധിക്കുന്ന പുണ്യസഞ്ചയത്താൽ ആ സുദിനത്തെ മുഴുവനും പവിത്രമാക്കാം. ഭക്തിശ്രദ്ധാനമ്രമായ നമ്മുടെ ഹൃദയം ജഗദീശനു സമർപ്പിപ്പാൻ നാം നിത്യം പരിശീലിച്ചാൽ നമുക്കു് അചിരേണ ജന്മസാഫല്യം വരും."

പ്രഭു അവർകളുടെ ലേഖനങ്ങളെപ്പററിയുള്ള ഈ വിചിന്തനം ഇതേതരത്തിൽ തുടൻപോകുന്നപക്ഷം അതിന് എളുപ്പത്തിലെങ്ങും പരിസമാപ്തിയുണ്ടാവുകയില്ല. ആകയാൽ അദ്ദേഹം അവസാനമായി എഴുതിയ ഉപന്യാസത്തെപ്പററിയുംകൂടി അല്പം ചിലതു പ്രസ്താവിച്ച് ഈഭാഗം ഉപസംഹരിച്ചുകൊള്ളട്ടെ.

പരിഷത്സമ്മേളനത്തിൽ വായിക്കുന്നതിനായി "പരിഷത്തു് ഉപനിഷത്തു് എന്നീ ശബ്ദങ്ങളുടെ അർത്ഥം" എന്ന തലക്കെട്ടോടുകൂടി ശേഷഗിരിപ്രഭു അവർകൾ തയാറാക്കി അയച്ച ഉപന്യാസമാണ് അദ്ദേഹം എഴുതിയ ഉപന്യാസങ്ങളിൽ അവസാനത്തേതു് എന്നനുമാനിക്കുന്നതിൽ തെററില്ല. ആ ഉപന്യാസം പരിഷത്തിൽ വായിച്ചുകൊണ്ടിരുന്ന അവസരത്തിൽ തന്നെയാണ് അദ്ദേഹത്തിൻെറ ആത്മാവു സ്വദേഹത്തെ ത്യജിച്ചതെന്നുള്ളതും അത്ഭുതകരമായിരിക്കുന്നു. ലോകക്കുള്ള തൻെറ അവസാന സന്ദേശമാണതെന്നു് പ്രഭു അവർകൾ മുൻകൂട്ടി മനസ്സിലാക്കിയിരുന്നില്ലേ എന്നുപോലും ആ ഉപന്യാസം വായിക്കുമ്പോൾ തോന്നിപ്പോകുന്നുണ്ട്. പ്രസ്തുതമായ ഉപന്യാസത്തിൽ അദ്ദേഹം പറയുന്നു:—

"വേദം ധർമ്മത്തേയും ബ്രഹ്മത്തേയും ഉപപാദിക്കുന്നു. ധർമ്മം ഉപദേശിക്കുന്ന വേദഭാഗത്തെ കർമ്മകാണ്ഡമെന്നു പറയും. നാം ചെയ്യേണ്ടുന്ന യാഗാദികർമ്മങ്ങളേയും ആചരിക്കേണ്ടുന്ന ശൌചസ്നാനാദികർമ്മങ്ങളേയും കർമ്മകാണ്ഡം ഉപദേശിക്കും. കർമ്മകാണ്ഡം വിധിക്കുന്ന കർമ്മങ്ങളെ വേദസംഹിതകളിലെ മന്ത്രങ്ങളെ ചൊല്ലിയും മന്ത്രങ്ങൾ സ്മരിപ്പിക്കുന്ന ദ്രവ്യദേവതകളിൽ ദ്രവ്യത്തെ സമർപ്പിച്ചും ദേവതയെ പ്രസാദിപ്പിക്കുന്നതിനു അനുഷ്ഠിക്കും. അനുഷ്ഠിപ്പാനുള്ള പ്രകാരത്തെ ബ്രാഹ്മണമെന്ന വേദഭാഗം ഉപദേശിക്കും. കർമ്മത്തെ സംബന്ധിക്കാത്ത ബ്രാഹ്മണഭാഗത്തെ ആരണ്യകമെന്നു പറയും. ഗാർഹസ്ഥ്യം മതിയാക്കി വാനപ്രസ്ഥനായി വനത്തിൽചെന്നു് ഇതുവരെ അനുഷ്ഠിച്ചിരുന്ന കർമ്മത്തെ അദ്ധ്യാത്മദൃഷ്ട്യാ ആലോചിച്ചു മനസ്സിന്നു ഏകാഗ്രത സിദ്ധിപ്പാനുള്ള മാർഗ്ഗങ്ങളെ ഗ്രഹിപ്പാൻ നിരന്തരസ്മരണമാകുന്ന

ഉപാസനചെയ്തു വിരക്തനായ ഉടനെ സന്യസിച്ച് ആരണ്യക ത്തിൻെറ അന്തത്തിൽ ഉള്ള ഉപനിഷത്തുകളെ ഗുരുമുഖേന കേട്ട യുക്തി, ന്യായം, പരീക്ഷ, അനുഭവം എന്നിവകൊണ്ട് അത്ഥ ത്തെ നിസ്സംശയമായി ധരിച്ച് ഈ ഗുരൂപദേശത്തെ നിത്യം ആ വത്തിപ്പിച്ചുസ്മരിച്ച് ചിത്തവൃത്തികൾക്ക് ബ്രഹ്മപരത്വം വന്നതു് അനുഭവിക്കുന്നതാകുന്നു ബ്രഹ്മാനന്ദമാകുന്ന മോക്ഷം".

ശ്രുതിസ്മൃതി പുരാണേതിഹാസാദികളിൽ നിന്നു പല വാക്യ ങ്ങളും ഉദ്ധരിച്ച് അനുവാചകന്മാർക്ക് ധർമ്മോപദേശം നൽകുന്ന പ്രസ്തുത ഉപന്യാസം ഇപ്രകാരമാണ് ഉപസംഹരിച്ചിരിക്കുന്നതു്:—

"ഗുരുപരിവൃഢൻെറ ശാസ്ത്രവ്യാഖ്യാനത്താൽ ഈ പരമാ ത്മാവു കിട്ടുകയില്ല. ധാരണാശക്തിയോടുകൂടി ചെയ്യുന്ന ധ്യാന ത്താലും ലഭിക്കയില്ല. ബഹുകാലം ഗുരുവിങ്കൽ നിന്നു ശാസ്ത്രംകേട്ടു പഠിച്ചതുകൊണ്ടും ഈശ്വരൻ ലഭിക്കയില്ല. ഏവനെ പരമാ ത്മാവു ഭക്തനായി വരിക്കുന്നുവോ ആയവനു ഭഗവാനെക്കിട്ടും. അവനു പരമാത്മാവു തൻെറ സ്വരൂപത്തെ കാണിക്കും—ഭക്തിയും ജ്ഞാനവും ഉള്ളവൻ ഈശ്വരനെ അറിയും. "ജ്ഞാനി എൻെറ ആത്മാവാകുന്നു" എന്നു ശ്രീകൃഷ്ണഭഗവാൻ പറയുന്നു.

ജ്ഞാനീത്വാത്മൈവമേമതം ശ്രീഗീത 7—18. ഈശ്വരനെ അറിവാനായി നാം നിത്യം പ്രയത്നിക്കേണ്ടതാകുന്നു എന്നു മാതാ വായ ശ്രുതി ഉപദേശിക്കുന്നു.

ഉത്തിഷ്ഠത ജാഗ്രത പ്രാപ്യവരാൻ നിബോധത!<br>
ക്ഷുരസ്യധാരാനിശിതാദുരത്യയാ<br>
ദുർഗ്ഗംപഥസ്തൽകവയോവദന്തി

കാഠകോപനിഷത്തു് (1-3-14)

"അവിദ്യ എന്ന സുഷുപ്തിയിൽ നിമഗ്നരായി ബോധമില്ലാതെ കിടന്നുറങ്ങുന്ന ബാലരേ എഴുന്നേല്പിൻ—ഉണരുവിൻ; ഇനിയും മോഹത്തിൽ അകപ്പെടാതിരിപ്പാൻ ജാഗരൂകരായിരിപ്പിൻ; ശ്രേ ഷ്ഠരായ ഗുരുവരന്മാരെ പ്രാപിച്ചിട്ടു ശാസ്ത്രങ്ങളെ ഗ്രഹിപ്പിൻ;

സംസാരയാത്രചെയ്യുമ്പോഠം സഞ്ചരിക്കേണ്ടുന്ന മാഗ്ഗത്തിൽ വളരെ വളരെ മൂർച്ചയുള്ള വാളുകഠം നിരത്തിവച്ചിരിക്കുന്നതു കൊണ്ടു് അതിനെ വിദ്വാന്മാരും ദുഗ്ഗമായ വഴിയെന്നു പറയുന്നു — അതുകൊണ്ടു് ദിവ്യോപദേശം അംഗീകരിച്ചു് ആത്മോദ്ധാരത്തിനു സവ്വരും യോജിച്ചു് പ്രവത്തിച്ചുകൊഠംവാൻ ശ്രീശേഷാദ്രിനിവാസനായ ശ്രീനിവാസൻ അനുഗ്രഹിക്കുമാറാകട്ടെ!''

ശേഷഗിരിപ്രഭു അവർകളുടെ ഉപന്യാസങ്ങളെല്ലാംഒരുമിച്ചു ചേത്തു് രണ്ടോ മൂന്നോ വാല്യങ്ങളായി പ്രസിദ്ധംചെയ്യുന്നപക്ഷം അതു് ലോകോപകാരപ്രദമായ ഒരു സദ്വ്യവസായമായിത്തീരുന്നതാണു്. മഹാകവി പറയുന്നതുപോലെ, ''ആ ഉപന്യാസങ്ങഠം വായിച്ചാലേ ശേഷഗിരിപ്രഭുവിൻെറ മഹിഷ്ഠതയും വൈശിഷ്ട്യവും അതിൻെറ തികഞ്ഞും തെളിഞ്ഞും ഉള്ള രൂപത്തിൽ കേരളീയക്കു ഗ്രഹിക്കുവാൻ സാധിക്കുകയുള്ളൂ. ആ സദ്വ്യവസായം ഭാഷയ്ക്കു് ഒരു മഹോപകാരവും ഇന്നു വിപ്രകീണ്ണങ്ങളായിക്കാണുന്ന ആ സുരഭിലസുമങ്ങഠം കോത്തു തീക്കുന്ന ഹാരം അദ്ദേഹത്തിൻെറ സ്മരണയ്ക്കു് ഒരു സമുചിതോപഹാരവുമായിപ്പരിണമിക്കുന്നതാണു്.''

അദ്ധ്യായം 7

# സ്മാരകങ്ങൾ

മഹാന്മാരുടെ സ്മരണയെ നിലനിറുത്തുന്നതിനായി വിവിധതരത്തിലുള്ള സ്മാരകങ്ങഠം ഏപ്പെടുത്തുവാൻ വീരാരാധനയിൽ താൽപയ്യമുള്ളവർ സന്നദ്ധരാകുക സാധാരണമാണു്. ശേഷഗിരി

പ്രഭു അവർകളുടെ നാമത്തിലും ചില സ്മാരകങ്ങൾ ഉത്ഭവിക്കുകയുണ്ടായി. അവയെപ്പററി ചിലതൊക്കെ ഈ അദ്ധ്യായത്തിൽ വിവരിക്കാം

"ശേഷഗിരി പ്രസിദ്ധീകരണാലയം" എന്ന പേരിൽ കോഴിക്കോട്ട് കോർട്ടുറോഡിൽ ഒരു സ്ഥാപനം 1925 ആഗസ്റ്റ് മാസത്തിൽ പ്രാരംഭിക്കപ്പെട്ടു. സ്മൎയ്യപുരുഷൻെറ നാമത്തിൽ ചില വേതനങ്ങൾ ഏർപ്പെടുത്തുവാൻ അതിൻെറ പ്രവൎത്തകന്മാർ ശ്രമിച്ചുതുടങ്ങിയിരുന്നു. "ശേഷഗിരി" എന്ന പേരിൽ ഒരു മലയാള മാസികയും പ്രസിദ്ധം ചെയ്തുതുടങ്ങിയിരുന്നു. മാസിക അചിരേണ മുടങ്ങിപ്പോയി. പ്രവൎത്തകന്മാരുടെ മററുദ്യമങ്ങൾ എത്രത്തോളമുണ്ടായിട്ടോ ആവോ; ഏതാണ്ടൊക്കെ സഫലമായിട്ടുണ്ടെന്നു തോന്നുന്നു.

തിരുവിതാംകൂർ ഗൌഡസാരസ്വതബ്രാഹ്മണപരിഷത്തിൻെറ ആഭിമുഖ്യത്തിൽ ആരംഭിച്ച ശേഷഗിരിസ്മാരകഗ്രന്ഥശാലയാണ് പ്രഭു അവർകളുടെ നാമത്തിൽ ഉണ്ടായിട്ടുള്ള സ്മാരകങ്ങളിൽ ഏററവും പ്രധാനമായ സ്ഥാനത്തെ അർഹിക്കുന്നത്. പരിഷത്തിൻെറ ദ്വിതീയസമ്മേളനം ആലപ്പുഴ ക്ഷേത്രസന്നിധിയിൽ നടന്നുകൊണ്ടിരുന്ന അവസരത്തിലാണ് പ്രഭു അവർകൾ പരലോകപ്രാപ്തനായ വിവരം അറിയുവാനിടയായതെന്നും സമുദായത്തിനു അദ്ദേഹത്തിൻെറ നേക്കുള്ള ഭക്ത്യാദരങ്ങളുടെ ഫലമായി അവിടെവച്ചു് ശ്രീ ശേഷഗിരിസ്മാരകഫണ്ഡ് രൂപവല്ക്കരിക്കപ്പെട്ടുവെന്നും മുൻപു് പ്രസ്താവിച്ചിട്ടുണ്ടല്ലോ. പ്രസ്തുതസമ്മേളനത്തിൽ താഴെ ചേർക്കുന്ന പ്രമേയങ്ങൾ ഐകകണ്ഠ്യേന പാസാക്കപ്പെട്ടു.

"പണ്ഡിതമൂൎദ്ധാഭിഷിക്തനും നമുക്ക് അഭിമാനധനവുമായിരുന്ന സാഹിത്യകുശലൻ എം. ശേഷഗിരിപ്രഭു അവർകളുടെ യാദൃച്ഛികവും അപ്രതീക്ഷിതവുമായ ദേഹവിയോഗത്തിൽ ഈ പരിഷത്ത് അദ്ദേഹത്തിൻെറ കുടുംബത്തോടു ഹാർദ്ദമായി അനുശോചിക്കുകയും ആ പുണ്യാത്മാവിൻെറ ഊൎദ്ധ്വഗതിയ്ക്കായി ജഗദീശ്വരനോട് പ്രാൎത്ഥിക്കുകയും ചെയ്യുന്നു.

എ. പരേതനായ ശ്രീയുത് എം. ശേഷഗിരിപ്രഭു അവർക

ളോടു നമുക്കുള്ള സ്നേഹബഹുമാനങ്ങളുടെ സൂചകമായും, അദ്ദേഹം സമുദായത്തിനുവേണ്ടി ചെയ്തിട്ടുള്ള അമൂല്യഗുണങ്ങളെ അനുസ്മരിച്ചും, അദ്ദേഹത്തിൻെറ നാമധേയത്തെ ശാശ്വതമായി നിലനിറുത്തുന്നതിനുള്ള ഒരു സ്മാരകമായി ഒരു ഗ്രന്ഥശാല സ്ഥാപിക്കണമെന്നും, അതിനുള്ള ആദ്യത്തെ പടിയായി അദ്ദേഹത്തിൻെറ വക ഗ്രന്ഥസമുച്ചയവും അദ്ദേഹം രചിച്ചിട്ട് അച്ചടിപ്പിക്കാതെ കിടപ്പുള്ള കയ്യെഴുത്തുപുസ്തകങ്ങളും അവകാശികളോടു വിലയ്ക്കു വാങ്ങണമെന്നും;

ബി. ഗ്രന്ഥശാലാ സ്ഥാപനത്തിനുവേണ്ടി സംഭാവനകൾ പിരിച്ചെടുക്കുന്നതിനും അതിനുവേണ്ട മററു കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുമായി ഈ പരിഷത്തിലെ അദ്ധ്യക്ഷനും * ശ്രീയുതർ കെ. നരസിംഹപ്പൈ, എൻ. ജി. നാരായണറാവു, ഏ. രാമപ്പൈ, ബി. വാമനബാളിഗ, ഡാക്ടർ നാഗോജിറാവു, എൻ. കൃഷ്ണകമ്മത്തി, കെ നാഗേന്ദ്രപ്രഭു എന്നിവരും ഇവരാൽ സ്വീകരിക്കപ്പെടുന്ന മററു അംഗങ്ങളുംചേൎന്ന് ഒരു കമ്മററിയുണ്ടായിരിക്കണമെന്നും ഇവരിൽ ശ്രീയുത് എൻ. കൃഷ്ണകമ്മത്തി കമ്മററിയുടെ സെക്രട്ടറിയും ശ്രീയുത് കെ നാഗേന്ദ്രപ്രഭു ഖജാൻജിയും ആയിരിക്കണമെന്നും കമ്മററിക്കാർ പിരിച്ചെടുക്കുന്ന പണം ഒരു ബാങ്കിൽ നിക്ഷേപിക്കണമെന്നും.

സി. ശ്രീയുത് ശേഷഗിരിപ്രഭു അവർകളുടെ ഭാൎയ്യാപത്യങ്ങളോട് ഈ പരിഷത്ത് അനുശോചിക്കുന്നതായും, തത്സ്മാരകമായി സ്ഥാപിക്കാൻപോകുന്ന ഗ്രന്ഥശാലയ്ക്കുവേണ്ടി അദ്ദേഹത്തിൻെറവക ഗ്രന്ഥസമൂഹവും അദ്ദേഹമെഴുതീട്ടുള്ള കയ്യെഴുത്തുപുസ്തകങ്ങളും വിലയ്ക്കുവാങ്ങാൻ നിശ്ചയിച്ചിരിക്കുന്നതായും ഒരു കമ്പി അടിക്കണമെന്നും; ഈ പരിഷത്ത് തീരുമാനിക്കുന്നു.''

ഈ പ്രമേയത്തിലെ താൽപൎയ്യമനുസരിച്ചുള്ള ഗ്രന്ഥശാലാഫണ്ടിലേയ്ക്കായി ആ സമ്മേളനത്തിൽവച്ചുതന്നെ ഒരു സംഭാവനാലിസ്റ്റ് പ്രാരംഭിച്ചു. ഏതാണ്ട് ഒരു മണിക്കൂർ സമയംകൊണ്ട്

---

* ശ്രീമത് സുവിചാരാനന്ദസ്വാമികൾ.

$2539\frac{3}{4}$ രൂപാ വാഗ്ദാനം ചെയ്യപ്പെട്ടുകയും അതിൽ $237\frac{1}{4}$ രൂപാ അപ്പോഠംതന്നെ ഖജാൻജിയുടെ പക്കൽ കിട്ടുകയും ചെയ്തു

സമ്മേളനത്തിൽനിന്നു നിയമിക്കതരായ കമ്മററിക്കാർ അടുത്ത സമ്മേളനത്തിനകമായി ഗ്രന്ഥശാലാസ്ഥാപനം സംബന്ധിച്ചുള്ള ജോലികഠം പൂർത്തിയാക്കാതിരുന്നതിനാൻ അടുത്തയാണ്ടിൽ കൊല്ലത്തുവച്ചുകൂടിയ സമ്മേളനം വീണ്ടും ഒരു പ്രമേയംമൂലം കമ്മററിയെ ഉത്തേജിപ്പിക്കുകയും അടുത്ത ഒരു കൊല്ലത്തിനകം അവർ പ്രഭു അവർകളുടെ ഗ്രന്ഥശേഖരം വിലയ്ക്കുവാങ്ങി ആലപ്പുഴയിൽ കൊണ്ടുവരികയും ഉണ്ടായി.

1102 ഇടവം 28-ാംനു- സ്മാരകക്കമ്മററിയുടെ ഒരു യോഗം ശ്രീയുത് കെ. നരസിംഹപ്പൈ അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു; ആ യോഗത്തിൽ താഴെ വിവരിക്കുംവിധം തീരുമാനിച്ചതായിക്കാണുന്നു:—

"ഗ്രന്ഥശാലവക പുസ്തകങ്ങഠംവച്ചു സൂക്ഷിക്കുന്നതിനായി 125രൂപയിൽ കവിയാതെ വിലവരാവുന്ന രണ്ടു കണ്ണാടി അലമാരികഠം വാങ്ങുന്നതിന് ഖജാൻജി അവർകളെ അധികാരപ്പെടുത്തി. ഗ്രന്ഥശാലാപുസ്തകങ്ങഠം ഇനിയൊരു തീരുമാനമുണ്ടാകുന്നതുവരെ തല്ക്കാലം തുറവൂർ തിരുമലദേവസ്വം ഇംഗ്ലീഷ്ഹൈസ്കൂഠം ഹെഡ്മാസ്റ്റർ അവർകളുടെ ചാർജ്ജിൽ ടി സ്കൂളിൽവച്ചു സൂക്ഷിക്കുന്നതു് നന്നായിരിക്കുമെന്നു തീരുമാനിച്ചു. ഗ്രന്ഥശാല ടി സ്ഥലത്തുവച്ചു സൂക്ഷിക്കുന്നതിനായി വേണ്ട നടപടികഠം നടത്തുന്നതിന് സെക്രട്ടറി അവർകളേയും ഖജാൻജി അവർകളേയും അധികാരപ്പെടുത്തി. ആവശ്യമുള്ള പുസ്തകങ്ങഠം ബയൻഡചെയ്യിക്കുന്നതിനും ഗ്രന്ഥശാലവകയ്ക്കു ഒരു മുദ്ര ഉണ്ടാക്കിക്കുന്നതിനും 50 രൂപാ ചെലവനുവദിച്ചു. ബാക്കി പിരിയാനുള്ള സംഖ്യകഠം കഴിയുന്നതും വേഗത്തിൽ പിരിച്ച് ശ്രീയുത് ശേഷഗിരിപ്രഭു അവർകളുടെ സ്മാരകമായി ഉൽകൃഷ്ടവിദ്യാഭ്യാസവിഷയത്തിൽ സ്കാളർഷിപ്പുകഠം കൊടുക്കുന്നതിനുവേണ്ട ഏർപ്പാടുകളും ചെയ്യേണ്ടതാണെന്നു തീരുമാനിച്ചു".

ഈ നിശ്ചയങ്ങൾക്കുൾപ്പെട്ട് പ്രസ്തുത ഗ്രന്ഥശേഖരം ഇറ വൂർ ടി. ഡി. ഹൈസ്കൂളിൽ സൂക്ഷിച്ചുപോരുന്നു. കമ്മററിക്കാർ ഇതിനുശേഷം പ്രസ്തുത ഗ്രന്ഥശേഖരത്തിലുള്ള പുസ്തകങ്ങളുടെ പെരുമാററത്തെ സംബന്ധിച്ച് യാതൊരു വ്യവസ്ഥയും ചെയ്തിട്ടില്ലാത്തതിനാൽ ഹെഡ്മാസ്റ്റർ അവർകളുടെ ചുമതലയിൽ അത്. അവിടെ വെറുതെവെച്ചു സൂക്ഷിച്ചുപോരുന്നു എന്നേയുള്ളൂ. പ്രഭു അവർകളുടെ ശിഷ്യനായിരുന്ന ടി ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീയുത് വി. നാരായണക്കമ്മത്തി അവർകൾ ബി. ഏ; എൽ. ടി. പ്രഭു അവർകൾ തൻെറ വാൎദ്ധക്യകാലത്തുപോലും പലതും പഠിച്ചുകൊണ്ടിരുന്ന ആളായിട്ടാണ് കാണപ്പെട്ടിരുന്നതെന്നും അസംഖ്യം പുസ്തകങ്ങൾകൊണ്ടു് നിറഞ്ഞിരിക്കുന്ന ഷെൽഫുകളുടെ ഇടയിൽ ആസനസ്ഥനായി സദാനേരവും ആ പുസ്തകങ്ങളുമായി ഇടപെട്ടുകൊണ്ടാണ് അദ്ദേഹം സമയം കഴിച്ചുകൂട്ടിക്കൊണ്ടിരുന്നതെന്നും ഒരിടത്തു് രേഖപ്പെടുത്തിയിട്ടുണ്ടു "നാലുവശത്തും പുസ്തകങ്ങൾകൊണ്ടു് നിറഞ്ഞ ഒരു മുറിക്കകത്തു് ഒരു ഗ്രന്ഥവും കൈയിലേന്തി അപ്പോഴപ്പോൾ വല്ലതും കുത്തിക്കുറിച്ചും, ചിലപ്പോൾ നിവൎന്നിരുന്നും ചിലപ്പോൾ ക്ഷീണതകോലുന്ന തൻെറ ശിരസ്സിനെ മേശമേൽ ചായ്ച്ചുവച്ചും, ഗ്രന്ഥപാരായണം ചെയ്തുകൊണ്ടിരിക്കുകയെന്നുള്ളതാണ് പ്രഭു അവർകൾ മിക്കപ്പോഴും ചെയ്യാറുള്ളതെന്നും, ആ അവസരങ്ങളിൽ മുറിയിൽ ആരെങ്കിലും പ്രവേശിക്കുകയോ വല്ലതുമെടുത്തുകൊണ്ടു പോകുകയോ ചെയ്താൽ കൂടിയും അദ്ദേഹം അറിയുകയില്ലെന്നും," പ്രഫസ്സർ കെ. നരസിംഹപ്പൈ അവർകൾ പ്രസ്താവിച്ചിരിക്കുന്നു. പ്രഭു അവർകൾ ലോകത്തിലുള്ള എല്ലാത്തിലുംവെച്ച് ശ്രേഷ്ഠമായി കരുതിയിരുന്നതു് ഗ്രന്ഥസഞ്ചയമാണെന്നുള്ളതിന് സംശയമില്ല. ആ ഗ്രന്ഥസഞ്ചയമാണ് അദ്ദേഹത്തെ ശ്രേഷ്ഠനാക്കിയതെന്നുള്ള കാൎയ്യം അദ്ദേഹം എപ്പോഴും സ്മരിക്കാതിരുന്നിട്ടുമില്ല. അങ്ങനെയുള്ള മഹത്തായ ഒരു ഗ്രന്ഥശേഖരം ഇപ്പോൾ ഒരിടത്തു് അനങ്ങാതെയിരുന്നു കഴിച്ചുകൂട്ടുന്നു. അതിനെ സമുദായത്തിന് പ്രാപ്യമാക്കിത്തീക്കുന്ന

വിഷയത്തിൽ കമ്മററിക്കാർ കഴിവുള്ളതുപോലെ എന്തെങ്കിലും ഏപ്പാടുചെയ്യേണ്ടതു് ആവശ്യകമാകുന്നു.

പ്രഭു അവർകരം രചിച്ചതും അച്ചടിപ്പിക്കാതെ കിടക്കുന്നതുമായ പുസ്തകങ്ങളുടെ കൈയെഴുത്തുപ്രതികരംകൂടി വിലയ്ക്കെടുക്കത്തക്കവിധത്തിലാണു് പരിഷത്തിൽ പ്രമേയം പാസാക്കപ്പെട്ടിരുന്നതു്. ആ ഗ്രന്ഥങ്ങരം സൗകര്യംപോലെ അച്ചടിപ്പിച്ചുപ്രസിദ്ധം ചെയ്യണമെന്നുള്ളതായിരുന്നു അന്നത്തെ ഉദ്ദേശ്യവും. പ്രഭു അവർകളുടെ അവകാശികളിൽനിന്നും സ്മാരകക്കമ്മററിക്കാക്കു ലഭിച്ച ലിസ്റ്റിൽ നാല്പതോളം കൈയെഴുത്തുപ്രതികളുടെ പേരുകരംകൂടി ഉരംപ്പെട്ടിരുന്നു. വാഗർത്ഥരത്നം, വാക്യോല്ലാസം, സന്ധ്യാവന്ദന ഭാഷ്യംമുതലായവ അക്കൂട്ടത്തിൽ ഉണ്ടായിരുന്നു എന്നു കേട്ടിട്ടുണ്ടു്. ഇപ്പോരം ഹൈസ്കൂളിൽ സൂക്ഷിച്ചുപോരുന്ന ഗ്രന്ഥശേഖരത്തിൽ കൈയെഴുത്തു പ്രതികളൊന്നും ഉണ്ടെന്നു തോന്നുന്നില്ല. അവ അവകാശികളുടെ പക്കൽനിന്നും കമ്മററിക്കാക്കു് കിട്ടുകയുണ്ടായില്ലേ? കിട്ടിയിട്ടുണ്ടെങ്കിൽ അവയെ പ്രസിദ്ധം ചെയ്യുന്നതിനു് കമ്മററിയിൽനിന്നും വല്ല ഏർപ്പാടും ചെയ്യാനുദ്ദേശിക്കുന്നുണ്ടോ? ഒന്നും അറിവാൻ തരമില്ല.

പ്രഭു അവർകരം ഇംഗ്ലീഷിൽ എഴുതിയ സമുദായചരിത്രത്തിൻെറ ഏതാനും ഭാഗങ്ങരം സാരസ്വതബോധിനി മാസികയുടെ 1102 ചിങ്ങത്തിലെയും കന്നിയിലെയും ലക്കങ്ങളിലായി പ്രസിദ്ധംചെയ്യുകണ്ടു അതിൻെറ മലയാളതർജ്ജമ കന്നിയിലേയും തുലാത്തിലേയും ലക്കങ്ങളിലായും പ്രസിദ്ധംചെയ്തിരുന്നു. പ്രസ്തുത ഗ്രന്ഥത്തിൻെറ എല്ലാവിധത്തിലുമുള്ള പകർപ്പവകാശം സ്മാരകഗ്രന്ഥശാലാ കമ്മററിയിൽ സ്ഥിതിചെയ്യുന്നുവെന്നാണു് മാസികയിൽ പറഞ്ഞിരുന്നതു്. പരിഷത്തിൻെറ ആഭിമുഖ്യത്തിൽ സാരസ്വതബോധിനി പിന്നേയും കുറേക്കാലംകൂടി പ്രസിദ്ധംചെയ്യപ്പെട്ടിരുന്നിരുന്നെങ്കിലും പ്രസ്തുത ചരിത്രഭാഗം തുടരെ ചേർത്തുകാണുകയുണ്ടായില്ല. അതിനെന്താണാവോ കാരണം? കമ്മററിക്കാക്കു ലഭിച്ച ആ പുസ്തകമെങ്കിലും ഇനിയും കാലതാമസം കൂടാതെ പ്ര

സിദ്ധംചെയ്‌വാൻ അവർ ഉദ്യമിക്കണമെന്നു് സമുദായത്തിൻെറ നാമത്തിൽ അവരോട് സാദരം അപേക്ഷിച്ചുകൊള്ളുന്നു.

ഏതാണ്ടു് നാമമാത്രങ്ങളായ ഇത്തരം ചിലതൊക്കെയല്ല പ്രഭു അവർകളുടെ സ്മാരകങ്ങളായുണ്ടാകേണ്ടതു്. സമുദായാഭിമാനികളിൽ അഗ്രേസരനായിരുന്നു അദ്ദേഹം എന്നു സമ്മതിക്കുന്ന സമുദായം അദ്ദേഹത്തിൻെറ സ്മരണയെ ശാശ്വതമാക്കിത്തീർക്കുവാൻ തക്കവിധത്തിലുള്ള എന്തെങ്കിലും ഏർപ്പാട് ഇതേവരെ ചെയ്യാത്തതിട്ടില്ലെന്നുള്ളതു് ആശ്ചര്യജനകമെന്നതുപോലെതന്നെ പരിതാപകരവും ആയിരിക്കുന്നു. ഇനിയെങ്കിലും ഉചിതമായ വിധത്തിൽ വേണ്ടതുചെയ്‌വാൻ സമുദായം സന്നദ്ധമാകേണ്ടതാകുന്നു.

## അദ്ധ്യായം 10

# പൊതുജനാഭിപ്രായങ്ങൾ

ചരിത്രപുരുഷനെപ്പററി പൊതുജനങ്ങൾക്കുള്ള ധാരണയേയും അദ്ദേഹത്തിൻെറ പേരിൽ അവർ പ്രദർശിപ്പിച്ചുവരുന്ന ബഹുമാനാതിരേകത്തേയും പ്രസ്പഷ്ടമാക്കുവാൻവേണ്ടി അങ്ങിങ്ങായി ചിതറിക്കിടക്കുന്ന വിലയേറിയ അഭിപ്രായങ്ങളിൽ ചിലതിനെ സമാഹരിച്ചു ചേർക്കുന്നതു് പ്രകൃതത്തിൽ യുക്തമായിരിക്കുമെന്നു വിചാരിക്കുന്നു.

1078-ൽ തലശ്ശേരിയിൽവച്ചു നടന്ന ഭാഷാപോഷിണീ സഭയുടെ ഏഴാമതു സമ്മേളനത്തിൽ, കേരളപാണിനിയുടെ വ്യാകരണഗ്രന്ഥങ്ങളെ സംബന്ധിച്ച് ചരിത്രപുരുഷൻ ഒരു പ്രമേയം

അവതരിപ്പിച്ച സംഗതി മുൻപ് പ്രസ്താവിച്ചിട്ടുണ്ട്. പ്രസ്തുത പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഫലിതമൂർത്തിയായ ഇരുവനാട്ട കെ. സി. നാരായണൻ നമ്പ്യാർ ഇപ്രകാരമാണ് പ്രസ്താവിച്ചത്:—

"മലയാളഭാഷയിൽ കേരളപാണിനീയംപോലെ സ്വീകാരയോഗ്യമായി മറെറാന്നില്ലെന്ന് അതിനെക്കുറിച്ച ഭാഷാപോഷിണിയിൽ വിലപിടിച്ച അനേകം ഉപന്യാസങ്ങളെഴുതി വായനക്കാരുടെ ശാപാനുഗ്രഹങ്ങൾ സമ്പാദിച്ച ഒരാൾതന്നെ അഭിപ്രായപ്പെടുന്ന സ്ഥിതിക്ക് നാം വളരെ ആലോചിക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല. ഗംഭീരനായ അദ്ദേഹം ഇതാ ഇന്നു നമ്മുടെ മുമ്പാകെ ഇരിക്കുന്നു. വെറും 'ശേഷ'നായിരുന്നാൽത്തന്നെ നമ്മുടെ വിദ്വാന്മാർക്ക് വളരെ ബഹുമാനമായി. അതല്ല, 'ശേഷഗിരി' യാണെന്നു വരുമ്പോഴോ? അതിലും ഒരു പ്രഭുക്കുടിയായിരിക്കുമ്പോൾ അദ്ദേഹത്തിൻെറ അഭിപ്രായം കണ്ണുംചിമ്മി സ്വീകരിപ്പാൻ ഞാൻ തയാറാണ്."

1919-ൽ വ്യാകരണമിത്രത്തിൻെറ മൂന്നാംപതിപ്പിന് ഇംഗ്ലീഷിൽ എഴുതിയ അവതാരികയിൽ പ്രഭു അവർകളെപ്പററി മഹാകവി ഉള്ളൂർ ഏകദേശം ഇപ്രകാരം എഴുതിയിരിക്കുന്നു:—

"വ്യാകരണമിത്രത്തിൻെറ ഗ്രന്ഥകർത്താവായ ശേഷഗിരി പ്രഭു എം. ഏ അവർകളെ ആരും കേരളീയർക്കു പരിചയപ്പെടുത്തിക്കൊടുക്കേണ്ട ആവശ്യമില്ല. കൊല്ലവർഷം 1078-ൽ ഭാഷാപോഷിണിസഭ തലശ്ശേരിയിൽവച്ചു സമ്മേളിച്ചപ്പോൾതന്നെ അദ്ദേഹം കേരളീയർക്കു സുപരിചിതനായിത്തീരുകയും ഭാഷാവ്യാകരണം സംബന്ധിച്ചും മററും പുസ്തകങ്ങൾ എഴുതിയുണ്ടാക്കുന്നതിന് ആ സഭയിൽനിന്നും രൂപവൽകൃതമായ കമ്മററിയിൽ അദ്ദേഹത്തിൻെറ നാമവും ചേർക്കപ്പെടുകയുമുണ്ടായി. കേരളപാണിനീയം പ്രസിദ്ധീകൃതമായ ഉടനെ, അതിനെ സൂക്ഷ്മമായി പരിശോധിച്ച് വ്യാഖ്യാനപരമായും വിമർശനപരമായും പ്രഭു അവർകൾ എഴുതി അന്ന് കെ. ഐ. വറുഗീസ്മാപ്പിള അവർകളുടെ

പത്രാധിപത്യത്തിൽ കോട്ടയത്തുനിന്നും മാസികഗ്രന്ഥമായി പ്രചരിച്ചുവന്ന ഭാഷാപോഷിണിയിൽ പ്രസിദ്ധംചെയ്ത ലേഖനപരമ്പര കേരളീയ വിദ്വജ്ജനങ്ങളുടെ ഹൃദയപൂർവ്വകമായ ബഹുമാനാതിശയകങ്ങൾക്ക് അദ്ദേഹത്തെ പാത്രമാക്കിത്തീർത്തു. പ്രഭു അവർകളുടെ പ്രസ്തുതലേഖനം, അഷ്ടാദ്ധ്യായിക്കു മഹാഭാഷ്യം ഏതുവിധമോ അതുപോലെതന്നെ തന്റെ കേരളപാണിനീയത്തിന് സംപൂർണ്ണമായ ഒരു വ്യാഖ്യാനമായിത്തീർന്നിരിക്കുന്നു എന്ന് സംപൂജ്യനായ ഗ്രന്ഥകർത്താവുതന്നെയും അത്ഭുതാനന്ദപാരവശ്യത്തോടെ പ്രസ്താവിക്കുകയുണ്ടായി ഇതോടുകൂടി പ്രഭു അവർകൾക്കു സാഹിത്യലോകത്തിലുള്ള സ്ഥാനം സുസ്ഥിരമായിത്തീർന്നു. വ്യാകരണശാസ്ത്രം, ഭാഷാശാസ്ത്രം, നരവംശശാസ്ത്രം തുടങ്ങിയുള്ള അതിഗഹനങ്ങളായ വിഷയങ്ങളെ സംബന്ധിച്ച് അദ്ദേഹം അന്നത്തെ പത്രഗ്രന്ഥങ്ങളിൽ തുടരെത്തുടരെ പ്രസിദ്ധംചെയ്ത ലേഖനങ്ങൾ, അദ്ദേഹത്തിന്റെ സമകാലീനന്മാരിൽ അപൂർവ്വം ചിലർമാത്രം സാധിച്ചതുപോലെ, സ്വന്തം പാണ്ഡിത്യത്തെ വിപുലപ്പെടുത്തുന്നതിനും കേരളീയരുടെ ഹൃദയവേദിയിൽ സ്ഥാനംനേടുന്നതിനും അദ്ദേഹത്തെ ശക്തനാക്കി. അന്നത്തെ സംസ്കൃതപണ്ഡിതാഗ്രേസരന്മാരിൽ ഒരുവനും സർവ്വവിജ്ഞാനസമ്പൂർണ്ണമായ ഹൃദയത്തോടുകൂടിയ വിനയവാനും, ജ്ഞാനസമ്പാദനത്തിൽ അക്ഷീണമായി അനവരതം പരിശ്രമിച്ചുകൊണ്ടിരുന്ന ഉത്സാഹശീലനും ആയ പ്രഭു അവർകൾക്ക് താൻ സ്വീകരിക്കുന്ന ഏതു വിഷയത്തെപ്പററിയും പ്രാമാണികമായ വിധത്തിൽ പ്രതിപാദിക്കാൻ കഴിയുന്നതിൽ ഒട്ടും അത്ഭുതപ്പെടുവാനില്ല. വ്യാകരണമാണ് പ്രഭു അവർകൾക്ക് ഏററവും പ്രിയപ്പെട്ട വിഷയം. വിദ്യാതൽപരന്മാരെ സാധാരണമായി ഉന്മേഷരഹിതരാക്കിത്തീർക്കുന്ന ആ വിജ്ഞാനശാഖയിൽ ഏവരുടേയും അളവററ ഭക്തിബഹുമാനാദരങ്ങളെ ഒരുപോലെ ആർജ്ജിക്കത്തക്കവിധത്തിലുള്ള അഭിപ്രായങ്ങൾ പുറപ്പെടുവിക്കാൻ അക്കാലത്ത് ഇദ്ദേഹത്തെപ്പോലെ മററാർക്കും കഴിഞ്ഞിട്ടില്ല. ദക്ഷിണേന്ത്യയിലെ വിദ്യാഭ്യാസത്തിനു പൊതുവായും, സർവ്വകലാശാലയുടെ ആഭിമുഖ്യത്തിലുള്ള സംസ്കൃ

തവും മലയാളവും അഭ്യസനങ്ങൾക്ക് പ്രത്യേകമായും ഇദ്ദേഹത്തിൽനിന്നു ലഭിച്ചിട്ടുള്ള സേവനങ്ങൾ മഹത്തമങ്ങളാണ്. ആദർശവാനും, വിശാലാശയനും, വിനയവാനും, സൽഗുണസമ്പന്നനും, സ്വപ്രയത്നംകൊണ്ടു് ഔന്നത്യം പ്രാപിച്ച മാന്യനുമായ പ്രഭു അവർകൾ കേരളഭൂമിയിലെ ഒരു വിശിഷ്ടരത്നവും അദ്ദേഹത്തെ ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്യുക എന്നതു് കേരളീയരുടെ അവകാശവും ആകുന്നു. കൊച്ചിരാജാവു തിരുമനസ്സുകൊണ്ടു് അവിടുത്തെ ഷഷ്ട്യബ്ദപൂർത്തി ആഘോഷിച്ച അവസരത്തിൽ പ്രഭു അവർകൾക്കു് നല്കിയ സാഹിത്യകുശലൻ എന്ന ബിരുദം ആ പണ്ഡിതശ്രേഷ്ഠൻെറ പരിശ്രമങ്ങൾക്കു സമുചിതവും സ്ഥാനസ്ഥിതവും ആയ അംഗീകരണമായി ശോഭിക്കുന്നു."

മഹാകവിതന്നെ 1116 കർക്കടകത്തിൽ സമസ്തകേരള സാഹിത്യപരിഷത്് വക ത്രൈമാസികത്തിൽ 'ശേഷഗിരിപ്രഭു' എന്ന തലക്കെട്ടിൽ എഴുതീട്ടുള്ള ഉപന്യാസത്തിൽ ഒരിടത്തു് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:—

"വിനയസമ്പത്തുകൊണ്ടാണ് വിദ്യ ശോഭിക്കുന്നതു് എന്നുള്ള അഭിയുക്തവചനത്തിനു മൂർദ്ധാഭിഷിക്തോദാഹരണമായ ഒരു ജീവിതമാണ് ആ പണ്ഡിതവര്യൻ നയിച്ചിരുന്നതു്. ഈ പരമാർത്ഥം ശരിക്കു ധരിക്കുവാൻ എനിക്കു പല അവസരങ്ങളുംഉണ്ടായിട്ടുണ്ടു്. താൻ ഉണ്ടാക്കിക്കൊണ്ടുവരുന്ന ചോദ്യക്കടലാസുകൾ പരീക്ഷകസമ്മേളനത്തിനു മുൻപുതന്നെ അദ്ദേഹം എന്നെ കാണിക്കുക പതിവായിരുന്നു. 'ഏതെങ്കിലും ശ്ലോകത്തിൽ വല്ല അക്ഷരമോ മറേറാ വിട്ടിട്ടുണ്ടോ എന്നൊന്നു നോക്കണേ! ആ വക കാര്യങ്ങൾ കവിയുടെ പ്രവൃത്തിപരിധിയിൽപെട്ടതാണ്.' എന്നു് അദ്ദേഹം പുഞ്ചിരിതൂകിക്കൊണ്ടു പറയും. വാസ്തവത്തിൽ അത്തരം ഒരു വൈകല്യമുണ്ടാകാമെന്നു് ശങ്കിച്ചിട്ടല്ല,അദ്ദേഹംഅങ്ങനെ ചെയ്യുന്നതു്; എൻെറ പേരിലുള്ള നിസ്സീമമായ വാത്സല്യം മററു പരീക്ഷകന്മാർ മനസ്സിലാക്കുന്നതിനു വേണ്ടിമാത്രം!"

1921-ൽ പ്രസിദ്ധംചെയ്ത വത്സരാജചരിതത്തിന്റെ അവതാരികയിൽ സ്കൂൾ ഇൻസ്പെക്റ്റർ ശ്രീ: വി. കെ. രാമൻമേനോൻ അവർകൾ എം. ഏ; ബാർ അററ്ലാ ഇപ്രകാരം എഴുതിയിരിക്കുന്നു:—

"ഈ ഗ്രന്ഥകാരൻ ഭാഷാസാഹിത്യലോകത്തിൽ സുവിദിതനാണ്. ഇദ്ദേഹം ജന്മനാ ഒരു മലയാളിയല്ലെങ്കിലും ഭാഷാസാഹിത്യത്തെപ്പററി ആമൂലാഗ്രം സൂക്ഷ്മമായി മനസ്സിലാക്കിയിട്ടുള്ള ഒരാളാകയാൽ ഇദ്ദേഹത്തിന്റെ കൃതികളിൽ വിദേശീയശൈലിയുടെ ഛായപോലും കണ്ടെത്തുവാൻ സാദ്ധ്യമല്ല. സുപ്രസിദ്ധവ്യാകരണപണ്ഡിതനായ ഇദ്ദേഹത്തിന്റെ ഈ പുസ്തകത്തിൽ സാഹിത്യരസത്തിനു യാതൊരു ന്യൂനതയുംസംഭവിക്കാതെതന്നെ വ്യാകരണപ്രയോഗങ്ങളെ സമർത്ഥമായി ദൃഷ്ടാന്തികരിച്ചിട്ടുണ്ട്."

പ്രഭു അവർകളുടെ ചരമവാർത്ത ലഭിച്ചപ്പോൾ അതിൽ അനുശോചിച്ചുകൊണ്ട് 'മലയാളമനോരമ' പത്രം പ്രസിദ്ധംചെയ്ത മുഖപ്രസംഗത്തിലെ ചിലഭാഗങ്ങളാണ് ചുവടേ ചേക്കുന്നത്:—

"മലയാളസാഹിത്യനഭോമണ്ഡലത്തിലെ ഒരു ജാജ്വല്യമാന നക്ഷത്രമായിരുന്ന സുഗൃഹീതനാമാവായ എം. ശേഷഗിരിപ്രഭു അവർകൾ എം ഏ കഥാവശേഷനായിരിക്കുന്നുവെന്ന വർത്തമാനം ഇന്നലെ ഇവിടെ അറിഞ്ഞു കിട്ടി. കേരളഭാഷയ്ക്കു വാലും തലയും ഉണ്ടാക്കിയവരെന്നുള്ള പ്രസിദ്ധിയെ പ്രാപിച്ച രണ്ടു അതിമേധാവികളാണു യശശ്ശരീരനായ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ അവർകളുംഇപ്പോൾ നമ്മുടെ മദ്ധ്യത്തിൽനിന്നു തിരോഹിതനായ ഈ മഹാനുഭാവനും. രണ്ടുപേരുടേയും പ്രധാന ചർച്ചാവിഷയം വ്യാകരണമായിരുന്നു. പ്രസ്തുത ശാസ്ത്രത്തിലെ അംഗങ്ങളേയും ഉപാംഗങ്ങളേയും സംബന്ധിച്ചിടത്തോളം ഇവർ തമ്മിൽ ചില അഭിപ്രായഭേദങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ഭാഷയുടെ ഉൽപത്തി, സംസ്കൃതസംബന്ധം, നൂതനപദസൃഷ്ടി മുതലായി ഒരു കാലത്തു കേവലം അനിശ്ചിതങ്ങളും ഇപ്പോൾ മിക്കവാറം അസന്ദിഗ്ദ്ധങ്ങളുമായ പല പ്രധാനസംഗതികളിലുംഇവർ ഏകാഭിപ്രായ

ക്കാരായിരുന്നു എന്നു മാത്രമല്ല, ആദ്യകാഹികദശയിൽനിന്നു സിദ്ധാന്തദശയിലേക്കു അവയെ നയിക്കുന്ന കാര്യത്തിൽ പ്രധാനമായി പരിശ്രമിച്ചിട്ടുള്ളവരും ഇവർതന്നെയാകുന്നു. ബാലവ്യാകരണം, വ്യാകരണാദർശം വ്യാകരണമിത്രം എന്നീ പാഠ്യപുസ്തകങ്ങളുടെ രചയിതാവായ ശേഷഗിരിപ്രഭു അവർകളെപ്പററി കേട്ടറിവില്ലാത്തവർ മലയാളത്തിൽ വളരെ ചുരുക്കമായിരിക്കും. വേദശാസ്ത്രേതിഹാസങ്ങളെ അധികരിച്ച് അദ്ദേഹം രചിച്ചിട്ടുള്ള പ്രബന്ധങ്ങൾ തത്തംവിഷയങ്ങളിൽ വളരെ പ്രാമാണ്യം വഹിക്കുന്നവയാണെന്നു ഭാഷാപ്രണയികൾ സശിരഃകമ്പം സമ്മതിക്കുന്നതാണ്............ഒന്നാമത്തെ കേരളപാണിനീയം പ്രസിദ്ധീകരിച്ചതോടുകൂടി അതിലെ പ്രതിപാദ്യവിഷയങ്ങളെ സംബന്ധിച്ചു തനിയ്ക്കുള്ള അഭിപ്രായവ്യത്യാസങ്ങളെ ഭാഷാപോഷിണിവഴിയായി പ്രസ്താവിക്കുവാൻ ഇദ്ദേഹം സന്നദ്ധനായി. പ്രഭു അവർകളുടെ ആവക അഭിപ്രായങ്ങളെ ശ്ലാഘിച്ചു കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു പല കത്തുകളും അക്കാലത്തു ഇവിടെ അയച്ചുതരികയുണ്ടായിട്ടുണ്ടു............''

അതേ അവസരത്തിൽ കോഴിക്കോട്ടുനിന്നും പുറപ്പെട്ടുന്ന "കേരളസഞ്ചാരി" എഴുതിയ മുഖപ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

''ശേഷഗിരിപ്രഭു അവർകൾ സ്വന്തപരിശ്രമത്താൽ ഉത്തമനിലയിലെത്തിയ ഒരു യോഗ്യനായിരുന്നു..........................
കഴിഞ്ഞുപോയ പ്രൊഫസ്സർ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ എം. ഏ. അവർകൾ കേരളപാണിനീയം എഴുതി പ്രസിദ്ധം ചെയ്തു കഴിഞ്ഞപ്പോൾ അതിനെ ആദ്യാവസാനം ഖണ്ഡിച്ചുംകൊണ്ടു ഭാഷാപോഷിണിയിൽ പത്തിരുപതുകൊല്ലം മുൻപു പ്രഭു അവർകൾ എഴുതിയ ലേഖനങ്ങളാണ് സാഹിത്യലോകത്തിൽ അദ്ദേഹത്തിൻെറ യോഗ്യത ഒന്നാമതായി വെളിപ്പെടുത്തിയതു്. രാജരാജവർമ്മ കോയിത്തമ്പുരാൻ അവർകൾ പിന്നീടെഴുതിയ ഗ്രന്ഥങ്ങളെല്ലാം അച്ചടിക്കുന്നതിനുമുമ്പായി പ്രഭു അവർ

കാംക്കെത്തിച്ചുകൊടുത്തു് അഭിപ്രായം സ്വീകരിച്ചിരുന്നതായി കേട്ടിട്ടുണ്ടു്. ഇദ്ദേഹം നാലഞ്ചുഭാഷകളിൽ പണ്ഡിതനായിരുന്നു. തത്വജ്ഞാനസംബന്ധമായി ഇംഗ്ലീഷിലും സംസ്കൃതത്തിലുമുള്ള മിക്കവാറം ഗ്രന്ഥങ്ങാം ഇദ്ദേഹം മനഃപാഠമാക്കിയിരുന്നു. എപ്പോഴും വായിച്ചും പഠിച്ചും കാലയാപനം ചെയ്തിരുന്ന ഏററവും വിനീതനായ ഈ മാന്യൻ നമ്മുടെ യുവാക്കന്മാക്കു ഒരു മാതൃകാപുരുഷനായിരുന്നു. ഇദ്ദേഹത്തിൻെറ ചരമംകൈരളിക്കു വലുതായ ഒരു നഷ്ടമാണെന്നു പറയേണ്ടതില്ല."

ചരിത്രപുരുഷനുമായി അത്യധികമായ സമ്പക്കത്തിൽ കഴിഞ്ഞിട്ടുള്ളയാളും അങ്ങനെ അദ്ദേഹത്തെപ്പററി ശരിയായി അറിവാൻ സാധിച്ചിട്ടുള്ളയാളുമായ സാഹിത്യകലാനിധി വിദ്വാൻ എ ഡി. ഹരിശമ്മ അവർകാം ചരിത്രപുരുഷനെപ്പററി രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളിൽനിന്നു് ചില ഭാഗങ്ങാംകൂടി ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ:—

"സ്വർഗ്ഗവാസിയായ എം. ശേഷഗിരിപ്രഭു എം എ. അവർകാം നമുക്കെല്ലാവക്കും ഒരു ഉത്തമനേതാവായിരുന്നു. അദ്ദേഹത്തിൻെറ സമുദായാഭിമാനവും മാതൃകാജീവിതവും എല്ലാവക്കും ദൃഷ്ടാന്തഭൂതമായിരിക്കത്തക്കവിധം അത്രമേൽ ഉൽകൃഷ്ടമായിരുന്നു. അദ്ദേഹത്തിൻെറ പാണ്ഡിത്യമാകട്ടെ, സാരസ്വതബ്രാഹ്മണസമുദായത്തിനു പൊതുവെ അഭിമാനകരമായ വിധത്തിൽ അത്ര അഗാധവും വിശാലവുമായിരുന്നു..........."

അദ്ദേഹംതന്നെ മറെറാരവസരത്തിൽ എഴുതുന്നു:—"മിസ്റ്റർ പ്രഭു നമുക്ക് പരിചിതനായിത്തീന്നിട്ടുള്ളതു് ഒരു വിദ്വാൻെറ നിലയിലാണു്. അദ്ദേഹം ഏന്തു പരീക്ഷ പാസായിട്ടുണ്ടെന്നോ ഏതെല്ലാം ജോലികാം വഹിച്ചിട്ടുണ്ടെന്നോ നിശ്ചയമില്ലാത്ത പലരും ഹൃദയപൂവ്വം അദ്ദേഹത്തെ ഇന്നാരാധിക്കുന്നുണ്ടു്. സംസ്കൃതത്തിലും മലയാളത്തിലും മി: പ്രഭുവിനുണ്ടായിരുന്ന പാണ്ഡിത്യം അത്യഗാധവും അതിവിശാലവും ആയിരുന്നു. വേദം,ഉപനിഷത്തു്, ധമ്മശാസ്ത്രം മുതലായ വിഷയങ്ങളിൽ അദ്ദേഹം കാണിച്ചിരുന്ന

പരിചയം അസാധാരണവും വിസ്മയാവഹവുമായിരുന്നു എന്നു് സമ്മതിക്കാതെ നിവൃത്തിയില്ല. ഈ കാരണങ്ങളാലാണു് സമുദായം ഒരുപോലെ അദ്ദേഹത്തെ ബഹുമാനിക്കുന്നതും ആരാധിക്കുന്നതും.

"...........ഞാൻ ആ മഹാത്മാവിനെ കാണാൻപോയിരുന്ന അവസരങ്ങളിലെല്ലാം അദ്ദേഹം എന്തെങ്കിലും സംസ്കൃതപുസ്തകം വായിച്ചിരിക്കുന്നതായിട്ടാണു് കാണപ്പെട്ടതു്. നല്ല ചോരത്തിളപ്പുള്ള യുവാക്കന്മാർ ചെയ്യാറുള്ളതിലധികം ജോലി, തൻെറ വയസ്സുകാലത്തു് മിസ്റ്റർ പ്രഭു ചെയ്തിരുന്നു എന്നുള്ളതിനു ഞാൻതന്നെ ഒരു സാക്ഷിയാണു്."

പ്രഭു അവർകളുടെ സാഹിത്യപരിശ്രമങ്ങളെ വിലമതിച്ചി കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടു് 1918 ഒക്ടോബർ 8-ാംനു- "സാഹിത്യകുശലൻ" എന്ന ബഹുമതിയും ഒരു സുവർണ്ണ കീർത്തിമുദ്രയും അദ്ദേഹത്തിനു നല്കുകയുണ്ടായി. അദ്ദേഹത്തിൻെറ പാണ്ഡിത്യവും സാഹിത്യപോഷണോൽസുകതയും ഇങ്ങനെ രാജസ്ഥാനത്തുനിന്നുകൂടിയും അംഗീകരിക്കപ്പെട്ടുവെന്നുള്ളതു് അദ്ദേഹത്തെതന്നെ സ്വയം കൃതാർത്ഥനാക്കുന്നതോടുകൂടി അദ്ദേഹത്തെ ഉറ്റുകൊള്ളുന്ന സമുദായത്തെ ആനന്ദസാഗരത്തിൽ ആറാടിക്കുകയും ചെയ്യുന്നു.

അദ്ധ്യായം 11

# സന്താനസമ്പത്ത്

ഈശ്വരാനുഗ്രഹംകൊണ്ട് അഭികാമ്യമായ വിധത്തിലുള്ള സന്താനസമ്പത്ത് പ്രഭു അവർകൾക്ക സിദ്ധിച്ചു. രണ്ടു ഭാര്യമാരിലായി ആറു പുത്രന്മാരും അഞ്ചു പുത്രിമാരും ഉൾപ്പടെ പതിനൊന്നു സന്താനങ്ങൾ അദ്ദേഹത്തിന് ഉണ്ടായി.

സാരസ്വതബോധിനി മാസികയിലെ ലേഖനങ്ങൾമൂലം സാരസ്വതക്ക് പരിചിതനായിത്തീൎന്നിട്ടുള്ള ആർ. എസ്. പ്രഭു അവർകൾ ചരിത്രപുരുഷൻെറ സീമന്തപുത്രനാണ്. വളരെക്കാലം മാക്മില്ലൻ കമ്പനിക്കാരുടെ പ്രതിനിധിയായിരുന്ന് ഗ്രന്ഥപ്രസാധനവും പ്രചരണവും സംബന്ധിച്ച വകുപ്പിൽ അസാമാന്യമായ വൈദഗ്ദ്ധ്യം സമ്പാദിച്ച ഒരു മാന്യനാണിദ്ദേഹം. ശ്രീമാന്മാരായ നാരായണപ്രഭു, അച്യുതപ്രഭു, രമേശപ്രഭു, മുകുന്ദപ്രഭു, രംഗനാഥപ്രഭു എന്നിവരാണ് മററു പുത്രന്മാർ. ഇവരെല്ലാവരുംതന്നെ നല്ല വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരാകുന്നു. എം. ബി ബി. എസ്. പരീക്ഷാവിജയിയായ മുകുന്ദപ്രഭു അവർകൾ ഐ എം. എസ്-ൽചേൎന്ന് ഇപ്പോഴത്തെ യുദ്ധകാൎയ്യങ്ങളോടനുബന്ധിച്ചുള്ള വൈദ്യവൃത്തിയിൽ സേവനം അനുഷ്ഠിച്ചു വരുന്നു. രമേശപ്രഭു അവർകൾ ബി. ഏ., എം. എസ്. സി. തലശ്ശേരിയിൽത്തന്നെ ബാങ്കിംഗ്ബിസിനസ്സിൽ ഏൎപ്പെട്ടു കഴിയുന്നു രംഗനാഥപ്രഭു അവർകൾ റേഡിയോ എൻജിനീയറായി ജോലിനോക്കുന്നു.

താലിക്കേസുമൂലം ഇന്ത്യൻ രാഷ്ട്രീയരംഗങ്ങളിൽ വിഖ്യാതയായിത്തീൎന്നിട്ടുള്ള, മലബാറിലെ പ്രസിദ്ധ കാൺഗ്രസ് പ്രവൎത്ത

കയായ ശ്രീമതി കമലാബായി—മിസ്സസ് എൽ. എസ്. പ്രഭു—ശേഷഗിരിപ്രഭു അവർകളുടെ പുത്രിയാകുന്നു. കൊച്ചിയിലെ സമുദായപ്രമാണികളിൽ ഒരാളും തിരുമലദേവസ്വംമാനേജരായിരുന്ന മാന്യനുമായ ശ്രീയുത് ദാസപ്പൈ അവർകളുടെ പത്നിയും തിരുവനന്തപുരത്ത് ഹൈക്കോർട്ടിൽ വ്യവഹരിക്കുന്ന ആലുവാ കെ. രഘുനാഥകമ്മത്തി അവർകൾ ബി. ഏ. ബി. എൽ-ൻെറ പത്നിയും തലശ്ശേരിയിൽ ഒരു ബാങ്കറായിരുന്നു ചരമം പ്രാപിച്ച വെങ്കിടേശ്വരപ്പൈ അവർകൾ ബി. ഏ-യുടെ പത്നിയും ചരിത്രപുരുഷൻെറ മററു നാലു പുത്രിമാരിൽ മൂന്നുപേരാകുന്നു. പ്രഭു അവർകളുടെ സന്താനങ്ങളിൽ ഏററവും പ്രായംകുറഞ്ഞ ശ്രീമതി ലളിതാബായി തിരുവനന്തപുരം സയൻസ്കാളേജിൽ ഒരു ബി. എസ്. സി. വിദ്യാൎത്ഥിനിയായിരിക്കുന്നു.

ഈശ്വരകാരുണ്യം ഒന്നുകൊണ്ടുമാത്രമേ സൽസന്താനലാഭം ഉണ്ടാവുകയുള്ളൂ. സമൎത്ഥരും പ്രശസ്തരും ദീർഘായുഷ്മാക്കളുമായ ഇത്രയും സന്താനങ്ങൾ പ്രഭു അവർകൾക്കു ലഭിച്ചതുതന്നെ അദ്ദേഹം ആൎജ്ജിച്ചിരുന്ന ഈശ്വരാനുഗ്രഹത്തിനു ഉത്തമലക്ഷ്യമായിരിക്കുന്നു.

അദ്ധ്യായം 12

# ഉപസംഹാരം

ശേഷഗിരിപ്രഭു അവർകളുടെ ജീവചരിത്രം സംബന്ധിച്ചുള്ള പ്രധാനസംഗതികൾ നാം മനസ്സിലാക്കി വിവിധ നിലകളിൽ

നാം അദ്ദേഹത്തെ നിരീക്ഷിക്കുകയും ചെയ്തു. വിദ്യാവ്യസനിത്വം, വിനയം, പരിശ്രമശീലം, ധർമ്മനിഷ്ഠ, പിതൃഭക്തി, പരോപകാരതൽപരത, ആത്മവിശ്വാസം, വിദ്യാവിതരണാസക്തി, ഗ്രന്ഥപാരായണൗൽസുക്യം, സമുദായസ്നേഹം, മാതൃഭാഷാപ്രണയം, ഈശ്വരവിശ്വാസം തുടങ്ങിയുള്ള അസംഖ്യം സൽഗുണങ്ങളുടെ ഇരിപ്പിടമായിരുന്നു അദ്ദേഹം എന്നു നാം കണ്ടു. സദ്ഗുണസമ്പന്നന്മാർ യശസ്വികളായിത്തീരും എന്ന തത്വത്തിന് പ്രഭു അവർകൾ ഉത്തമദൃഷ്ടാന്തമാണെന്നും നാം അറിഞ്ഞുകഴിഞ്ഞു.

തന്നെ ഇംഗ്ലീഷ് സ്കൂളിൽ പഠിപ്പാനയക്കണമെന്നു പിതാവിനോട് നിർബന്ധപൂർവ്വം അപേക്ഷിച്ച പ്രഭു അവർകൾ വിദ്യാഭ്യാസത്തിൽ തനിക്കുള്ള ആ താൽപര്യത്തെ ആജീവനാന്തം പരിത്യജിക്കുകയുണ്ടായില്ല. കലാശാലകളിൽചേർന്നു പഠിക്കാതെതന്നെയാണ് അദ്ദേഹം ഉൽകൃഷ്ടബിരുദുകൾ സമ്പാദിച്ചതു്. ഒരു എം. ഏ. ക്കാരനായിട്ടല്ല തികഞ്ഞ ഒരു സംസ്കൃതപണ്ഡിതനായിട്ടാണ് അദ്ദേഹം ശോഭിച്ചിട്ടുള്ളതു്. സർവ്വകലാശാലാ ബിരുദുകൾ ഒരുവനെ ജ്ഞാനിയാക്കിത്തീർക്കയല്ല, ജ്ഞാനസമ്പാദനത്തിന് അയാളെ പ്രേരിപ്പിച്ചുവിടുകയാണ് ചെയ്യുന്നതു് എന്നുള്ള അഭിപ്രായം സാർത്ഥകമാകത്തക്കവിധത്തിൽ പ്രഭു അവർകൾക്ക് സമ്പാദിച്ച പാണ്ഡിത്യം മുഴുവൻ അദ്ദേഹം എം. ഏ. ക്കാരനായിത്തീർന്നതിനുശേഷം ചെയ്ത പരിശ്രമത്തിൻെറ ഫലമായിരുന്നു എന്നുള്ളതിനും സംശയമില്ല. ജ്ഞാനം സമ്പാദിപ്പാനും, അപാരമായ ജ്ഞാനത്തിൻെറ ഫലമായി അന്തർനേത്രംകൊണ്ടു് ഈശ്വരനെ ദർശിപ്പാനും ക്രമേണ ആ സർവ്വശക്തനിൽ വിലയം പ്രാപിപ്പാനും ഇച്ഛിക്കുകയും അതിന്നായി അവിശ്രാന്തം പരിശ്രമിക്കുകയും ചെയ്യുന്നവൻ നിശ്ചയമായും ആ സ്ഥിതിയെ പ്രാപിക്കും എന്നുള്ളതിന് പ്രഭു അവർകളുടെ ജീവിതം ഉത്തമമായ ദൃഷ്ടാന്തമായിരിക്കുന്നു.

സ്വധർമ്മാനുഷ്ഠാനത്തിൽ വിമുഖനാവുകയില്ല എന്നൊരു പ്രതിജ്ഞ ചരിത്രപുരുഷനെക്കൊണ്ടു് അദ്ദേഹത്തിൻെറ പിതാവ്

ചെയ്യിച്ചിരുന്നുവല്ലോ. ആ പ്രതിജ്ഞയെ പ്രഭു അവർകഠം ആജീവനാന്തം പരിപാലിക്കുകയുണ്ടായി. സ്വധർമ്മാനുഷ്ഠാനത്തിൽ തീവ്രമായ നിഷ്ഠയോടുകൂടിത്തന്നെയാണ് ചരമപ്രാപ്തിവരെ അദ്ദേഹം കഴിച്ചുകൂട്ടിയതു് പിതാവിനോടുചെയ്ത പ്രതിജ്ഞയുടെ ലംഘനമാകുമോ എന്നുള്ള ഭയംകൊണ്ടല്ല, സ്വധർമ്മാനുഷ്ഠാനത്തിൽ കാണിക്കുന്ന അലസത സൃഷ്ടികർത്താവായ ജഗദീശ്വരന്റെ നേരേ കാണിക്കുന്ന ഒരു അപരാധമാണെന്നും, ഉത്തമമായ ബ്രാഹ്മണകുലത്തിൽ ജനിച്ചയാളെന്ന സ്ഥിതിക്ക് അങ്ങനെ അലസത ഭാവിക്കുന്നതു് വലിയൊരു കൃത്യവിലോപമാണെന്നും ഉള്ള വിശ്വാസത്തോടുകൂടിത്തന്നെയാണ് അദ്ദേഹം ധർമ്മനിഷ്ഠയിൽ തൽപരനായിരുന്നതു്. ജന്മസാഫല്യം വരുത്തുന്നതിനു ഏററവും എളുപ്പമായമാർഗ്ഗം സ്വധർമ്മാനുഷ്ഠാനമാണെന്നു് ലോകത്തെ ബോദ്ധ്യപ്പെടുത്തുവാൻ പ്രഭു അവർകഠം അനവരതം ഉത്സാഹിച്ചിട്ടുണ്ടു്.

പ്രഭു അവർകളിൽ കാണുന്നതുപോലെ ഇത്രമാത്രം അടിയുറച്ച ഈശ്വരവിശ്വാസം ആംഗ്ലേയഭാഷാബിരുദ്ധകഠം സമ്പാദിച്ചിട്ടുള്ള മററാരിലെങ്കിലും കാണുവാൻ സാധിക്കുമോ എന്നുള്ളകാര്യം സംശയമാകുന്നു. ഈശ്വരാനുഗ്രഹം ഒന്നുകൊണ്ടുമാത്രമാണ് തനിക്ക് ജ്ഞാനദീപം ലബ്ധമായതു് എന്നു് അദ്ദേഹം എല്ലായ്പോഴും വിശ്വസിച്ചുകൊണ്ടിരുന്നു. ഈശ്വരസ്മരണയോടുകൂടിയല്ലാതെ പ്രഭു അവർകഠം യാതൊരു കാര്യവും പ്രാരംഭിക്കമായിരുന്നില്ല. വ്യാകരണശാസ്ത്രപ്രതിപാദിതങ്ങളായ തന്റെ ഗ്രന്ഥങ്ങഠംപോലും ഈശ്വരചിന്തനത്തോടുകൂടി മാത്രമേ അദ്ദേഹം പ്രാരംഭിച്ചിട്ടുള്ളൂ. വ്യാകരണമിത്രത്തിലെ പ്രാരംഭവാക്യങ്ങഠം നോക്കുക:—

"ഈശ്വരന്റെ മഹിമയെ എല്ലാപ്പോഴും എല്ലാടത്തും പ്രത്യക്ഷമായിക്കാണിച്ചുതരുന്ന ഈ വിശ്വത്തിലെ അത്യാശ്ചര്യകരങ്ങളായ സകല വസ്തുക്കളിലുംവച്ചു് അതിശ്രേഷ്ഠനായി ലോകശിരോമണിയായിരിക്കുന്നതു് മനുഷ്യനല്ലേ? ഈ സർവ്വോത്തമത്വത്തിനു കാരണം മനുഷ്യന്റെ വിചാരശക്തിയും ഭാഷാവൈഭവവും തന്നെ. ഇവയുടെ സാഹചര്യത്താൽ മനുഷ്യൻ പ്രകൃതിയുടെ

രഹസ്യങ്ങളെ ഗ്രഹിച്ചു, വിശ്വശക്തികളെ ജയിച്ചു, ലോകം ആസകലം സ്വാധീനമാക്കി, നാഗരികത്വത്തേയും അഭ്യുദയത്തേയും അത്യന്തം വദ്ധിപ്പിച്ച സൗഭാഗ്യാതിശയത്താൽ സാവ്വഭൌമ പദത്തിനു യോഗ്യനായി, ബുദ്ധിചാതുൎയ്യത്താൽ നിർമ്മിക്കുന്ന കൃതിയുടെ ചമൽക്കാരം പ്രൌഢത്വം രാമണീയകം മുതലായ ഗുണങ്ങളെ ഓൎത്തുനോക്കിയാൽ മനുഷ്യൻ ഈശ്വരാംശമാകുന്നു എന്ന വിശ്വാസത്തിനു പ്രാബല്യംകൂടും"

ബാലവ്യാകരണം തുടങ്ങുന്നതു് ഇപ്രകാരമാണു്:—

"1 ഈശ്വരൻ നമ്മെ രക്ഷിക്കട്ടെ. 2. ഈശ്വരനെ നാം എല്ലാഴ്പ്പോഴും വന്ദിക്കേണം. 3. ഈശ്വരനാൽ ലോകങ്ങൾ സൃഷ്ടിക്കപ്പെട്ടു 4 ഈശ്വരനോടു തുല്യനായിട്ടു് ആരുമില്ല. 5. ഈശ്വരന്നു് എല്ലാം ചെയ്യാൻ കഴിയും. 6. ഈശ്വരനിൽ നിന്നു നമുക്കു് ഗുണംകിട്ടുന്നു. 7. ഈശ്വരൻെറ ദയ ലോകത്തിൽ എങ്ങും കാണാം. 8. ഈശ്വരനിൽ വിശ്വസിച്ചുനടന്നാൽ നമുക്കു് ശ്രേയസ്സുണ്ടാകും. 9. ഈശ്വരാ നമ്മെ കാത്തുരക്ഷിക്കേണമേ. ഇവ ഒമ്പതും വാക്യങ്ങൾ ആകുന്നു. ഈ വാക്യങ്ങളിൽ ഈശ്വരനെക്കുറിച്ചു് നാം മനസ്സിൽ വിചാരിച്ചതിനെ വാക്കുകൾ കൊണ്ടു് അറിയിക്കുന്നു."

ഇങ്ങനെ അതിരററ ഈശ്വരവിശ്വാസത്തോടും ജഗദീശ്വരനിൽ നിഷ്കളങ്കമായ ഭക്തിയോടുംകൂടി ജീവിതംനയിക്കുന്ന ഒരുവനെ സന്മാഗ്ഗത്തിൽകൂടി മുന്നോട്ടുനടത്തി അവസാനം സച്ചിദാനന്ദത്തിൽ സംയോജിപ്പിക്കുവാൻ ഭക്തവത്സലനായ സച്ചിന്മയൻ സന്നദ്ധനാകുമെന്നുള്ളതു് നിസ്സംശയമാണല്ലോ.

താഴുന്നവൻ ഉയരും. പ്രഭു അവർകളുടെ താഴ്മ അഥവാ വിനയം ആണു് അദ്ദേഹത്തെ ഉയത്തിയതു്. വേദവേദാംഗാദികളിലും ശ്രുതിസ്മൃതിപുരാണേതിഹാസാദികളിലും വിവിധശാസ്ത്രങ്ങളിലും ബഹുഭാഷകളിലും അഗാധമായ പാണ്ഡിത്യം സമ്പാദിച്ചിരുന്നിട്ടും, താൻ ഒരു പണ്ഡിതനാണെന്നു് അദ്ദേഹം ഒരിക്കലും ഭാവിക്കുകയുണ്ടായിട്ടില്ല. ഇനിയും പലതും പഠിക്കേണ്ടിയിരിക്കുന്ന

ഒരു വിദ്യാർത്ഥി എന്ന നിലയിൽ മാത്രമേ അദ്ദേഹം മററുള്ളവരെ സമീപിച്ചിട്ടുള്ളൂ. കേരളപാണിനീയത്തെ വിമർശിക്കുവാനൊരുമ്പെട്ട അവസരത്തിലും, താൻ ഒരു വൈയാകരണനാണെന്നോ ഒരുവ്യാകരണഗ്രന്ഥത്തെ വിമർശിക്കുവാൻ തനിക്കു അധികാരമുണ്ടെന്നോ ഉള്ള ഭാവമല്ല, പ്രത്യുത, തനിക്കു തന്നെ വ്യാകരണസംബന്ധമായി കൂടുതൽ ജ്ഞാനം ലഭിക്കുവാൻ ആ ഉദ്യമം പ്രയോജനപ്പെട്ടുമല്ലോഎന്നുള്ള ആശയമാണ് അദ്ദേഹത്തിൽ പ്രകടീഭവിച്ചതു്. ഈ വിനയസമ്പത്തു് പൊതുജനങ്ങളെ ഹഠാദാകർഷിക്കുകയും അവരെ അദ്ദേഹത്തിൻെറ മിത്രങ്ങളാക്കിത്തീർക്കുകയും ചെയ്തു.

സ്വസമുദായത്തിനുംമാതൃഭാഷയ്ക്കും വേണ്ടി കഴിവുള്ളതെല്ലാം ചെയ്തിട്ടും, "സമുദായത്തിനുവേണ്ടി ഞാനിതേവരെ ഒന്നും ചെയ്തില്ലല്ലോ." എന്നദ്ദേഹം പരിതപിച്ചുകൊണ്ടിരുന്നു! "എൻെറ സമുദായത്തിനു പ്രത്യക്ഷമായ യാതൊരു സേവയും ഞാൻ ചെയ്തിട്ടില്ലല്ലോ എന്നുള്ള അനുതാപം എല്ലായ്പ്പോഴും എൻെറ മനസ്സിലുണ്ടു്." എന്നു് അദ്ദേഹം രേഖപ്പെടുത്തിയതു കണ്ടപ്പോൾ, അദ്ദേഹം തന്നെ വേദവ്യാസൻ എന്ന കൃതിയിൽ എഴുതിയിട്ടുള്ള "വേദാധികാരമുള്ളവർക്കു ശ്രൗതകർമ്മവും ജ്ഞാനനിഷ്ഠയും എളുപ്പമാക്കി, ഈ അധികാരമില്ലാത്തവർക്കു വേദത്തിൽ ഉപപാദിച്ച ജ്ഞാനവിഷയങ്ങളെ അനായാസേന ഗ്രഹിപ്പാൻവേണ്ടി മഹാഭാരതം നിർമ്മിച്ചു മോക്ഷമാർഗ്ഗങ്ങളെ ഉപദേശിച്ചുകൊടുത്തു. എന്നിട്ടും മഹർഷിക്കു ചാരിതാർത്ഥ്യം വന്നില്ല. മഹാഭാരതമെന്ന വ്യപദേശത്തോടുകൂടി ആമ്നായാർത്ഥം വിശദമാക്കി മോക്ഷമാർഗ്ഗം എല്ലാ മനുഷ്യർക്കും സുകരമാക്കിക്കൊടുത്തിട്ടും മനസ്സിൽ സംതൃപ്തിയും സ്വാസ്ഥ്യവും ഇല്ലാതെ വളരെ ചിന്താകുലനായി വേദവ്യാസൻ സരസ്വതീതീരത്തുചെന്നിരുന്നു." എന്ന ഭാഗമാണു് ഓർമ്മയിൽ വരുന്നതു്. ചെയ്ത ദാനംകൊണ്ടു് സംതൃപ്തിയടയുന്നവൻ യഥാർത്ഥത്തിൽ ദാതാവല്ലല്ലോ.

പ്രഭു അവർകൾ ഒരു ദരിദ്രകുടുംബത്തിലാണു് ജനിച്ചതു്. ധനധാന്യാദികളാണു് സമ്പത്തെന്ന പദംകൊണ്ടു് വിവക്ഷിക്ക

പ്പെടേണ്ടതെങ്കിൽ മരണകാലത്തും അദ്ദേഹം ഒരു സമ്പന്നനായിത്തീൎന്നിരുന്നില്ല എന്നു സമ്മതിക്കുകതന്നെവേണം. ജ്ഞാനത്തെ സമ്പത്തായി പരിഗണിക്കുന്നപക്ഷം അദ്ദേഹം കോടീശ്വരന്മാരെക്കാളും സമ്പന്നനായിരുന്നു എന്നുള്ളതിനും സംശയമില്ല. ഇഹലോകവാസികൾക്ക് ധനധാന്യാദികൾ അനുപേക്ഷണീയങ്ങളാകയാൽ അവയിലും അദ്ദേഹത്തിന്ന് ആശയില്ലാതിരുന്നില്ലെങ്കിലും ചരിത്രനായകൻ ആജീവനാന്തം ആശിച്ചതും പ്രവൎത്തിച്ചതും ജ്ഞാനധനത്തിനുവേണ്ടിയായിരുന്നു, അതദ്ദേഹത്തിന്ന് ധാരാളമായി ലഭിക്കുകയുംചെയ്തു. ധനധാന്യാദിസമ്പത്താണ് അദ്ദേഹം ശേഖരിച്ചുവച്ചിരുന്നതെങ്കിൽ അത് അദ്ദേഹത്തിൻെറ അനന്തരഗാമികളെ കൂടുതൽ ഛിദ്രിപ്പിക്കാൻമാത്രമേ ഉതകുമായിരുന്നുള്ളു. നശ്വരമായ ആ ധനത്തിൻെറ നിസ്സാരത മനസ്സിലാക്കി അദ്ദേഹം ജ്ഞാനസമ്പത്തിനായി അദ്ധ്വാനിച്ചു; അതദ്ദേഹത്തെ കീൎത്തിമാനാക്കി, ലോകത്തിന്ന് നന്മചെയ്വാൻ ആ ജ്ഞാനസമ്പത്ത് അദ്ദേഹത്തെ ശക്തനാക്കിത്തീൎക്കുകയും ചെയ്തു.

അഗാധമായ ജ്ഞാനസാഗരത്തിൽമുങ്ങി പ്രതിബന്ധങ്ങളെയെല്ലാം തട്ടിനീക്കി അതിൻെറ അടിത്തട്ടിൽചെന്ന് പ്രഭു അവർകൾ സ്വച്ഛന്ദം വിഹരിച്ചു. അവിടെനിന്നും ലഭിച്ച അനൎഘരത്നങ്ങൾ വാരിയെടുത്ത് ലോകോപകാരാൎത്ഥം അദ്ദേഹം എല്ലായിടത്തും വിതറി. നമ്മുടെ ഭാഗ്യദോഷംകൊണ്ട് അവയിൽ പലതും എങ്ങോ പോയ്മറഞ്ഞു. ചിലതൊക്കെ മങ്ങിമയങ്ങി അങ്ങിങ്ങായിക്കിടക്കുന്നു. അവയെ അന്വേഷിച്ചു കണ്ടുപിടിച്ചു സംയോജിപ്പിച്ച് വിശിഷ്ടമാല്യങ്ങളാക്കിത്തീൎക്കേണ്ട കടമ അദ്ദേഹത്തിൻെറ ആരാധകന്മാൎക്കുണ്ട്. ഇനിയും അതിന്ന് കാലതാമസം വരുത്തുന്നപക്ഷം അവ കണ്ടുപിടിച്ചെടുക്കുന്നതിനുള്ള വൈഷമ്യങ്ങൾ വൎദ്ധിക്കുകയേ ഉള്ളു.

താൻ അലസനായിരുന്ന് മററുള്ളവരെ പ്രവൃത്തിക്കായി പ്രേരിപ്പിക്കുന്ന സമ്പ്രദായം പലരിലും കാണാം. പ്രഭു അവർകൾ അക്കൂട്ടത്തിൽപ്പെടുന്ന ഒരാളായിരുന്നില്ല. തന്നെത്താൻ നിസ്തുല്യം

പ്രവൎത്തിക്കുകയും, അതിനുശേഷം മററുള്ളവരെ അതിലേയ്ക്കു് പ്രേ
രിപ്പിക്കുകയുംചെയ്യുന്ന സ്വഭാവമാണു് അദ്ദേഹത്തിനുണ്ടായിരു
ന്നതു്. ഏതുകാൎയ്യത്തിലും മററുള്ളവരെ പ്രേരിപ്പിക്കുന്നതിനു മുമ്
പായി അദ്ദേഹം അതു് സ്വയം പ്രവൎത്തിച്ചുതുടങ്ങും. ഒരു വേ
വേദാംഗ പാഠശാലയുടെ ആവശ്യം സമുദായത്തിനുണ്ടെന്നു് അ
ദ്ദേഹം കണ്ടു. അതിന്റെ പ്രാരംഭത്തിന്നു് മററുള്ളവരെ പ്രേരിപ്പി
ക്കുന്നതുമാത്രംകൊണ്ടു് പ്രയോജനമൊന്നുമുണ്ടാകുകയില്ലെന്നു് അ
ദ്ദേഹത്തിനു ബോദ്ധ്യമായി. ആ ക്ലേശം സ്വയം ഏറെറടുപ്പാന
അദ്ദേഹം ഒരുങ്ങി. നമ്മുടെ നിൎഭാഗ്യംകൊണ്ടു് അദ്ദേഹത്തിന്റെ
ആ ഉദ്യമം വേണ്ടത്ര ഫലപ്രദമായിത്തീരുന്നതിനു മുൻപുതന്നെ
അദ്ദേഹം ദിവംഗതനാവുകയാണുണ്ടായതു്.

ഇങ്ങനെ ജ്ഞാനസമ്പാദനത്തിലും വിദ്യാവിതരണത്തിലു
നിഷ്ണാതനായി, സമുദായത്തിനും നാട്ടിനുംവേണ്ടി ആത്മാൎപ്പണ
ചെയ്തു്, സൎവ്വദാ സൎവ്വശക്തന്റെ സ്മരണയോടുകൂടി കാലയാപനം
ചെയ്ത ഒരു മഹാൻ മരിക്കുകയോ; അതു സംഭവ്യമല്ല. ജ്ഞാനി
കൾ, ലോകോപകാരികൾ, ഭക്തന്മാർ തുടങ്ങിയുള്ള ജീവന്മുക്ത
ന്മാർ മരണമില്ലാത്തവരാണെന്നു് ശാസ്ത്രങ്ങൾ വിധിക്കുന്നു. അവ
രുടെ പരിപാവനാത്മാക്കൾ ജീൎണ്ണദേഹത്തെ പരിത്യജിച്ചു് സൂ
ക്ഷ്മശരീരികളായി വൎത്തിച്ചു് എന്നെന്നും ലോകത്തെ അനുഗ്രഹി
ച്ചുകൊണ്ടിരിക്കും. ശേഷഗിരിപ്പട്ടർ അവർകളുടെ ആത്മാവും അ
വിധത്തിൽ നമ്മുടെ ഓരോ പ്രവൃത്തികളിലും നമുക്കു് പ്രചോദനം
നല്കിയും നമുക്കുണ്ടാകുന്ന ഉൽക്കർഷാപകൎഷങ്ങളെ സൂക്ഷ്മമായി
വീക്ഷിച്ചും വൎത്തിക്കുന്നുണ്ടെന്നുള്ളതിനു സംശയമില്ല. അദ്ദേഹം
പ്രാരംഭിച്ച കാൎയ്യങ്ങളുടെ പുരസ്സരണത്താലും, അദ്ദേഹം കാണിച്ചി
ട്ടുള്ള ദൃഷ്ടാന്തങ്ങൾക്കും ഉപദേശങ്ങൾക്കും അനുസരണമായുള്ള ജീ
വിതക്രമത്താലും ആണു് അദ്ദേഹത്തിന്റെനേൎക്കുള്ള ഭക്തിബഹുമാ
നങ്ങളെ നാം. പ്രദൎശിപ്പിക്കേണ്ടതു്. അതിനുള്ള സന്മനസ്സും
സന്നദ്ധതയും നമുക്കുണ്ടാകുവാൻ സൎവ്വശക്തൻ നമ്മെ അനുഗ്രഹി
ക്കുമാറാകട്ടെ!

ശുഭമസ്തു

## 1130-ലെ പുതിയ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| പായസപാചകം—പാചകം | കെ. ഭാരതി അമ്മ | 0 | 6 |
| എൻെറ കാൽയാത്ര—സഞ്ചാരകഥ | വെണ്മണി ശങ്കരവാര്യർ | 1 | 0 |
| * ആനന്ദസാഗരം—നോവൽ | സി. മാധവൻപിള്ള | 2 | 8 |
| ചിരിച്ചുമരിച്ച സുന്ദരിമാർ—ഡിററക്റ്റീവ് | പി. എ. തമ്പി | 0 | 12 |
| ചിതറിയ ചോര—നാടകം | മണികണ്ഠൻ | 0 | 12 |
| കാണാത്ത നാടകം—നാടകം | ജി. വി. പുത്തനങ്ങാടി | 0 | 14 |
| ആത്മഹത്യയ്ക്കുശേഷം—നോവൽ | കെ. എം. തരകൻ | 0 | 14 |
| കാണാതായ രഹസ്യരേഖ—ഡിററക്റ്റീവ്. | ബി. ജി. കുറുപ്പ് | 1 | 12 |
| കോളജിലെ കാമുകൻ—നാടകം | പി. ഏ. പോൾ | 0 | 10 |
| പ്രേതങ്ങളുടെ താഴ്വര—ഡിററക്റ്റീവ് | ചന്ദ്രൻ ചേലാട്ട് | 1 | 4 |
| *ഭടൻെറ ഭാര്യ ഒന്നാംഭാഗം-നോവൽ. | സി. മാധവൻപിള്ള | 2 | 4 |
| ഗിരിജാകുമാരി—നോവൽ | ഇലാചന്ദ് ജോഷി | 3 | 0 |
| പണ്ഡിതസദസ്സ്—സാഹിത്യവിമർശം. | ഏ. ഡി. ഹരിശർമ്മ | 1 | 0 |
| *കഥാകുസുമങ്ങൾ—കഥകൾ | ആർ. സി. ശർമ്മ | 0 | 12 |
| കൃഷകനും നരകത്തിൽ—നാടകം | ടോൾസ്റ്റോയ് | 0 | 8 |
| ഭാഷാകവികൾ—ജീവചരിത്രം | ഏ. ഡി. ഹരിശർമ്മ | 1 | 4 |
| *അംബുജം—നീണ്ടകഥ | ഏ. ഡി. നാരായണശർമ്മ | 0 | 4 |
| അപസർപ്പകവീരൻ-ഡിററക്റ്റീവ്. | ടി. കെ. മാധവൻപിള്ള | 2 | 4 |
| അറബിക്കടലിലെ തലയോട്ട്. ടി | കിസാൻ | 1 | 0 |
| സരസ്വതി—നോവൽ | ബി. ജി. കുറുപ്പ് | 1 | 0 |
| വലക്കാരിയുടെ ഗതി—ഡിററക്റ്റീവ് | എം. ആർ. നാരായണപിള്ള | 1 | 8 |
| *വെണ്ണിലാവ്—നാടകം | സി. മാധവൻപിള്ള | 1 | 0 |
| ബാരിസ്റ്റർ ഹരിഹരൻ—ഡിററക്റ്റീവ് | ഡി. ആർ. തമ്പി | 0 | 12 |
| അവർ മനുഷ്യരായി—കഥകൾ | S. K. R. കമ്മത്ത് | 1 | 4 |
| കല്ലറയിലെ കൊല—ഡിററക്റ്റീവ് | ബി. ജി. കുറുപ്പ് | 2 | 0 |
| ബുധ്‌വാലി—കഥകൾ | എൻ. ഗോവിന്ദൻകുട്ടി | 1 | 4 |
| നടിയുടെ ചിത്രം—കഥകൾ | ദാസ് ചെറായി | 1 | 4 |

* പുതിയ പതിപ്പുകൾ

ശ്രീനരസിംഹവിലാസം ബുക്കുഡിപ്പോ, തുറവൂർ T.C.S.

# സാഹിത്യകുശലൻ ശേഷഗിരിപ്രഭു

ആർ. മാധവപ്പൈ

SREE NARASIMHA VILASAM BOOK DEPOT
THURAVOOR - T. C. S.

RE. 1-0-0

Indic Digital Archive Foundation
gpura.org